Since 1976 വില ₹ 10

ഫെബ്രുവരി – മാർച്ച് 2017

# ഐക്യദീപം
# Aikyadeepam





എഡിറ്റോറിയൽ

# editorial

മഴക്കൊരു പുഴയോളവും പുഴയ്ക്കൊരു കടലോളവും നീളുന്ന യാത്ര പോലെയാണ് ജീവിതം; അന്വേഷണങ്ങളുടെയും കണ്ടെത്തലുകളുടെയും ആകെതുകയാണത്. തേടിയലയുന്നതിനെ കണ്ടെത്തുവോളം ആകുലതകൾ കൂടെയുണ്ടാവും, കണ്ടെത്തി കഴിയുമ്പോൾ അനുഭവിക്കുന്ന ആത്മസംതൃപ്തിയോ വർണ്ണനാതീതവും. തൊണ്ണൂറ്റിയൊൻപതിനെയും മലയിൽ വിട്ടിട്ട് നഷ്ടപ്പെട്ട ഒന്നിനെ തേടിപോകുന്ന നല്ലയിടയന്റെ ഭാവമാണിത്. വിലപ്പെട്ടതിനെ മാത്രമെ നാം അന്വേഷിക്കൂ... കണ്ടെത്തുവോളം തേടിപോകൂ. തീർത്തും നിസാരമായതുപോലും വിലപ്പെട്ടത് ആകുന്നത് ചില നിലപാടുകളിലാണ്; നാം സ്വീകരിക്കുന്ന ജീവിതനിലപാടുകളിൽ. ഇതാ പുണ്യങ്ങൾ പെയ്തിറങ്ങുന്ന ഒരു നോമ്പുകാലം. നന്മയും വിശ്വാസവും കരുണയും സ്നേഹവുമൊക്കെ കടലോളം ഒഴുകിയെത്തേണ്ട ധന്യകാലം. നോമ്പുകാലം പരിത്യാഗങ്ങളുടെ പൂമൊട്ടുകളെയാണ് വിരിയിക്കുന്നത്. അവ നമ്മിൽ കുഞ്ഞുപൂക്കളായി വിടരുവോളം കാത്തിരിക്കുക, നോമ്പിന്റെ വഴിയിലൂടെ നടക്കുക.

കുരിശിൽ വിരിയുന്ന യാഥാർത്ഥമാണ് ഉത്ഥാനം. ഈ യാത്രയുടെ അന്ത്യം ഉത്ഥാനമെങ്കിൽ നോമ്പ് അനിവാര്യമായ വഴിയാണ്. ഏകാന്തതയും അനാഥത്വവും ആത്മവിലാപങ്ങളും ആവാം കാൽവരിയാത്രയുടെ നിമിഷങ്ങൾ ചിലപ്പോൾ സമ്മാനിക്കുന്നത്, എന്നാൽ അവയെല്ലാം ഉത്ഥാനത്തിന്റെ ഉണർത്തുപാട്ടുകളാകും; അതാണ് കാൽവരി കണ്ട സത്യം. തളരുമ്പോൾ, തീർത്തും തളർന്ന് നിസഹായനാകുമ്പോൾ അകലെ കാണുന്ന ആ ശുഭദിനത്തിൽ പ്രത്യാശ വെയ്ക്കാം... കാരണം ഉത്ഥാനം അകലെയല്ല.

കഴിഞ്ഞുപോയ നാളുകളെ നന്ദിയോടെ ഓർമ്മിക്കട്ടെ... ഐക്യദീപത്തിന് രൂപവും ഭാവവും നൽകുവാൻ ഈറ്റുനോവ് അനുഭവിച്ചവരെയും വായിച്ചും പ്രോത്സാഹിപ്പിച്ചും വഴി നടത്തിയും തിരുത്തിയും ചിന്തിപ്പിച്ചും കൂടെ നടന്നവർക്ക് ഹൃദയപൂർവ്വം നന്ദി... പടിയിറങ്ങുന്നു, ആത്മസംതൃപ്തിയോടെ... നന്ദിയോടെ... പ്രാർത്ഥനയോടെ... സ്നേഹപൂർവ്വം വാക്കുകൾക്ക് വിരാമം.

# ഐക്യദീപം
Aikyadeepam

ഫെബ്രുവരി – മാർച്ച് 2017

പുസ്തകം 48 ലക്കം 2 – 3



രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ


സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ
കോർ എപ്പിസ്ക്കോപ്പാ

ഓഫീസ് സ്റ്റാഫ്
എബിൻ തോമസ്

ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ

## ഉള്ളടക്കം


02 എഡിറ്റോറിയൽ

04 ഇടയശബ്ദം

08 നോമ്പ് സ്നേഹത്തിലുള്ള ശിക്ഷണം
ഡോ. കുര്യാക്കോസ് കോർഎപ്പിസ്ക്കോപ്പ മൂലയിൽ

11 ജൂനിയർ മോസസ്
സമീക്ഷ

14 നവതിയുടെ നിറവിൽ
ചെറിയാൻ താഴമൺ

16 കേരളത്തിന്റെ 60 വർഷങ്ങൾ
മീരാകൃഷ്ണ

20 കേരള ക്രൈസ്തവ സഭ ബാബേൽ അനുഭവത്തിൽ നിന്ന് മുക്തമാകണം
ഫാ. ജോർജ് തേക്കടയിൽ

24 അറിയാതെ പോകുന്നത്
സി. എലൈസ് മേരി എഫ്. സി.സി.

27 ആരോഗ്യം
ഡോ. സജി ചെറിയാൻ

30 പരിശുദ്ധാത്മാവിന്റെ വീണയായ മാർ അപ്രേം
ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ

30 വിശ്വാസിയുടെ വിലാപം
അനിയൻ ഞാഴിശ്ശേരിൽ

35 ഉള്ളതു പറഞ്ഞാൽ
അഡ്വ. വിനോദ് മാത്യു വിൽസൺ



Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB


Printing at:
Dona Offset, Kottayam

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex , Kacheripady, Tiruvalla-1. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

## ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്



# മതങ്ങൾ മാനവ നന്മയ്ക്കും ദൈവമഹത്വത്തിനും

ലോകം ഇക്കഴിഞ്ഞ പത്തറുപതു വർഷങ്ങളായി കൂടുതൽ ഇരുളിലേക്കു നീങ്ങി എന്നേ കരുതാനാവു. ശാസ്ത്രം, സാങ്കേതിക ശാസ്ത്രം വിശേഷിച്ചും, വളരെ മുന്നേറി. പക്ഷേ ശാന്തിയും സമാധാനവും സന്തോഷവും വർദ്ധിച്ചില്ലെന്നല്ല, കുറയുകതന്നെ ചെയ്തു.

നമ്മുടെ നാട്ടിലെ കഥതന്നെ നോക്കൂ. സാക്ഷരത നൂറു ശതമാനമായി, ഭൗതിക പുരോഗതി ഏറെ ഉണ്ടായി ആയുർദൈർഘ്യം വർദ്ധിച്ചു, ദാരിദ്രം മിക്കവാറും പോയി, ഐക്യകേരളം പിറന്നു. പക്ഷേ, ആളുകൾ തമ്മിലുള്ള ഐക്യം വർദ്ധിച്ചുവോ? ഇല്ല കൊലപാതകങ്ങളുടെയും റോഡപകടങ്ങളുടെയും ആത്മഹത്യകളുടെയും സംഖ്യ പെരുകുകയും ചെയ്തു.

കൂരിരുട്ടിലേയ്ക്ക് കൂടുതൽ കൂടുതൽ നീങ്ങുന്ന ലോകത്തിന് അങ്ങകലെ പ്രകാശം തെളിഞ്ഞല്ലെങ്കിലും കാണാൻ കഴിയുന്നു എന്നതാണ് പ്രത്യാശയ്ക്കു വക നൽകുന്ന കാര്യം. ഇനിയുമെത്ര ഇരുളാഴങ്ങളിലേയ്ക്ക് പോയാലാണ് മടക്കയാത്ര സാധ്യമാണെന്നും അനിവാര്യമാണെന്നും അറിയുക. മനുഷ്യൻ എന്നൊരു വർഗം ഭൂമുഖത്തുണ്ടായത് തന്റെ മുഴുവൻ വംശത്തെയും ഒപ്പം ഭൂമിയുടെ ജീവമണ്ഡ

എന്നു മാത്രമല്ല, വിഭാഗീയതകളുടെയും രാഷ്ട്രീയ സാമുദായിക സംഘർഷങ്ങളുടെയും മനോരോഗികളുടെയും അനാരോഗ്യക്കാരുടെയും തട്ടിപ്പുകാരുടെയും രോഗങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും



ലത്തെയും നശിപ്പിച്ച് ദയനീയമായി സ്വയം അവസാനിക്കാനാവില്ല എന്നു നിശ്ചയം. ഇവിടെയാണ് ഈ മതസമന്വയ സംഗമത്തിന് പ്രസക്തി.

സുദർശന ഹോമപൂജയുടെ അന്ത്യത്തിൽ ആലപിക്കുന്ന മംഗളമന്ത്രം എത്ര സുന്ദരമാണ്. ലോകാസമസ്താ സുഖി നോ ഭവന്തു: ഹൈന്ദവ സംസ്കൃതിയുടെ ഉദാത്തമായ ഭാവമാണ് ഈ മന്ത്രത്തിൽ നാം കേൾക്കുന്നത്. വിശുദ്ധ ബൈബിളിൽ (ലൂക്കാ. 6 :31) സുവർണ നിയമം എന്നു കരുതുന്നത്. മറ്റുള്ളവർ നിന്നോട് ചെയ്യാൻ ആഗ്രഹിക്കുന്നത് നീ തന്നെ അവർക്ക് ചെ യ്യുക. കർത്താവേ, കർത്തവേ,...... എന്ന് വിളിക്കുന്നവൻ അല്ല എന്റെ സ്വർഗ്ഗസ്ഥ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണ് എന്റെ ശിഷ്യൻ . അന്ത്യവിധിയിൽ ഉള്ള ചോദ്യം വിശക്കുന്നവന് ഭക്ഷണം കൊടുത്തുവോ ? ദാഹിക്കുന്നവന് കുടിക്കുവാൻ കൊടുത്തു വോ? പരദേശിക്ക് പാർപ്പിടം ഒരുക്കി യോ? രോഗിയെ ശുശ്രൂഷിച്ചുവോ ? കാരാ

ഗ്രഹത്തിൽ ആയവനെ കണ്ടുവോ ? നഗ്നനെ ഉടുപ്പിച്ചുവോ ? എന്നതാണ് എന്ന് കർത്താവ് വ്യക്തമായി പറയുന്നു.

മതപരമായ നമ്മുടെ പാരമ്പര്യങ്ങൾ വ്യത്യസ്തമാണ്. എന്നാൽ ഈ വ്യത്യസ്തതകൾ വാദപ്രതിവാദങ്ങൾക്കോ അകൽച്ചകൾക്കോ സംഘട്ടനങ്ങൾക്കോ കാരണമല്ല. ചരിത്രത്തിൽ പലപ്പോഴും അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ തന്നെ, ഇന്ന്, നാം ചേരിതിരിഞ്ഞല്ല പ്രാർത്ഥിച്ചത്. മതവ്യത്യസ്തതകളും തനിമയും നിലനിർത്തിക്കൊണ്ടുതന്നെ ഒന്നിച്ചിരുന്നും പരസ്പരവും നാം പ്രാർത്ഥിക്കുന്നു, വിചിന്തനം ചെയ്യുന്നു. ചരിത്രത്തിൽ മുമ്പ് എന്നതിനെക്കാൾ ഇന്ന്, ആന്തരീകവും സത്യസന്ധവുമായ ബന്ധവും, മതപരമായ ആഭിമുഖ്യങ്ങളും, സമാധാനത്തിനുവേണ്ടിയുള്ള വർദ്ധിച്ച ത്വരയും, ഏവരിലും ഏറെ പ്രകടമാണ്. സമാധാനത്തിൽ ഇവിടെ ഒന്നിച്ചിരിക്കുന്ന നാം സാഹോദര്യത്വമുള്ള ഒരു കൂട്ടായ്മയിൽ വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു. ലോകമെമ്പാടുമുള്ള വ്യത്യസ്ത മതവിഭാഗത്തിൽപ്പെട്ട സ്ത്രീ പുരുഷന്മാർ ഒന്നിച്ചുകൂടി, സംഘർഷമുള്ള സ്ഥലങ്ങളിൽ സമാധാനം പരിപോഷിപ്പിക്കണം എന്നാണ് നാം ആഗ്രഹിക്കുന്നത്. സഹവസിക്കുന്നതിലാണ് മനുഷ്യരാശിയുടെ ഭാവികുടികൊള്ളുന്നത്. ഇക്കാരണത്താൽ പരസ്പര വിശ്വാസമില്ലായ്മയുടെയും മതമൗലികതയുടെയും വിദ്വേഷത്തിന്റെയും വർദ്ധിച്ച ഭാരത്തിൽ നിന്ന് വിമുക്തി പ്രാപിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. സമാധാനം രൂപപ്പെടുത്തുവാൻ ദൈവമുമ്പാകെ പ്രാർത്ഥിക്കുന്നവരും, അതിനുവേണ്ടി മാനവരാശിയുടെ മുമ്പാകെ പ്രവർത്തിക്കുന്നവരും ആകണം വിശ്വാസികൾ. മതനേതാക്കന്മാർ എന്നനിലയിൽ നാം പരസ്പര ചർച്ചയിലൂടെ ബന്ധങ്ങൾ ശക്തമാക്കുന്നവരും, സമാധാനത്തിനുവേണ്ടി ക്രിയാത്മകമായി മാദ്ധ്യ സ്ഥം വഹിക്കുന്നവരുമാകണം.

**മതപരമായ നമ്മുടെ പാരമ്പര്യങ്ങൾ വ്യത്യസ്തമാണ്. എന്നാൽ ഈ വ്യത്യസ്തതകൾ വാദപ്രതിവാദങ്ങൾക്കോ അകൽച്ചകൾക്കോ സംഘട്ടനങ്ങൾക്കോ കാരണമല്ല. ചരിത്രത്തിൽ പലപ്പോഴും അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ തന്നെ, ഇന്ന്, നാം ചേരിതിരിഞ്ഞല്ല പ്രാർത്ഥിച്ചത്. മതവ്യത്യസ്തതകളും തനിമയും നിലനിർത്തിക്കൊണ്ടുതന്നെ ഒന്നിച്ചിരുന്നും പരസ്പരവും നാം പ്രാർത്ഥിക്കുന്നു, വിചിന്തനം ചെയ്യുന്നു.**



മതം എന്നത് ഒരു തത്വ ചിന്തയോ ചില ആചാരാനുഷ്ഠാനങ്ങളോ കേവലം ശൈലികളോ അല്ല. മറിച്ച് അതിന്റെ അന്തഃസത്ത പരസ്പര സ്നേഹത്തിലും ആദരവിലും ആണ്.

അടുത്തുനിൽപ്പോരനുജനെ നോക്കാൻ അക്ഷികളില്ലാത്തോർക്കരൂപനീശ്വരൻ അദൃശ്യനായാലതിലെന്താശ്ചര്യം ?

പരസ്പരം അവിശ്വസിക്കുന്നതിൽ നിന്നും മതമൗലികതയിൽ നിന്നും വിദ്വേഷത്തിൽ നിന്നും വിമുക്തരാകുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. മാനവജനതയുടെ ഇടയിലുള്ള പ്രവർത്തനത്തിലും ദൈവത്തോടുള്ള തങ്ങളുടെ പ്രാർത്ഥനയിലും സമാധാനം രൂപപ്പെടുത്തുവാൻ വിശ്വാസികൾക്ക് കടമയുണ്ട്. ശക്തമായ സംവാദങ്ങളിൽ ഏർപ്പെടുന്നതിനും ക്രിയാത്മകമായ സമാധാനത്തിന്റെ മദ്ധ്യസ്ഥരാകുന്നതിനും മതനേതാക്കന്മാർ എന്ന നിലയിൽ നമുക്ക് കടമയുണ്ട്. ക്രിസ്തീയ ദർശനത്തെക്കുറിച്ച് ചുരുക്കമായി പ്രതിപാദിക്കാൻ ആഗ്രഹിക്കുന്നു.

നമുക്കറിയാവുന്നതുപോലെ ക്രിസ്തീയ സന്ദേശത്തിന്റെ ഹൃദയമായ കരുണയെപ്പറ്റിയുള്ള പരിചിന്തനത്തിന് കത്തോലിക്കാ സഭ ഒരു വർഷം മുഴുവൻ ഇതിനായി നീക്കിവെച്ചു. കരുണ എന്നത് നമ്മെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ നാമം വെളിപ്പെടുത്തുന്നതാണ്. അത് സഭാജീവിതത്തിന്റെ യഥാർത്ഥ അടിസ്ഥാനമാണ് (കരുണയുടെ മുഖം

10). ക്ഷമയും സമാധാനവും ഇന്നും ഏറെ ആവശ്യമുള്ള മനുഷ്യനേയും മാനവകുലത്തെയും അറിയാനുള്ള താക്കോലും അതുതന്നെയാണ്.

കരുണ എന്ന ദിവ്യരഹസ്യം കേവലം വാക്കുകളിൽ ആഘോഷിക്കേണ്ടതല്ല; സർവ്വോപരി കരുണാർദ്രമായ പ്രവൃത്തിയിലും സഹോദര്യ ശുശ്രൂഷയിലും ആത്മാർത്ഥമായ പങ്കുവയ്പ്പിലും ഊന്നി നിൽക്കുന്ന നിർമമസ്നേഹത്തിൽ പ്രകടമാകേണ്ടതാണ്. എല്ലാ മനുഷ്യരിലും ഐക്യവും സ്നേഹവും വളർത്താനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗമായി ഈ ജീവിത ശൈലി വളർത്തുവാൻ എല്ലാവരും ആഗ്രഹിക്കണം . തർക്കങ്ങളും ഭിന്നതകളും വിഭജനങ്ങളും അസഹിഷ്ണതയും വളർത്തുന്നവർക്കെതിരെ, സമാധാനത്തിന്റെ ദൂതന്മാരും ഐക്യത്തിന്റെ പ്രവർത്തകരും ആകുവാനുമാണ് ഈ കാലഘട്ടത്തിൽ



മതങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഒന്നിച്ച് കണ്ടുമുട്ടുന്നതിനുള്ള വേദികൾ ആത്മാർത്ഥമായി കണ്ടെത്തുവാൻ നമുക്ക് കടമയുണ്ട് ; ചർച്ചകളിൽ തുറവിയുണ്ടാകുവാനും പരസ്പരം കൂടുതൽ മനസ്സിലാക്കുവാനും സങ്കുചിതത്വത്തിന്റെയും അനാദരവിന്റെയും ഏത് ഭാവങ്ങളും ഒഴിവാക്കുവാനും അത് വഴിയൊരുക്കും. അത് ഏത് വിധത്തിലുള്ള എതിർ പ്പിനേയും സംഘർഷത്തേയും പക്ഷപാതിത്തത്തേയും ആട്ടിയകറ്റും (മിസരിക്കോർദിയ വുൾത്തൂസ് 23). ഇത് ദൈവത്തിന് പ്രസാദകരമാണ്. ഇന്നത്തെ ആവശ്യങ്ങളോട് പ്രതികരിക്കുക മാത്രമല്ല സത്യസന്ധമായ എല്ലാ മതങ്ങളുടെയും ആത്മാവായി വർ ത്തിക്കുന്ന സ്നേഹത്തിന്റെ കല്പന പാലിക്കുവാൻ അത് നമ്മോട് ആവശ്യപ്പെടുന്നു.

ഈ കാലഘട്ടതിലെ കരുണയുടെ വലിയ സാന്നിദ്ധ്യമാണ് ലോകത്തിന് മുമ്പിൽ ഫ്രാൻസ്സിസ് മാർ പാപ്പായുടെത് അനുകമ്പയും അക്രമരാഹിത്യവും പരസ്പരാദരവും ജീവിത ശൈലിയുടെ അവിഭാജ്യ ഘടകങ്ങളായ മതങ്ങൾക്കും സാംസ്കാരിക പാരമ്പര്യങ്ങൾക്കും കരുണ എന്ന പ്രമേയം പരിചിതമാണ്. ബലഹീനന്റെയും ആവശ്യക്കാരന്റെയും മുമ്പിൽ അനുകമ്പാർദ്രമായ സ്നേഹത്തോടെ കുനിയുവാൻ കഴിയുന്നത് മതത്തിന്റെ സത്യസന്ധമായ അരൂപിയാണ്. മറ്റുള്ളവരെ സഹോദരി സഹോദരന്മാരായി അത് കാണുന്നു. രോഗാവസ്ഥ , അംഗവൈകല്യം, ദാരിദ്രം, അനീതി, സംഘർഷത്തെ തുടർന്നുള്ള പ്രശ്നങ്ങൾ കുടിയേറ്റം പോലെയുള്ള സാഹചര്യങ്ങളിൽ കഴിയുന്നവർ എന്നിവരോട് ഫലപ്രദമായി ഇടപെടുവാൻ അത് നമ്മെ സഹായിക്കുന്നു. സത്യസന്ധമായ എല്ലാ മതപാരമ്പര്യങ്ങളും ഹൃദയപൂർവ്വം നല്കുന്ന അനുശാസനമാണിത്. സ്വാർത്ഥതയെ ദൂരീകരിക്കുവാനും തുറവി ഉള്ളവരാകുവാനും നമ്മെ ക്ഷണിക്കുന്നതും എല്ലാ മനുഷ്യന്റെയും മനസാക്ഷിയിൽ പ്രതിധ്വനിക്കുന്നതുമായ ദൈവശബ്ദമാണത്. ആർദ്രതയും തുറവിയുമുള്ള ഒരു ഹൃദയം നമുക്കുണ്ടാവണം എന്ന അനുശാസനമാണ് കരുണ എന്ന വാക്ക് നൽകുന്നത്. മിസരിക്കോർദിയ എന്ന ലത്തീൻ വാക്കിൽ നിന്നാണ് കരുണ എന്ന വാക്കിന്റെ ഉത്ഭവം. കഷ്ടതയോടും കഷ്ടപ്പെടുന്നവരോടും സംവേദനത്വമുള്ള ഒരു മനസ്സ് എന്നാ ണ് മൂലഭാഷയിലുള്ള അതിന്റെ അർത്ഥം. അപരന്റെ ക്ലേശങ്ങളിൽ പങ്കുചേരുന്നത് വഴി നിസ്സംഗ തയെ ഉല്ലംഘിക്കുക എന്നാണ് ഇതിന്റെ വാച്യാർ ത്ഥം. അറബിക്, ഹീബ്രു തുടങ്ങിയ സെമറ്റിക് ഭാഷകളിൽ **റഹം** എന്നമൂലപദമാണ് ഇതിന് തത്തുല്യമായിട്ടുള്ളത്. അമ്മയുടെ ഉദരത്തോടും ദൈവത്തിന്റെ കരുണയോടും ബന്ധപ്പെട്ട് ഉപയോഗിക്കുന്നത് ഈ ഒരു പദം തന്നെയാണ്. മനുഷ്യസ്നേഹത്തിന്റെ അഗാധമായ സ്രോതസും, താൻ ജനനം നൽകുന്ന കുഞ്ഞിനോട് ഒരു അമ്മയ്ക്കുള്ള അഗാധമായ സ്നേഹവായ്പ്പുമാണ് ഈ പദം വിവക്ഷിക്കുന്നത്.


നമ്മുടെ ലംഘനങ്ങളെ പൂർണമായി ക്ഷമിക്കുന്ന ദൈവത്തിന്റെ അനന്തകരുണയാൽ, വിനയപൂർവ്വവും ദൈവശരണത്തോടുകൂടിയും അനുരഞ്ജിതരായി, കരുണയുടെ വർഷത്തിന്റെ വിശുദ്ധ കവാടത്തിലൂടെ കടക്കുക എന്ന അർത്ഥപൂർണമായ ശുശ്രൂഷയാണ് വിശുദ്ധ വർഷത്തിൽ കത്തോലിക്ക വിശ്വാസികളായ ഞങ്ങൾ ചെയ്തത്. നമ്മോട് തെറ്റ് ചെയ്യുന്ന സഹോദരി സഹോദരന്മാരോട് പൂർണ്ണമായി ക്ഷമിക്കണം എന്ന് (മത്തായി 6:12) ഇത് ആവശ്യപ്പെടുന്നു. ദൈവം നൽകുന്ന പാപക്ഷമ നാം സ്വീകരിക്കുന്നത്, മറ്റുള്ളവരുമായി അത് പങ്കുവയ്ക്കുന്നതിനുവേണ്ടിയാണ് – ക്ഷമനൽകുന്നതിനുവേണ്ടിയാണ്. മറ്റൊരുവന് നമുക്ക് നൽകുവാൻ കഴി

യുന്ന ഏറ്റവും അഭികാമ്യമായ ദാനം, ക്ഷമനൽകുക എന്നതാണ്; കാരണം അത് അമൂല്യമാണ്. ഒപ്പം നമ്മെ ഏറ്റവുമധികം ദൈവസദൃശ്യരാക്കുന്നതും ആ പുണ്യം തന്നെ.

നാം തിരഞ്ഞെടുക്കേണ്ടപാത ഇതായിരിക്കട്ടെ. ലക്ഷ്യമില്ലാത്തതും സങ്കുചിതമനസുള്ളതുമായ അനൈക്യത്തിന്റെ പാതയെ ഉപേക്ഷിക്കുവാനും നമുക്ക് കഴിയട്ടെ. തങ്ങളുടെ ചില അനുയായികളുടെ കാരുണ്യസ്പർശമില്ലാത്ത പെരുമാറ്റം മൂലം, വികലമായ സന്ദേശം പകർന്നുകൊടുക്കുവാൻ മതങ്ങൾക്ക് ഇനി ഒരിക്കലും ഇടവരാതിരിക്കട്ടെ. ദുഃഖകരമെന്നുപറയട്ടെ, സംഘർഷത്തിന്റെയും സംഘട്ടനത്തിന്റെയും തട്ടിക്കൊണ്ടുപോകലിന്റെയും ഭികരാക്രമണത്തിന്റെയും കൊലയുടെയും നശീകരണത്തിന്റെയും വാർത്തകേൾക്കാതെ കടന്നുപോകുന്ന ഒരു ദിവസവുമില്ല. ഇത്തരത്തിലുള്ള കാടത്തത്തെ നീതീകരിക്കുവാൻവേണ്ടി ഒരു മതനാമമോ ദൈവനാമം തന്നെയോ ഉപയോഗിക്കുന്നത് അപലപനീയമാണ്. ദൈവനാമം അശുദ്ധമാക്കുന്നതും മനുഷ്യവംശത്തിന്റെ മതാത്മകദാഹം മലിനമാക്കുന്നതുമായ പാതകങ്ങളെ വ്യക്തമായി തള്ളിപ്പറയുവാൻ നമുക്ക് കഴിയട്ടെ. പകരം വിശ്വാസികളുടെ സമാധാനപരമായ കൂടിക്കാഴ്ച്ചകളും ആത്മാർത്ഥമായ മതസ്വാതന്ത്ര്യവും എല്ലായിടത്തും പരിപോഷിതമാകട്ടെ.ഇവിടെ ദൈവത്തിന്റെയും മാനവജാതിയുടെയും ഭാവിയുടെയും മുമ്പിലുള്ള നമ്മുടെ ഉത്തരവാദിത്വം വലുതാണ്; നാട്യമോ ലാഘവത്വമോ ഇല്ലാത്ത സത്യസന്ധമായ പരിശ്രമം ഇവിടെ ആവശ്യമാണ്. അത് നമ്മെ വെല്ലുവിളിക്കുന്ന ഒരു ഉത്തരവാദിത്തവും പൊതുനന്മയ്ക്കുവേണ്ടി പ്രത്യാശയോടെ നാം ഒന്നിച്ചെടുക്കേണ്ട തീരുമാനവുമാണ്.

**പരോപകാരമേ പുണ്യം**
**പാപമോ പരപീഢനം**

## എം. സി. എ. തിരുവല്ല അതിരൂപത ഭാരവാഹികൾ 2017–2018



**ജോജി വിഴലിൽ**



**ബിനു ഏബ്രഹാം**



**സുരേഷ് വർഗീസ്**



**ശോശാമ്മാ തോമസ്**



**അനില ഫ്രാൻസിസ്**



**മിനി ഡേവിഡ്**



**എ. ഡി. ജോൺ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | : ശ്രീ. ജോജി വിഴലിൽ | (നിരണം – ആലന്തുരുത്തി) | 9446052494 |
| വൈസ് പ്രസിഡന്റ് | : ശ്രീ. ബിനു ഏബ്രഹാം | (തിരുവല്ല – പായിപ്പാട്) | 9961581184 |
| | : ശ്രീമതി. ശോശാമ്മാ തോമസ് | (റാന്നി – കളമ്പാല) | 9447417988 |
| | : ശ്രീമതി. അനില ഫ്രാൻസിസ് | (വെണ്ണിക്കുളം – വെണ്ണിക്കുളം) | 9495114112 |
| ജന: സെക്രട്ടറി | : ശ്രീ. സുരേഷ് വർഗീസ് | (മുണ്ടിയാക്കൽ, കോട്ടയം) | 9447620463 |
| സെക്രട്ടറി | : ശ്രീമതി. മിനി ഡേവിഡ് | (തിരുവല്ല, പെരിങ്ങര) | 9947620463 |
| ട്രഷറർ | : ശ്രീ. എ. ഡി. ജോൺ | (മല്ലപ്പള്ളി – മല്ലപ്പള്ളി) | 9447748787 |




# നോമ്പ്: സ്നേഹത്തിലുള്ള ശിക്ഷണം

ഡോ. കുര്യാകോസ് കോർഎപ്പിസ്ക്കോപ്പ മൂലയിൽ


**ആമുഖം**

സുറിയാനി പാരമ്പര്യത്തിലുള്ള ഏറ്റം പ്രധാനപ്പെട്ട വലിയ നോമ്പ് ആരംഭിക്കുകയാണ്. നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ സന്ദേശവും സമാധാനവും സ്വായത്തമാക്കുവാനും പുതുജീവന്റെ പങ്കാളിത്തം അനുഭവിക്കുവാനുമുള്ള ഒരുക്കമാണ് വലിയ നോമ്പ്. ഏഴ് ആഴ്ചകൾ നീണ്ടു നിൽക്കുന്ന ഈ പ്രത്യേക വ്രതാനുഷ്ഠാനം ആത്മതപനത്തിനും ആത്മപരിശോധനയ്ക്കും ആത്മസമർപ്പണത്തിനുമുള്ള ഒരുക്കമാണ്.നോമ്പും വ്രതാനുഷ്ഠാനങ്ങളും എല്ലാ മതങ്ങളിലും പ്രാചീനസംസ്കാരങ്ങളിലും നിലനിന്നിരുന്നതാണ്. യഹൂദാ മതപശ്ചാത്തലത്തിൽ നോമ്പും ഉപവാസവും നിറഞ്ഞുനിന്നിരുന്നതായി പഴയനിയമത്തിൽ കാണുന്നു. ആഴ്ചയിൽ രണ്ടുദിവസം ഉപവസിക്കുക എന്നത് തങ്ങളുടെ മതനിഷ്ഠയുടെ ലക്ഷണമായി പരീശർ കണ്ടിരുന്നു (ലൂക്കോസ് 18:12). ഏശായ പ്രവചനം യഹൂദന്മാരുടെ ഉപവാസത്തെക്കുറിച്ച് പ്രതിപാദിക്കുന്നു(58:3–7)നമ്മുടെ കർത്താവ് തന്നെ 40 ദിവസത്തെ കഠിനമായ ഉപവാസം അനുഷ്ഠിച്ചതായി മത്തായി 4:2 ൽ രേഖപ്പെടുത്തിയിരിക്കുന്നു. യഹൂദാമതത്തിൽ നിന്ന് ക്രൈസ്തവരും പിന്നീട് മുസ്ലീം പാരമ്പര്യത്തിലും നോമ്പും ഉപവാസവും അനുഷ്ഠിക്കുന്ന പതിവുണ്ടായി. ഭാരതീയ ചിന്തയിലും ഉപവാസവും വ്രതാനുഷ്ഠാനങ്ങളും ആത്മിക നിർവൃതിയുടെ അടിസ്ഥാന മാർഗങ്ങളായി സ്വീകരിച്ചിരുന്നു എന്നുഗ്രഹിക്കുവാൻ കഴിയും. പ്രകൃതിയിലേക്കു നോക്കിയാൽപോലും പ്രാതികൂല്യങ്ങളെ അതിജീവിക്കുവാനുള്ള തയ്യാറെടുപ്പെന്ന നിലയിൽ വർജന മാതൃകകൾ കാണുവാൻ കഴിയും. പ്രതികൂല കാലാവസ്ഥകളെ നേരിടുമ്പോൾ വൃക്ഷകൾ ഇല കൊഴിച്ചും മൃഗങ്ങൾ ഭക്ഷണം വെടിഞ്ഞും അതിജീവനമാർഗങ്ങൾ തേടുന്നു. പനിക്കു പട്ടിണി മരുന്ന് എന്നൊരു പഴമൊഴിയും മലയാളത്തിലുണ്ട്. ചുരുക്കത്തിൽ, വർജനം ശരീരത്തിന് പ്രാതികൂല്യങ്ങളെ അതിജീവിക്കുവാൻ പ്രയോജനകരമാണ് എന്നു മനസ്സിലാക്കുവാൻ കഴിയും ശരീരത്തിനു ഇത് പ്രയോജനകരമായിരിക്കുന്നതുപോലെ തന്നെ ആത്മികശിക്ഷണം മനസ്സിലും ആത്മാവിനും എത്രഅധികം പ്രയോജനകരമാണെന്നു സഭാപാരമ്പര്യത്തിൽ നിന്നും നമുക്ക് ഗ്രഹിക്കുവാൻ കഴിയും. മലയാള ഭാഷയിൽ നോമ്പ് എന്നും ഉപവാസം എന്നും രണ്ട് പദങ്ങളും അർത്ഥങ്ങളും ഉണ്ട്.സസ്യഭക്ഷണം മാത്രമായി നിഷ്ക്കർഷിക്കുന്നത് നോമ്പായും ഭക്ഷണംതന്നെ ഉപേക്ഷിക്കുന്നത് ഉപവാസമായും കരുതുന്നു. സുറിയാനി ഭാഷയിൽ നാം ഉപയോഗിക്കുന്ന സൗമൊ എന്ന പദത്തിന്റെ അർത്ഥം ഇതുരണ്ടും ചേർന്നതാണ്. ആകയാൽ സുറിയാനി പാരമ്പര്യത്തിൽ ഉപേഷണവും വർജനവും ചേർന്നതാണ്. നോമ്പനുഷഠാനം എന്നതു നാം മനസ്സിലാക്കണം.

**മതോപദേശസാരങ്ങൾ**

നോമ്പിനെക്കുറിച്ച് സഭാപാരമ്പര്യത്തിൽ ഊന്നി നിന്നുകൊണ്ട് മതോപദേശസാരങ്ങളിൽ(15 –ാംസംഗതി) പറയുന്നത് ഇപ്രകാരമാണ്. നോമ്പ് ദൈവം ആദാമിനുകൊടുത്തിരുന്ന കല്പനയാണ്( നന്മതിന്മയുടെ അറിവിന്റെ വൃക്ഷത്തിൽ നിന്നും നീ ഭക്ഷിക്കരുത്

ഉല്പത്തി 2:17) ഇത് യഹൂദസഭയിൽ ദൈവകല്പനപ്രകാരം നടത്തി വന്നിരുന്നതാണ്(നോമ്പാലും കരച്ചിലാലും വിലാപങ്ങളാലും നിങ്ങളുടെ പൂർണഹൃദയത്തോടെ എങ്കലേക്കു തിരിയുവിൻ.....ഹൃദയങ്ങളെത്തന്നെ കീറി ദൈവമായ കർത്താവിന്റെ അടുക്കലേക്കു തിരിയുവിൻ യോവേൽ 2:12) നമ്മുടെ കർത്താവ് കല്പിച്ചും പ്രവർത്തിച്ചും പഠിപ്പിച്ചിരുന്നതാണ്.(താൻ 40പകലും 40 രാവും നോമ്പുനോറ്റു-മത്തായി 2:4:മണവാളൻ അവരിൽ നിന്നും എടുക്കപ്പെടുന്ന ദിവസങ്ങൾവരും അപ്പോൾ അവർ നോമ്പുനോൽക്കും മത്തായി 9:15). തന്റെ ശ്ലീഹന്മാർ ആചരിച്ചുവന്നിരുന്ന പാരമ്പര്യമാണിത്(അവർ നോമ്പുനോറ്റ് ദൈവത്തോടപേക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മാവ് അവരോടു പറഞ്ഞു-അപ്പോ പ്ര.13:2)സകലതിന്മകളിൽ നിന്നും ഒഴിഞ്ഞ് നോമ്പ് നോക്കണം-മത്തായി 6:16, ഏശായ 58:37). നോമ്പിന്റെ അത്യന്തികലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്



1. ഭൗതികമായതിലും ആത്മിക കാര്യങ്ങൾ വിലമതിക്കണം
2. ജഡികമോഹങ്ങളെ കീഴടക്കി ആത്മാവിനെ പുഷ്ടിപ്പെടുത്തണം
3. ജഡമോഹങ്ങളെ നിരോധിച്ച് ആത്മാവിനെ ദൈവികകാര്യങ്ങളിലേക്കുയർത്തണം.
4. പൈശാചികശക്തിയെ ജയിക്കുന്നതിനുള്ള മാർഗമാണ്
5. ഉദരസ്നേഹം അനേകം പാപങ്ങളുടെ ഉറവിടമാണ്. അതുകൊണ്ട് സഭയുടെ അടിസ്ഥാനവിശ്വാസപ്രമാണങ്ങളെ സ്വാംശീകരിച്ചിരിക്കുന്ന മതോപദേശസാരങ്ങളിൽ പറയുന്നമേൽ നിർദേശങ്ങളിൽ ഊന്നി നിന്ന് നോമ്പ് എടുക്കുവാൻ നമുക്കു കഴിയണം.

**ഏശായായുടെ വീക്ഷണം**

പഴയനിയമത്തിൽ നോമ്പിനെയും ഉപവാസത്തേയുംക്കുറിച്ചു പറയുന്നതിൽ അതിസവിശേഷമായ ഒരു ഭാഗംമാണ് ഏശായ പ്രവചനം 58:3-7 വരെയുള്ള ഭാഗങ്ങൾ  അന്യായബന്ധനങ്ങളെ അഴിക്കുക.നുകത്തിന്റെ അടിക്കയറുകളെ അഴിക്കുക.പീഡിതരെ സ്വതന്ത്രരെ വിട്ടയ്ക്കുക. എല്ലാനുകത്തെയും തകർക്കുക. ഇതല്ലയോ എനിക്കിഷ്ടമുള്ള ഉപവാസം?വിശക്കുന്നവനും നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞുനടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്ക് നിന്നെത്തന്നെ മറെക്കാതിരിക്കുന്നതും അല്ല യോ? വിശദീകരണം ആവശ്യമില്ലാത്ത ഈ പ്രവാചക ആഹ്വാനം നാം അനുഷ്ഠിക്കേണ്ട നോമ്പിന്റെ അത്ത സത്തയെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു.

**നോമ്പ് സ്നേഹസാക്ഷ്യം**

നോമ്പിന്റെ അർത്ഥ വ്യാഖ്യാനങ്ങൾ ഏറ്റം ശക്തമായി അവതരിപ്പിക്കുന്നത് നോമ്പിന്റെ പ്രാർത്ഥനകളിലാണ്. പ്രാർത്ഥന എന്നത് ദൈവത്തോട് ചോദിച്ചുവാങ്ങുവാനുള്ളതാണെന്നാണ് പൊതുധാരണ. നമുക്ക് ആവശ്യമുള്ളതൊക്കെ ദൈവത്തോടു ചോദിക്കുക, ലഭിച്ചതിനൊക്കെ നന്ദി പറയുക എന്നതുമാത്രമാക്കി പ്രാർത്ഥനയേയും നോമ്പിനെയും കാണുന്നവരുണ്ട്. അവർ മത്തായി 7:7ഉദ്ധരിച്ച് അത് സ്വയം ന്യായീകരിക്കുകയും ചെയ്യും  യാചിപ്പിൻ നിങ്ങൾക്ക് കിട്ടും അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും എന്നീ ഭാഗം മാത്രം

വായിച്ച് ചോദിച്ചു വാങ്ങേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയും. എന്നാൽ മകൻ അപ്പം ചോദിച്ചാൽ കല്ലുകൊടുക്കില്ല എന്നതും സ്വർഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് നന്മ എത്ര അധികമായി കൊടുക്കും എന്ന ഭാഗം അവഗണിക്കുകയും ചെയ്യും. നമ്മൾ യാചിക്കുന്നതുപോലെയല്ല നമുക്കു നന്മ ആയിരിക്കുന്നതാണ് ദൈവം നൽക്കുന്നത്. പ്രാർത്ഥന ദൈവത്തിന്റെ മനസ്സുമാറ്റാനല്ല നാം ദൈവേഷ്ടത്തിന് അനുരൂപപ്പെടാനാണ് എന്ന വലിയ സത്യം നാം മനസ്സിലാക്കണം. അതുകൊണ്ടുതന്നെ പ്രാർത്ഥനയിൽ സ്വരൂപീകരണത്തിനും സമർപ്പണത്തിനുമുള്ള ഭാഗങ്ങൾ ഉണ്ട്. അത് പ്രാവർത്തികമാക്കി എടുക്കുവാൻ നമുക്കു കഴിയണം.

നാൽപ്പതുനാൾ ഉപവസിക്ക
വിശക്കുന്നവനപ്പം കൊടുക്ക
ഈശൈസുതനെപ്പോൽദിനം
ഏഴുവട്ടം പ്രാർത്ഥിക്ക.

ഈ പ്രാർത്ഥന പ്രാർത്ഥിക്കുവനുള്ള ഉപദേശമാണ് നോമ്പ് എടുക്കുന്നവനോടുള്ള ആഹ്വാനമാണ്. നോമ്പിൽ നാല്പതുദിവസത്തെ ഉപവാസം വിശക്കുവനുള്ള അപ്പം നൽകൽ (സാധുക്കളെ സഹായിക്കൽ) ഏഴു നേരമുള്ള പ്രാർത്ഥന എന്നിവയൊക്കെ അനുസ്മരിപ്പിച്ച് പഠിപ്പിക്കുകയാണ്. ഈ തലത്തിൽ നോക്കുമ്പോഴാണ് നോമ്പിനെക്കുറിച്ച് മനസ്സിലാക്കുവാൻ സഭയുടെ ആരാധനക്രമങ്ങളും പഠിക്കണമെന്നും പറയുന്നത്. വലിയനോമ്പിലെ പ്രഭാത പ്രാർത്ഥനയിൽ (പഴയ നമസ്കാരം) നോമ്പു നല്ലതാകുന്നു. സ്നേഹം കൂടാതെ ഒരുവൻ നോമ്പു നോൽക്കുന്നുവെങ്കിൽ അവന്റെ വ്രതത്തിനു യാതൊരു സവിശേഷതയുമില്ല എന്നു പ്രാർത്ഥിക്കുന്ന വ്യക്തി നോമ്പ് അടിസ്ഥാനപരമായി സ്നേഹസാക്ഷ്യമാണെന്നു വ്യക്തമാക്കുകയാണ്. ഇതുപോലെ നോമ്പിന്റെ പ്രാധാന്യം ഗ്രഹിക്കുവാൻ നോമ്പുകളിലെ പ്രാർത്ഥനാക്രമങ്ങൾ,പ്രുമിയോൻ-സെദറൊകൾ,വേദവായനകൾ എന്നിവയെല്ലാം നാം ഉപയോഗിക്കേണ്ടിയിരിക്കുന്നു. സഭാക്രമം അനുസരിച്ചുള്ള വേദവായനക്കുറിപ്പിൽ ഓരോ ദിവസത്തേക്കുമുള്ള ബൈബിൾ വായനകൾ ക്രമീകരിച്ചിട്ടുണ്ട്. വേദവായനക്കുറിച്ച് നോക്കി ഈ വായനകൾ നോമ്പിന്റെ ഭാഗമായി ധ്യാനിക്കുവാൻ കഴിയണം

**നോമ്പിന്റെ സംവത്സരക്രമം**

സഭാസംവത്സരം ആരംഭിക്കുന്നത് ഒക്ടോബർ 30നും അതിനുശേഷവും വരുന്ന ആദ്യഞായറാഴ്ചയായ കുദാശ് ഈത്തോമുതൽക്കാണ്. യൽദോ നോമ്പ് ഡിസംബർ 25നു മുമ്പുള്ള പത്ത് ദിവസവും (പഴയ കണക്കിൽ 25 ദിവസവും) നിനുവേനോമ്പ് എന്ന മൂന്നുനോമ്പ് വലിയനോമ്പിനു 18 ദിവസം മുമ്പും വലിയനോമ്പ് കഷ്ടാനുഭവ ആഴ്ച ഉൽപ്പെടെ 50 ദിവസം മാർച്ച് 21നുശേഷം വരുന്ന വെളുത്തവാവിനുശേഷം(പൗർണമി) വരുന്ന ഞായറാഴ്ച ആചരിക്കുന്ന ഇസ്റ്ററിൽ അവസാനിക്കത്തവണ്ണവും ജൂൺമാസം 29-ാം തീയതിയിലെ പത്രോസ്



പൗലോസ് ശ്ലീഹന്മാരുടെ പെരുനാളിനു മുമ്പ് 3 ദിവസവും (പഴയ കണക്കിൽ 13 ദിവസം) ഓഗസ്റ്റ് 15നു ദൈവമാതാവിന്റെ വാങ്ങിപ്പുപെരുനാളിനു മുമ്പ് 5 ദിവസവും (പഴയകണക്കിൽ 15 ദിവസവും ആണ് കനോനിക നോമ്പുകൾ. ഇതു കൂടാതെ ഈസ്റ്റർ മുതൽ പെന്തക്കോസ്തിവരെയുള്ളതൊഴികെയുള്ള ബുധൻ, വെള്ളിദിവസങ്ങളും നോമ്പുദിവസങ്ങളാണ്. ഇതു കൂടാതെ സ്വമേധയാ നോമ്പുകളും(എട്ടു നോമ്പ് ഉൾപ്പെടെ) എടുക്കാവുന്നതാണ്. മുമ്പ് സൂചിപ്പിച്ചിരിക്കുന്ന നോമ്പുകളിൽ പഴയ കണക്കനുസരിച്ച് നോമ്പ് എടുക്കുന്നത് സഭ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. ലാഘവങ്ങൾ സഭ അനുവദിച്ചിരിക്കുന്നത് നോമ്പിന്റെ പ്രാധാന്യം കുറയ്ക്കുന്നതിനല്ല വിശ്വസികൾക്ക് ലംഘനം കുറയ്ക്കുന്നതിനുവേണ്ടിയാണ്.

**നോമ്പ് ഹൂദായകാനോനിൽ**

ഹൂദായകാനോൻ 5-ാം അദ്ധ്യായം ഒന്നും രണ്ടും ഖണ്ഡികകളിൽ നോമ്പ് സംബന്ധമായും നോമ്പു ദിവസങ്ങൾ സംബന്ധമായും പ്രതിപാദിക്കുന്നു. ഇതിൽ ശനി ഞായർ ദിവസങ്ങളിൽ ഉപവാസം പാടില്ലെന്നും നോമ്പ് അനുഷ്ഠിക്കാത്ത വൈദിക സ്ഥാനികൾ വിലക്കപ്പെടണമെന്നും വിശുദ്ധകുർബാനനുഭവത്തിനുമുമ്പ് നോമ്പവസാനിപ്പിക്കുവാൻ പാടില്ലെന്നും രോഗത്തിലും പീഢനയിലും തടവിലും ഗർഭിണിക്കും മുലകുടിപ്പിക്കുന്നവരും ലാഘവമുണ്ടെന്നും 12 വയസ്സിനു മുകളിൽ എല്ലാവരും- നിർബന്ധത്താലല്ല- സ്വമേധയ നോമ്പ് അനുഷ്ഠിക്കണമെന്നും പറയുന്നു നോമ്പുദിവസങ്ങൾ സംബന്ധിച്ച് ഹുദായ കാനോൻ ഇന്നത്തെ ദിവസക്രമം അല്ല നിർദേശിക്കുന്നത്. ദിവസക്രമം സഭ വിവിധ കാലങ്ങളിൽ ഭേദപ്പെടുത്തിയിട്ടുണ്ട് എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

**ഉപസംഹാരം**

നോമ്പിന്റെ ലക്ഷ്യം സ്വയം ശുദ്ധീകരണമാണ്. നോമ്പ് സ്നേഹസാക്ഷ്യമാണ്, സ്വയതിക്ഷണ പരിശീലനമാണ്, വേദനിക്കുന്നവരേയും പരദേശികളെയും സഹായിക്കുന്നതാണ്,. നീതിനിഷ്ഠമായ ജീവിതമാണ് സർവോപരി ദൈവസംസർഗത്തിലേക്കുള്ള പ്രവേശനമാണ്. സാർത്ഥകമായി നോമ്പും അനുഷ്ഠിക്കുവാൻ ദൈവം ഇടയാകട്ടെ.




ജൂനിയർ

# മോസസ്

## കുട്ടികളുടെ കൂട്ടുകാരൻ

**SAMEEKSHA CATECHISM**
**Thiruvalla**




നഗരത്തിൽ പ്ലാസ്റ്റിക് മനുഷ്യൻ
മാലിന്യം മൂലം ജനങ്ങൾ ആപത്തിലായി !!
ദൈവമേ! എന്താ ഈ കേൾക്കുന്നത്!?
നഗരം ആപത്തിലാണ്!
മോസസ്സ് പള്ളിയിൽ ഉണ്ടാവും.
മോസസ്സിനെ ഇവിടെയും കാണുന്നില്ലല്ലോ...
മോസസ്സ് സമ്മാനമായി നൽകിയ മാന്ത്രിക വാച്ചിൽ കുട്ടികൾ അമർത്തി.
രക്ഷാനക്ഷത്രം മാനത്തു തെളിഞ്ഞു!
തുടരും




# ജൂണിയർ മോസസ് ചോദിക്കുന്നു

1. നമ്മുടെ നാട് വൃത്തിയായും സുന്ദരമായും സൂക്ഷിക്കാൻ നമുക്ക് ശ്രമിക്കാം.
2. പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രകൃതിക്ക് ദോഷം ചെയ്യുന്നു.
3. നമ്മുടെ വീടും പരിസരവും പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നു മുക്തമാണോ?
4. പൊതു സ്ഥലങ്ങൾ, വഴികൾ, സ്കൂളുകൾ, ദേവാലയങ്ങൾ ഇവയും പരിസരവും പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കാൻ പരിശ്രമിക്കാം.
5. പൊതു ഇടങ്ങൾ വൃത്തിയായും സുന്ദരമായും സംരക്ഷിക്കാൻ MCCL ഇടവക യൂണിറ്റിന് എന്തു ചെയ്യാൻ സാധിക്കും ?


**നിങ്ങൾ എന്തു ചെയ്തു?**

1. നിങ്ങളുടെ പ്രവർത്തനങ്ങൾ, അവയുടെ റിപ്പോർട്ട്, ചിത്രങ്ങൾ ഇവ താഴെ കാണുന്ന മേൽവിലാസത്തിൽ വികാരി അച്ചന്റെ സാക്ഷ്യപത്രത്തോടെ അറിയിക്കുക.
2. നമ്മുടെ നാടിനെ മാലിന്യമുക്തമാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ എഴുതി അറിയിക്കുക.
3. ലഭ്യമാക്കുന്ന റിപ്പോർട്ടുകളും, ചിത്രങ്ങളും പരിശോധിച്ചതിന് ശേഷം തെരഞ്ഞെടുക്കപ്പെടുന്ന ഇടവകയ്ക്ക് 'ജൂണിയർ മോസസ് അവാർഡ്' നല്കപ്പെടുന്നതായിരിക്കും.

**അയയ്ക്കേണ്ട വിലാസം:**
**ജൂനിയർ മോസസ്**
**സമീക്ഷ കാറ്റകെറ്റിക്കൽ സെൻറർ**
**തിരുവല്ല 689101**




മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശുശ്രൂഷാ ഭാവത്തിന്റെ ആൾരൂപം. ശ്രേഷ്ഠാചാര്യപദവിയുടെ പടികയറാൻ വിമുഖനായിരുന്നിട്ടും ദൈവം പിടിച്ചെടുത്ത് സ്വന്തമാക്കിയ ശ്രേഷ്ഠാചാര്യൻ. ആരംഭിച്ച സംരംഭങ്ങളെല്ലാം വിജയിപ്പിച്ച ആചാര്യശ്രേഷ്ഠൻ. സഭയുടെ വേലികൾക്കപ്പുറത്തുള്ളവരെയും തുല്യപരിഗണന നൽകി ഉൾക്കൊള്ളുന്ന മെത്രാപ്പോലീത്ത. കയ്യിൽകിട്ടുന്നതൊക്കെ കൊടുത്തു തീർക്കുന്നതിൽ സംതൃപ്തി കണ്ടെത്തുന്ന തിരുമേനി. കണ്ടുമുട്ടിയവരുടെയെല്ലാം ഹൃദയത്തിൽ ഇടം കണ്ടെത്തിയ വന്ദ്യപിതാവ്. വാർധക്യത്തിന്റെ അല്പം ആലസ്യം അല്ലാതെ യാതൊരു ശാരീരിക രോഗവുമില്ലാതെ തൊണ്ണൂറാം വയസിലും ദൈവസ്നേഹത്തിന്റെ നിറസാന്നിധ്യമായി നമ്മോടൊപ്പം ആയിരിക്കുന്ന തിരുവല്ല അതിരൂപതയുടെ അഞ്ചാമത്തെ ആചാര്യശ്രേഷ്ഠൻ അഭിവന്ദ്യ ഗീവർഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തയുടെ ഒരു സംക്ഷിപ്ത ജീവിതരേഖ തുടർന്നു കാണുക.



**ഫാ. ചെറിയാൻ താഴമൺ**

പുറങ്കാവിൽ തറവാടിന്റെ തെക്കേക്കര കുടുംബത്തിൽ ചുണ്ടേവാലേൽ ബഹു. ജേക്കബ് കശീശായുടെയും കാർത്തികപ്പള്ളിൽ പുത്തൻപീടികയിൽ അന്നമ്മയുടെയും സീമന്തപുത്രൻ. 1928 ഫെബ്രു

വരി രണ്ടാം തീയതി "മായൽത്തോ" പെരുന്നാൾ ദിനത്തിൽ വെള്ളിയാഴ്ച ജനനം. അമയന്നൂർ സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ ജോർജ് എന്ന പേരിൽ ജ്ഞാനസ്നാനം. ജ്ഞാനസ്നാനപിതാവ് ചേരീപറമ്പിൽ ശ്രീ. കുരുവിള. ശിശുവിന്റെ വിളിപ്പേര് "സണ്ണി" . പ്രാഥമിക വിദ്യാഭ്യാസം അമയന്നൂർ സർക്കാർ എൽ.പി സ്കൂളിലും മിഡിൽ സ്കൂൾ പഠനം മണർകാട് ഇട്ടി മെമ്മോറിയൽ സ്കൂളിലും (ഇപ്പോൾ ഇൻഫന്റ് ജീസസ് സ്കൂൾ). ഹൈസ്കൂൾ വിദ്യാഭ്യാസം കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽ. തേർഡ് ഫോറത്തിൽ പഠിക്കുമ്പോൾ മാതാപിതാക്കളോടൊപ്പം പുനരൈക്യം. 1943ൽ പത്താം ക്ലാസ് ജയിച്ച ജോർജിനെ മാർ സേവേറിയോസ് തിരുമേനി വൈദിക പരിശീലനത്തിന് വിളിച്ചു. ചെറുപുഷ്പഗിരി മൈനർ സെമിനാരിയിൽ ബഹു. തോമസ് പാഴൂർ അച്ചന്റെ ശിക്ഷണത്തിൽ പഠനം ആരംഭിച്ചു. 1945ൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾക്ക് സിലോണിലെ കാൻഡിയിലേക്ക്. 1953 ഓഗസ്റ്റ് 24ന് കാൻഡിയിൽ വച്ച് ബിഷപ് ഗ്ലെനിൽ നിന്ന് വൈദികാഭിഷേകം. പിറ്റേദിവസം നവപൂജാർപ്പണം. ഡിസംബറിൽ നാട്ടിൽ തിരികെ എത്തി. കോതമംഗലം നെല്ലിമറ്റം സ്വന്തം ഇടവകയായ അമയന്നൂർ എന്നിവിടങ്ങളിൽ വികാരി. 1956ൽ രൂപതാ പ്രൊക്യുറേറ്റർ. 1958ൽ മൈനർ സെമിനാരി റെക്ടർ, 1963ൽ ഉപരിപഠനത്തിനായി റോമിലെ ഗ്രിഗോറിയൻ സർവകലാശാലയിലേക്ക്. 1967ൽ മടങ്ങിയെത്തി. 1980 വരെ വീണ്ടും സെമിനാരി റെക്ടർ. 1980 ജൂൺ മുതൽ കത്തീഡ്രൽ വികാരി. 1984 ഫെബ്രുവരി 16 മുതൽ രൂപതയുടെ വികാരി ജനറാൾ. അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ തിരുമേനിയുടെ ആകസ്മിക നിര്യാണത്തെ തുടർന്ന് 1987 ഏപ്രിൽ 29ന് രൂപതാ അഡ്മിനിസ്ട്രേറ്ററായി തെരഞ്ഞെടുക്കപ്പെട്ടു. 1988 മേയ് 19ന് വ്യാഴാഴ്ച രൂപതാധ്യക്ഷനായി പരിശുദ്ധ സിംഹാസനം നിയമിച്ചു. 1988 ജൂൺ 26-ന് മാതൃ ഇടവകയിൽവച്ച് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് റമ്പാൻ സ്ഥാനം. 1988 ഓഗസ്റ്റ് ആറിന് ശനിയാഴ്ച തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ അങ്കണത്തിൽവച്ച് ഗീവർഗീസ് മാർ തീമോത്തിയോസ് എന്ന പേരിൽ മെത്രാഭിഷേകം.

1993-96 വരെ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ജനറൽ സെക്രട്ടറി, 1994 മുതൽ രണ്ടു പ്രാവിശ്യം ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ഉപാധ്യക്ഷനും കാരിത്താസ് ഇന്ത്യയുടെ ചെയർമാനും. 1997ൽ ദളിത് ക്രൈസ്തവ സംവരണ പ്രശ്നത്തിൽ പാർലമെന്റ് മന്ദിരത്തിനു മുമ്പിൽ ധർണ നടത്തി അറസ്റ്റു വരിച്ചു. രൂപതയുടെ അജപാലന ശുശ്രൂഷ കൂടുതൽ ഫലവത്താക്കുവാൻ ചക്കാലപ്പടിക്കൽ ബഹു. മാമ്മൻ അച്ചനെ 1997 ജൂലൈ 17-ാം തീയതി തോമസ് മാർ കൂറിലോസ് എന്ന പേരിൽ പ്രധാനാചാര്യനായി അഭിഷേചിച്ച് സഹായമെത്രാനായി നിയമിച്ചു. കൂടെ താമസിപ്പിച്ച് പ്രധാനാചാര്യ ശുശ്രൂഷയുടെ പാഠങ്ങൾ അഭ്യസിപ്പിച്ചിട്ട് രൂപതയുടെ വടക്കൻ മേഖലകൾ വിഭജിച്ച് മൂവാറ്റുപുഴ രൂപത പുതുതായി സ്ഥാപിച്ച് 2003 ഫെബ്രുവരി ആറാം തീയതി തോമസ് മാർ കൂറിലോസ് പിതാവിനെ പ്രഥമ ഇടയനായി ചുമതലയേല്പിച്ചു. അധികാരത്തിൽ അഭിരമിക്കാതെ അധികാരവും ചുമതലകളും പങ്കുവച്ചു നൽകുക അഭിവന്ദ്യ മാർ തീമോത്തിയോസ് പിതാവിന്റെ പ്രവർത്തന ശൈലിയാണ്. അത് രൂപതയ്ക്ക് വളരെയധികം നന്മകൾ ഉളവാക്കുകയും ചെയ്തു.

പുഷ്പഗിരി മെഡിക്കൽ കോളജ്, ഡെന്റൽ കോളജ്, ഫാർമസി കോളജ്, ഗവേഷണ വിഭാഗം, നഴ്സിംഗ് കോളജ്, മാർ അത്തനാസിയോസ് കോളജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, വിമലാംബിക സെൻട്രൽ സ്കൂൾ പാമ്പാടി, മരിയ ഭവൻ സ്കൂൾ കുമരകം, ആർച്ച് ബിഷപ് മാർ ഗ്രിഗോറിയോസ് പബ്ലിക് സ്കൂൾ കോട്ടൂർ, മേരിമാതാ പബ്ലിക് സ്കൂൾ ചക്കുപള്ളം, മൗണ്ട് മേരി പബ്ലിക് സ്കൂൾ മാലം, മരിയൻ പബ്ലിക് സ്കൂൾ മേരിഗിരി, മാർ സേവേറിയോസ് കോളജ് ഫോർ എഡ്യൂക്കേഷൻ ചെങ്ങരൂർ, ശാന്തിനിലയത്തിന്റെ പുതിയ ബ്ലോക്ക്, പള്ളിമലയിലെ ശാലോം ഭവൻ, കട്ടപ്പന ജ്യോതിസ് പാസ്റ്ററൽ സെന്റർ, സെന്റ് ജോൺസ് കത്തീഡ്രലിന്റെ പുതിയ ദൈവാലയം ഇവയൊക്കെ അദ്ദേഹത്തിന്റെ ശുശ്രൂഷാകാലത്തെ ഏതാനും ചില നേട്ടങ്ങൾ മാത്രമാണ്. അനേകം പള്ളികളും വൈദികമന്ദിരങ്ങളും പുതുക്കിപ്പണിതു, പുതിയ ഇടവകകൾ ആരംഭിച്ചു. പാവപ്പെട്ട ദളിത് ക്രൈസ്തവ വിദ്യാർഥികളെ താമസിപ്പിച്ച് പഠിപ്പിക്കാനായി ഹോസ്റ്റലുകളിൽ പ്രത്യേക ക്രമീകരണങ്ങൾ ചെയ്തു. ബോധനവഴിയുള്ള വികസനസേവന പ്രവർത്തനങ്ങൾ വികസിപ്പിച്ച് ജനകീയമാക്കി, പ്രത്യേക ഓഫീസ് സംവിധാനവും പരിശീലന കേന്ദ്രവും ഉണ്ടാക്കി.

എക്യുമെനിക്കൽ സംരംഭങ്ങളിൽ നിറസാന്നിധ്യമാണദ്ദേഹം. തിരുവല്ലായിലെ സംയുക്ത ക്രിസ്മസ് ആഘോഷത്തിന്റെ തുടക്കക്കാരൻ അദ്ദേഹമാണ്. എക്യുമെനിക്കൽ വൈദിക കോൺഫറൻസ് അദ്ദേഹത്തിന്റെ മാനസപുത്രിയാണ്. വിവിധ സഭാധ്യക്ഷന്മാരുമായും സമുദായനേതാക്കന്മാരുമായും അദ്ദേഹത്തിനുള്ള ഹൃദയടുപ്പം ശ്രദ്ധേയമാണ്. നാടിന്റെ പൊതുസംരംഭങ്ങളിൽ സഹകരിക്കുന്നതിൽ അദ്ദേഹം എന്നും ഒന്നാമതുണ്ടാകും. തിരുവല്ലായിലെ അഭയഭവൻ ചെങ്ങരൂർ നെല്ലിമൂട്ടിലുള്ള കാരുണ്യഭവൻ തുടങ്ങിയ സേവനസ്ഥാപനങ്ങളുടെ വളർച്ചയിലും നടത്തിപ്പിലും അദ്ദേഹം നല്കിയ സഹകരണം അദ്വിതീയമാണ്. സഹായം തേടിവരുന്നവർ പ്രതീക്ഷിക്കുന്നതിൽ കവിഞ്ഞ ഔദാര്യം അദ്ദേഹത്തിൽ നിന്നും ലഭിച്ചാണു മടങ്ങുക.

അദ്ദേഹത്തിന്റെ നേതൃത്വകാലം തിരുവല്ലാ രൂപതയുടെ സുവർണകാലമായിരുന്നു. 2003 മാർച്ച് 19 -ന് അദ്ദേഹം ഔദ്യോഗിക ചുമതലയിൽ നിന്ന് വിരമിച്ച് പ്രാർത്ഥനയിലും ധ്യാനത്തിലും ജീവിതം നയിക്കുന്നു. നവതിയുടെ നിറവിലായിരിക്കുന്ന അഭിവന്ദ്യ പിതാവിന് പ്രാർത്ഥനാശംസകൾ.





# 60 കേരളത്തിന്റെ വർഷങ്ങൾ

**കേ**രളത്തിന്റെ ജനാധിപത്യ പാരമ്പര്യം അഭിമാനകരമാണ്. അഞ്ഞൂറോളം നാട്ടുരാജ്യങ്ങളുണ്ടായിരുന്ന ഇന്ത്യയിൽ ജനാധിപത്യ വഴിയിൽ മുമ്പേ സഞ്ചരിച്ചവരാണു കേരളീയർ. 1888-ൽ ഇവിടെ ഒരു നിയമ നിർമ്മാണ സഭയുണ്ടായി. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ. ഇന്നത്തെ കേരളം അന്ന് മൂന്ന് ഭൂവിഭാഗങ്ങളായി വേർപിരിഞ്ഞുകിടന്നു.

1. തിരുവിതാംകൂർ 2. കൊച്ചി 3. മലബാർ

1949-ൽ കൊച്ചി തിരുവിതാംകൂറിനോടു കൂട്ടിച്ചേർത്തു. 1956ൽ മലബാർ തിരുവിതാംകൂറിനോടു കൂട്ടിച്ചേർത്ത് 1956 നവംബർ ഒന്നിന് ഇന്നത്തെ കേരള സംസ്ഥാനം ഔദ്യോഗികമായി രൂപംകൊണ്ടു. അതുകൊണ്ടുതന്നെ തിരുവിതാംകൂറിന്റെ ജനാധിപത്യ പാരമ്പര്യം കേരളത്തിനു മാത്രം അവകാശപ്പെട്ടതാണ്. അറുപതു വർഷങ്ങൾക്കുള്ളിൽ കേരളം നേടിയ വിവരസാങ്കേതിക പരിജ്ഞാനം അഭിനന്ദനാർഹമാണ്. പക്ഷേ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക മണ്ഡലങ്ങളിൽ ഒരു അരക്ഷിതാവസ്ഥ കേരളത്തിനുണ്ട്. നമുക്ക് ചിന്തിക്കാൻ ധാരാളമുണ്ട്.

## നമ്മുടെ ഭാഷ

കേരളീയർ സംസാരിക്കുന്ന ഭാഷ മലയാളമാണ്. അമ്മമൊഴി മലയാളത്തിന് ക്ലാസ്സിക്കൽ പദവി കിട്ടിയെങ്കിലും അവഗണനകളും അപമാനവും നേരിടുന്നുണ്ട്. സംസ്കാരത്തിന് സംഭവിക്കുന്ന ഏതൊരു മാറ്റവും ആദ്യമായി വെളിപ്പെടുന്നത് ഭാഷയിലാണ്. ഒരു ജനതയുടെ ജീവിതരീതി മാറു



**മീരാകൃഷ്ണ**
മാനേജർ,
അസെന്റ് പബ്ലിക്കേഷൻ

മ്പോൾ മനോഭാവങ്ങൾക്കൊപ്പം ഭാഷയും മാറുമെന്ന തിന്റെ തെളിവാണ് ഇന്നത്തെ മലയാളിയും മലയാളവും. ദൃശ്യമാധ്യമങ്ങളിൽക്കൂടി പകർന്നു തരുന്ന വികല മലയാളം കേട്ടാണ് ഇന്നത്തെ തലമുറ വളരുന്നത്. നല്ല മലയാളത്തിൽ വിഷയങ്ങളവതരിപ്പിക്കുന്ന ചുരുക്കം ചിലർ ഉണ്ട് എന്നതു മറക്കുന്നില്ല. നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിയിൽ വികല മലയാളം പ്രചരിപ്പിക്കുന്നതിനെതിരെ നിയമനിർമ്മാണ മൊന്നും സാധ്യമല്ലതാനും.

സാക്ഷരതയുടെ കാര്യത്തിൽ ഒന്നാംസ്ഥാനത്തു നിൽക്കുന്നത് നമ്മുടെ സംസ്ഥാനമാണ്. മൂന്നര ക്കോടി ജനങ്ങളുടെ മാതൃഭാഷയായ മലയാളം നിലനിൽപ്പിന്റെ കാര്യത്തിൽ ഇപ്പോഴും ഭീഷണി നേരിടുന്നുണ്ട് എന്നതാണു വാസ്തവം. ആഗോളവൽക്കരണത്തിന്റെ ഫലമായി പലഭാഷകളും നശിച്ചുപോകും. അതിലൊന്നു ചിലപ്പോൾ മലയാളമായിരിക്കാമെന്ന് കഥാകൃത്ത് ഒ.വി. വിജയൻ പണ്ടേ പറഞ്ഞിട്ടുണ്ട്. കേരളം – 60 ലെത്തി നിൽക്കുമ്പോൾ സമ്പന്നമായ നമ്മുടെ ജീവൽഭാഷ നഷ്ടപ്പെട്ടു പോകാനുള്ള അനേകം കാരണങ്ങൾ കാണുന്നുണ്ട്.

വള്ളത്തോൾ പാടിയത്

**"ഭാരതമെന്നുകേട്ടാല-**
**ഭിമാനപൂരിതമാകണമന്തരംഗം**
**കേരളം എന്നു കേട്ടാലോ തിളയ്ക്കണം**
**ചോര ഞരമ്പുകളിൽ"** എന്നാണ്

പക്ഷേ കേരളത്തെ സ്നേഹിക്കാത്തവരായി മാറുകയാണോ കേരളീയർ. നമ്മുടെ നാടിന്റെ പേര് ശരിക്കും നാം എഴുതാറുണ്ടോ– കേരളാ എന്നാക്കിയില്ലേ. പഴയതിനെയൊക്കെ ഉപക്ഷിക്കുന്നവരാണു കേരളീയർ എന്നതിനു തെളിവല്ലേ ഇന്നു തെരുവിലലയുന്ന വാർദ്ധക്യങ്ങൾ.

## കുടുംബം

ഇന്നത്തെ അണുകുടുംബ വ്യവസ്ഥിതിയിൽ കുട്ടികൾക്കും സ്ത്രീകൾക്കും സുരക്ഷിതത്വം നഷ്ടപ്പെട്ടിട്ടുണ്ട് എന്നതിന് വർത്തമാനകാല ദുഃഖകഥകൾ സാക്ഷ്യം വഹിക്കുന്നുണ്ട്.

## സ്ത്രീ

ബുദ്ധിപരവും കായികപരവും സാഹസികപരവുമായ എല്ലാ മേഖലകളിലും ഇന്നു സ്ത്രീ തന്റെ



സാന്നിദ്ധ്യമറിയിച്ചിട്ടുണ്ട്. എങ്കിലും പലപ്പോഴും യാതനകൾ അനുഭവിക്കേണ്ടിവരുന്നുണ്ട്. ട്രെയിനിലും ബസ്സിലും, പൊതുവഴിയിലും വീട്ടിനുള്ളിലും ഒക്കെ സ്ത്രീകൾ അപമാനിക്കപ്പെടുന്നുണ്ട്. 15–നും 44–നും ഇടയ്ക്കു പ്രായമുള്ള സ്ത്രീകളുടെ രോഗാവസ്ഥയ്ക്കു പ്രധാനകാരണം അഭിമാനക്ഷതവും ഗാർഹികപീഡനങ്ങളുമാണെന്ന് വേൾഡ് ഡവലപ്പ്മെന്റ് റിപ്പോർട്ടിന്റെ ഒരു വെളിപ്പെടുത്തലിൽ കാണുന്നു. മാനവരാശിയുടെ പകുതിയോളം വരുന്ന സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന ചൂഷണവും യാതനയും അടിമത്വവും അവഹേളനവും കണ്ടില്ലെന്നു നടിച്ചുകൊണ്ട് ഒരു സമൂഹത്തിന് മുന്നേറുക സാദ്ധ്യമാണോ?

## പരിസ്ഥിതി

പ്രകൃതിയും സ്ത്രീയും ഒരുപോലെ ചൂഷണം ചെയ്യപ്പെടുന്നു എന്നുള്ളതാണ് ഇന്നിന്റെ സത്യം. കാവുതീണ്ടിയാൽ കുളംവറ്റും എന്നുള്ളത് കേരളീയന്റെ മണ്ണാഴമുള്ള ജീവിതബോധമാണ് അതൊരു

ഭാഷ എന്ന മാധ്യമം നിരന്തരം പരിണമിച്ചു കൊണ്ടിരിക്കുന്നതാണ് – സത്യത്തിൽ ഭാഷ ഒരു തുടർച്ചയാണ്. 6–ാം നൂറ്റാണ്ടിന്റെ തുടർച്ചയാണ് 7–ാം നൂറ്റാണ്ടിലെ ഭാഷ. 7 ന്റെ തുടർച്ചയാണ് 8–ാം നൂറ്റാണ്ടിലേത്. മലയാളത്തിന്റെ വേരുകൾ പുരാതന സംഘസാഹിത്യത്തിനപ്പുറമാണ്. ഒരു കാലത്ത് ചോള–പാണ്ഡ്യൻമാരോടൊപ്പം മലനാട്ടു മക്കളും നെഞ്ചേറ്റിലാളിച്ചു വളർത്തിയതാണ് സംഘസാഹിത്യം. ലിപി പരിണാമങ്ങൾ കൊണ്ടും മൊഴിമാറ്റങ്ങൾകൊണ്ടും മലനാട്ടുകാർ സംഘസാഹിത്യത്തിൽ നിന്നകന്നുപോയി. പരിണാമങ്ങളിലൂടെ പിന്നീട് വായ്മൊഴി വഴക്കത്തിലുള്ള നാട്ടുഭാഷകൾ നിലനിന്നു. ശബ്ദതാരാവലീ കർത്താവുപോലും രേഖപ്പെടുത്താത്ത നാട്ടു ഭാഷകളും (ചാവ്, തോവ്, തിലവ്) നാട്ടെണ്ണലുകളും ഇന്നും വായ്മൊഴിയായി തന്നെ ശേഷിക്കുകയാണ്. ഭാഷാസംരക്ഷണ സമിതികൾ പോലും അതൊന്നും രേഖപ്പെടുത്താൽ താൽപര്യം കാണിക്കുന്നുമില്ല.

പാരിസ്ഥിതിക ജാഗ്രതയായിരുന്നു. എല്ലാ ജീവിക ളേയും സംരക്ഷിക്കാനുള്ള ജാഗ്രത. കാവും കുളവും എല്ലാം നശിപ്പിച്ച് വയലുകളെല്ലാം നിരത്തി ഫ്ളാറ്റു കൾ കെട്ടിപ്പൊക്കി പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ജീവവർഗ്ഗങ്ങളുടെ ആവാസവ്യവസ്ഥ നഷ്ടപ്പെടുത്തി.

**ഭക്ഷണം**

അരിക്കും പച്ചക്കറിക്കും ഒക്കെ ആന്ധ്രക്കാര നേയും തമിഴനേയും ആശ്രയിക്കേണ്ടിവരുന്ന കാലം– ആവശ്യത്തിലേറെ വിഷഭക്ഷണം കഴിച്ച് വിശപ്പടക്കു കയാണിന്നു കേരളം. അലസജീവിതമാണിന്നു നാം നയിക്കുന്നത്– കാർഷിക സംസ്കൃതിയൊക്കെ നഷ്ട പ്പെട്ടു. മാനുഷികോർജ്ജം പ്രയോജനപ്പെടുത്തുന്നി ല്ല. അതുകൊണ്ടുതന്നെ അല്പായുസുക്കളായി മാറു ന്നുണ്ട്.

**സാഹിത്യം**

സ്ത്രീയേയും പരിസ്ഥിതി സംരക്ഷണത്തെ പ്പറ്റിയും 1960–കളിലും 70–കളിലും സുഗതകുമാരിയ മ്മയെപ്പോലുള്ളവർ എഴുതിയിട്ടുണ്ട്. 1979–ൽ സൈലന്റ് വാലി പ്രക്ഷോഭത്തിനൊക്കെ സുഗതകു മാരിയമ്മയെപ്പോലുള്ളവർ മുൻനിരയിൽ നിന്നിട്ടുണ്ട്. സാറാ ജോസഫിന്റെ ഒക്കെ കൃതികളിൽ പാരിസ്ഥി തിക ജാഗ്രതയുണ്ടായിരുന്നു.

പെണ്മയുടെ ജനിതകങ്ങൾ പ്രകാശിതമാവുന്ന കവിതകളെഴുതിയ ലളിതാലെനിൻ, സ്ത്രീയവസ്ഥ കളെ കൃത്യമായി പ്രതിപാദിച്ച് സമൂഹത്തിന്റെ ജീർണ്ണതകളെ കാണിച്ചുതന്ന മാധവിക്കുട്ടി. ഗ്രേസി, സി.എസ്. ചന്ദ്രിക അങ്ങനെ ധാരാളം സ്ത്രീകൾ പുരുഷന്മാരോടൊപ്പം ഈ അറുപതു വർഷങ്ങളിൽ സാമൂഹികോന്മനത്തിനുവേണ്ടി എഴുതി. ഭാഷയും വേഷവും ഭക്ഷണവുമെല്ലാം നമ്മൾ നവീകരിച്ചു. കേരളത്തിന്റെ ജീവിതവ്യവസ്ഥയുടെ താളംതെറ്റി. മാനുഷിക വികാരങ്ങളായ കരുണ, സ്നേഹം, പ്രണ യം, കാമം, ക്രോധം ഇവയൊക്കെ പ്രകടിപ്പിക്കാനു ള്ള മാനസികപക്വത എവിടെയോ നഷ്ടപ്പെട്ടു.


ശാസ്ത്രമണ്ഡലങ്ങളിൽ പെട്ടെന്നുണ്ടായ വളർച്ച യാണ് കേരളത്തിന്റേത്. അതിനൊത്ത മാനസിക പക്വത നേടിയവർ എത്രപേരുണ്ട് എന്നു സ്വയം ചോദിച്ചു നോക്കുക. പരസ്പരവൈരാഗ്യവും ചതി യും കൊലപാതകങ്ങളും ആക്രമങ്ങളും ഒക്കെ വർ ദ്ധിക്കുകയാണ്. ആരുടെ ദുഃഖം കണ്ടാലും ആരു മരിച്ചെന്നു പറഞ്ഞാലും വേദനിക്കാത്ത ഒരു സമൂഹം വളരുന്നു. ഇതപകടമാണ്. സഹജീവി യോടു കരുണയില്ലാതിരിക്കുന്നതപകടകരമാണ്.

മാനസികാരോഗ്യമുള്ള ജനങ്ങളുടെ നാടായി രുന്നു കേരളം. നല്ല കുടുംബ ബന്ധങ്ങളും ഈശ്വര വിശ്വാസവും തന്നെയാണ് അങ്ങനെയൊരു പാരമ്പ ര്യമുണ്ടാക്കിയത്. മദ്യപാനം, കഞ്ചാവുപോലുള്ള ലഹരി പദാർത്ഥങ്ങളുടെ അമിതമായ ഉപയോഗം, മുതലായവ മാനസികനിലയെ തകരാറിലാക്കുന്നവ യാണ്. കഞ്ചാവു മാഫിയകൾ ഇപ്പോഴും നമുക്കു ചുറ്റിലുമുണ്ട്.

2010–16– വർഷങ്ങളിൽ ഏറ്റവും കൂടുതൽ സ്ത്രീ–പീഡനകേസുകൾ രജിസ്റ്റർ ചെയ്ത നാടാണു കേരളം. മാനസികാരോഗ്യമില്ലാത്ത വ്യക്തി ത്വങ്ങൾ നമുക്കിടയിലുണ്ട്. മാനസികമായും ശാരീ രികമായും ഇരയെ തളർത്തുന്നവർ. സ്ത്രീകളുൾപ്പെ ടെയുള്ള ദുർബലർക്കു നേരെയുള്ള ആക്രമണ ങ്ങൾക്കു പരിഹാരമുണ്ടാക്കുവാൻ എല്ലാ സംഘട നകളും വർണ്ണ, വർഗ്ഗ, ലിംഗ, രാഷ്ട്രീയ വ്യത്യാസ മില്ലാതെ ഒന്നിച്ചണിനിരക്കണം. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. ഒരു സംഘടിത ശക്തിക്കു മാത്രമേ സാമൂഹ്യപരിഷ്ക്കരണം സാദ്ധ്യ മാവുകയുള്ളൂ. മാനസികാരോഗ്യമുള്ള ഒരു തലമുറ ഇവിടെ ഉണ്ടാകണം. “എല്ലാ ജനങ്ങൾക്കും നീതി ഉറപ്പാക്കാൻ കഴിയുന്ന ഒരു പരമാധികാര ജനാധി പത്യ മതേതര സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് നിർമ്മി ക്കുക എന്ന ലക്ഷ്യംവെച്ചുകൊണ്ടാണ് സ്വതന്ത്രഭാ രതം അതിന്റെ ഭരണഘടന രൂപീകരിച്ചിരിക്കുന്നത് എന്ന വസ്തുത ഈ അറുപതാം വർഷത്തിൽ ഒന്നു കൂടി സ്മരിക്കുകയാണ്.

മലയാളക്കിളി പാടുന്ന മണ്ണിൽ
മധുരശ്രുതിയുടെ ഭൂപാളമുയരട്ടെ.


●



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാത ദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരു മൂലം മഹിമയേറിയ അപ്പസ്തോല നായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലി ക്കാസഭ മുഴുവനും/ അങ്ങയെ നിരാ ശരുടേയും അസാദ്ധ്യകാര്യങ്ങളു ടെയും / മദ്ധ്യസ്ഥനായി ബഹുമാനി ക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യ സ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**കുഞ്ഞൂഞ്ഞമ്മ നിരണം**



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാത ദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരു മൂലം മഹിമയേറിയ അപ്പസ്തോല നായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലി ക്കാസഭ മുഴുവനും/ അങ്ങയെ നിരാ ശരുടേയും അസാദ്ധ്യകാര്യങ്ങളു ടെയും / മദ്ധ്യസ്ഥനായി ബഹുമാനി ക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യ സ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**സി.എം. തോമസ് കട്കി, പൂന**



# കേരള ക്രൈസ്തവ സഭ ബാബേൽ അനുഭവത്തിൽ നിന്ന് മുക്തമാകണം

## ആമുഖം

ക്രൈസ്തവ സഭയുടെ ചരിത്രം ഭിന്നിപ്പികളുടെ കൂടെ ചരിത്രമാണ്. മനുഷ്യകുലത്തെ പിതാവുമായി ഒന്നിപ്പിക്കാൻ വേണ്ടി മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശുക്രിസ്തുവിന്റെ അനുയായികളായിരിക്കണം ഭിന്നിപ്പുകളുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് നില്ക്കുന്നത്. ക്രൈസ്തവസഭയിലെ ബാബേൽ അനുഭവം ഒരു വിരോധാഭാസമായി നിലകൊള്ളുന്നു. ഭാഷാപരമായ തെറ്റിദ്ധാരണകൾ മൂലവും, രാഷ്ട്രീയ ചേരിതിരിവുകൾ കാരണവും. ആരാണ് വലിയവൻ എന്ന മനോഭാവം മൂലവും, അധികാരത്തർക്കങ്ങളുടെ പേരിലും ഒരു സഭ മറ്റൊരു സഭയെ അടിച്ചമർത്തിയതിന്റെ പേരിലുമൊക്കെ സഭയിൽ അനൈക്യങ്ങളുണ്ടായിട്ടുണ്ട്. ക്രിസ്തുവിന്റെ സഭ സഭകളുടെ കൂട്ടായ്മയാണ്; വ്യക്തികളുടെ കൂട്ടായ്മ, ഇടവകകളുടെ കൂട്ടായ്മ, രൂപതകളുടെ കൂട്ടായ്മ, വ്യക്തിഗത സഭകളുടെ കൂട്ടായ്മ. എല്ലാറ്റിനുമുപരി പരിശുദ്ധ ത്രിത്വാധിഷ്ഠിത കൂട്ടായ്മ. കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ച പിഴവുകളിൽ നിന്ന് പാഠങ്ങളുൾക്കൊണ്ടുകൊണ്ട്, പുതിയ തർക്കങ്ങൾക്കു വഴിമരുന്നിടാതെ ഭാരതത്തിലെ ക്രൈസ്തവ സഭകൾ സഭൈക്യരംഗത്ത് ഒരു പുതിയ പാത വെട്ടിത്തെളിക്കുമെന്ന് പ്രത്യാശിക്കുകയാണ്. മാർത്തോമ്മാ നസ്രാണി പൈതൃക സഭകളുടെ കൂട്ടായ്മയെക്കുറിച്ചുള്ള ചില ചിന്തകൾ പങ്കുവയ്ക്കാനാണിവിടെ എളിയ ശ്രമം നടത്തുന്നത്.

## ക്രൈസ്തവ സഭയിൽ രൂപപ്പെട്ട മൂന്ന് അപ്പസ്തോലിക പൈതൃകങ്ങൾ (Tri-Palrite Traditions)

വി. ഗ്രന്ഥവും സഭാ പാരമ്പര്യവും ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന സ്രോതസ്സുകളാണ്. കത്തോലിക്കാ സഭയും ഓർത്തഡോക്സ് സഭകളും ഇക്കാര്യത്തിൽ വലിയ ശ്രദ്ധാലുക്കളാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട്: “പൗരസ്ത്യ സഭകളുടെ സ്ഥാപനങ്ങൾ, ആരാധന ക്രമങ്ങൾ, ക്രൈസ്തവ ജീവിതരീതി എന്നി




**ഫാദർ ജോർജ് തേക്കടയിൽ**
തിരുവല്ല
08606446080

വയെല്ലാം വലിയ മതിപ്പോടെയാണ് സഭ വീക്ഷിക്കുന്നത്. കാരണം സഭാപിതാക്കന്മാരിലൂടെ കൈവന്ന ശ്ലൈഹീക പാരമ്പര്യം അവരിൽ പ്രശോഭിക്കുന്നുണ്ട്. ഈ പാരമ്പര്യമാകട്ടെ സാർവ്വത്രിക സഭയുടെ ദൈവാവിഷ്കൃതവും അവിഭാജ്യവുമായ പിതൃസ്വത്തിന്റെ ഭാഗമാണ്" (പൗരസ്ത്യസഭകൾ, 1). പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പന്ത്രണ്ടു പാരമ്പര്യങ്ങൾ ക്രൈസ്തവ സഭയിൽ കാണാനാവില്ല. എല്ലാ സഭകളും ഏതെങ്കിലുമൊരു അപ്പസ്തോലന്റെ ശ്ലൈഹീക പിൻതുടർച്ചയുള്ളവരാണ്. എന്നാൽ വ്യക്തമായ മൂന്ന് അപ്പസ്തോലിക പൈതൃകങ്ങൾ സഭയിൽ രൂപപ്പെട്ടു വന്നിട്ടുണ്ട്: ലത്തീൻ പാശ്ചാത്യ പാരമ്പര്യം, ഗ്രീക്ക് പൗരസ്ത്യ പാരമ്പര്യം, സുറിയാനി പൗരസ്ത്യ പാരമ്പര്യം. ലത്തീൻ പാശ്ചാത്യ പാരമ്പര്യവും ഗ്രീക്ക് പൗരസ്ത്യ പാരമ്പര്യവും പാശ്ചാത്യ-പൗരസ്ത്യ റോമാ സാമ്രാജ്യത്തിലാണ് രൂപപ്പെട്ടു വന്നത്. സുറിയാനി പൗരസ്ത്യ പാരമ്പര്യം പേർഷ്യൻ സാമ്രാജ്യത്തിലാണ് രൂപപ്പെട്ടു വന്നത്. ഈ മൂന്ന് പാരമ്പര്യങ്ങളോട് ബന്ധപ്പെട്ടാണ് ക്രൈസ്തവ സഭകളിൽ നിലവിലുള്ള സഭാത്മക പാരമ്പര്യങ്ങൾ രൂപപ്പെട്ടിട്ടുള്ളത്. പാശ്ചാത്യ-പൗരസ്ത്യ ദൈവശാസ്ത്ര ചിന്താസരണികൾ രൂപപ്പെട്ടതും ഇവിടെയാണ്. ബൈബിളിന്റെ മൂന്ന് ഭാഷാന്തരങ്ങളായ സെപ്ത്വജിന്ത് (ഗ്രീക്ക്), വുൾഗാത്ത (ലത്തീൻ), പ്ശീത്ത (സുറിയാനി) എന്നിവ രൂപപ്പെട്ടതും ഈ മൂന്ന് പാരമ്പര്യങ്ങളിലാണ്.

പന്ത്രണ്ട് അപ്പസ്തോലന്മാരുടെ ക്രിസ്തു അനുഭവം ഒരേ സമയം വ്യക്തിപരമാണ്. ഒപ്പം സംഘാതാത്മകവുമാണ്. "ആദി മുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും കരങ്ങൾകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (1 യോഹ. 1:1). ഇതാണല്ലോ അപ്പസ്തോലന്മാരുടെ ക്രിസ്തു അനുഭവവും അപ്പസ്തോലിക പൈതൃകത്തിന്റെ അടിസ്ഥാന ദർശനവും. ത്രിമാന സഭാത്മക പാരമ്പര്യങ്ങൾ പ്രധാനമായും മൂന്ന് അപ്പസ്തോലന്മാരുടെ പേരിലാണ് അറിയപ്പെടുന്നത്. ലത്തീൻ പാശ്ചാത്യ പാരമ്പര്യം പത്രോസിന്റെ നിയമമെന്നും, ഗ്രീക്ക് പൗരസ്ത്യ പാരമ്പര്യം അന്ത്രയോസിന്റെ നിയമമെന്നും, സുറിയാനി പൗരസ്ത്യ പാരമ്പര്യം തോമായുടെ നിയമമെന്നും പരിഗണിക്കപ്പെടുന്നു. ദൈവവചന പ്രകാരവും സഭാ പാരമ്പര്യപ്രകാരവും അപ്പസ്തോല സംഘത്തെ ഒന്നിപ്പിക്കുന്ന വ്യക്തി പത്രോസാണ്. "നീ തിരിച്ചു വന്ന് നിന്റെ സഹോദരരെ ശക്തിപ്പെടുത്തണം" (ലൂക്കാ. 22:32) എന്ന് യേശുക്രിസ്തു പത്രോസിനോട് പറയുമ്പോൾ അപ്പസ്തോല സംഘത്തിലും അതുവഴി സാർവത്രിക സഭയിലും പത്രോസിനുള്ള പ്രത്യേക ദൗത്യത്തെ സൂചിപ്പിക്കുന്നുണ്ട്.

**പത്രോസിന്റെ മാർഗ്ഗവും മാർത്തോമ്മായുടെ മാർഗ്ഗവും ഭാരത സഭയിൽ**

റോമാ സാമ്രാജ്യത്തിന്റെ പാശ്ചാത്യ-പൗരസ്ത്യ വിഭജനമാണ് സഭയിലും പാശ്ചാത്യ-പൗരസ്ത്യ വിഭജനങ്ങളുടെ അടിസ്ഥാനം. പേർഷ്യൻ സാമ്രാജ്യവും ഇന്ത്യയും വിഭജനങ്ങൾക്കു പുറത്തായിരുന്നെങ്കിലും പൗരസ്ത്യ സഭകളുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടു. പേർഷ്യയും ഭാരതവും മാർത്തോമ്മാ ശ്ലീഹായുടെ അപ്പസ്തോലിക പൈതൃകം അവകാശപ്പെടുന്ന സഭകളാണ്. മാർത്തോമ്മാ അപ്പസ്തോലൻ എ. ഡി. 52-ൽ ഇന്ത്യയിലെത്തിയെന്നും, സുവിശേഷം പ്രസംഗിച്ചെന്നും രക്തസാക്ഷിയായെന്നുമുള്ള ഉറച്ച പാരമ്പര്യം ഭാരതസഭയ്ക്കുണ്ട്. മാർത്തോമ്മായുടെ സുവിശേഷ ചൈതന്യത്താൽ രൂപപ്പെട്ട മലങ്കരയിലെ സഭ പൊതുവെ മാർത്തോമ്മായുടെ മാർഗ്ഗമെന്നറിയപ്പെട്ടു. 16-ാം നൂറ്റാണ്ടുവരെ പേർഷ്യൻ മെത്രാന്മാരുടെ ആത്മീയ നേതൃത്വവും, പ്രാദേശിക സഭാനേതാവായിരുന്ന അർക്കദിയാക്കോന്റെ ഭൗതിക നേതൃത്വവും സ്വീകരിച്ച സഭ, പോർച്ചുഗീസ് മിഷനറിമാരുടെ വരവോടെ ഭിന്നിക്കപ്പെട്ടു. 1599-ലെ നിർബന്ധിത ഉദയംപേരൂർ സുന്നഹദോസിനെ തുടർന്ന് ലത്തീൻ സഭയുടെ ആധിപത്യത്തിലായ മലങ്കരയിലെ സഭ, 1653-ലെ കൂനൻകുരിശു സത്യത്തെ തുടർന്ന് പഴയകൂർ-പുത്തൻകൂർ ചേരികളിലായി വിഭജിക്കപ്പെട്ടു. 1665-ൽ അന്ത്യോക്യൻ യാക്കോബായ മെത്രാനായിരുന്ന മാർ ഗ്രിഗോറിയോസ് അബ്ദുൾ ജലീലും തുടർന്ന് വന്ന അന്ത്യോക്യൻ യാക്കോബായ മെത്രാന്മാരും ഇവിടെ അന്ത്യോക്യൻ ആരാധനക്രമം തുടർന്നപ്പോൾ പുത്തൻകൂർ സമൂഹം അന്ത്യോക്യൻ ആരാധനക്രമത്തിലേയ്ക്ക് കളം മാറി. 1836-ൽ പത്രോസ് മൂന്നാമൻ എന്ന അന്ത്യോക്യൻ പാത്രിയർക്കീസ് നിർബന്ധപൂർവ്വം പുത്തൻകൂർ സമൂഹത്തെ അന്ത്യോക്യൻ സഭയുടെ നുകത്തിൻ കീഴിലാക്കി. അങ്ങനെ പോർച്ചുഗീസുകാർ വഴി പാശ്ചാത്യ റോമൻ റീത്തും, അന്ത്യോക്യൻ യാക്കോബായ സഭ വഴി പാശ്ചാത്യ സുറിയാനി ആരാധനക്രമവും ഭാരതസഭയിലെത്തി. റോമൻ സഭയും അന്ത്യോക്യൻ സഭയും പത്രോസിന്റെ അപ്പസ്തോലിക പൈതൃകം അവകാശപ്പെടുന്ന സഭകളാണ്. അങ്ങനെ ഭാരത സഭയിൽ മാർത്തോമ്മായുടെ മാർഗ്ഗവും പത്രോസിന്റെ മാർഗ്ഗവും സ്ഥാപിതമായി. 19-ാം നൂറ്റാണ്ടിന്റെ ആദ്യം



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവുസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**റാണി തിരുമൂലപുരം**

ഇംഗ്ലീഷ് മിഷനറിമാർ ഭാരതത്തിൽ സുവിശേഷവേലയ്ക്കായി കടന്നു വരുകയും, പ്രോട്ടസ്റ്റന്റ് സഭ ഭാരതത്തിൽ സ്ഥാപിതമാവുകയും ചെയ്തു. പ്രോട്ടസ്റ്റന്റ് സഭയും പത്രോസിന്റെ അപ്പസ്തോലികത്വം അവകാശപ്പെടുന്നവരാണ്. റോമിലെ സഭയും അന്ത്യോക്യായിലെ സഭയും പിന്നെ ഇംഗ്ലണ്ടിലെ സഭയും എല്ലാവരും കൂടെ ഭാരതത്തിലെ തനതായ മാർത്തോമ്മാ മാർഗ്ഗത്തിലുണ്ടായിരുന്ന സഭയെ പല ചേരികളിലാക്കി. ഇന്ന് പഴയകൂർ ഭാഗത്ത് സീറോ മലബാർ സഭയും തൃശൂർ ഭാഗത്തും മറ്റുമുള്ള ഈസ്റ്റ് സിറിയൻ (സുറായി) സഭയും, പുത്തൻകൂർ ഭാഗത്തുള്ള മലങ്കര ഓർത്തഡോക്സ് സഭയും, മലങ്കര യാക്കോബായ സഭയും, മലങ്കര മാർത്തോമ്മാ സഭയും, മലങ്കര കത്തോലിക്കാ സഭയും, തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയും, ഇവാഞ്ചലിക്കൽ സഭയുമായി നിലകൊള്ളുന്നു. ഇവ കൂടാതെ സി.എസ്.ഐ സഭയിൽ നല്ലൊരു ഭാഗം ആളുകൾ സുറിയാനി ക്രിസ്തീയ പാരമ്പര്യത്തിലുള്ളവരാണ്. ഒത്തിരിയേറെ മാർത്തോമ്മാ സുറിയാനി ക്രൈസ്തവർ വിവിധ പെന്തക്കോസ്തൽ സെക്കുകളിലേക്ക് ചേക്കേറിയിട്ടുണ്ട്. കത്തോലിക്കാ-യാക്കോബായ ചേരികളിലായി ക്നാനായ സമുദായവും നിലകൊള്ളുന്നു. അങ്ങനെ കത്തോലിക്കാ-ഓറിയന്റൽ ഓർത്തഡോക്സ്-പ്രോട്ടസ്റ്റന്റ്-പെന്തക്കൊസ്തൽ ചേരികളിലായി മാർത്തോമ്മാശ്ലീഹായുടെ അപ്പസ്തോലിക പൈതൃകത്താൽ രൂപപ്പെട്ട മലങ്കരയിലെ (ഭാരതത്തിലെ) സഭ നിലകൊള്ളുന്നു. വീണ്ടും ചില പുതിയ സഭകൾ രൂപപ്പെട്ടു വരുന്നു എന്നത് ആശങ്കാജനകമായ കാര്യമാണ്. വിശ്വാസത്തിൽ ക്രിസ്തീയവും സംസ്കാരത്തിൽ ഭാരതീയവും ആരാധനക്രമത്തിൽ പൗരസ്ത്യ സുറിയാനിയുമായിരുന്ന മലങ്കരയിലെ സഭ ഇന്ന് അനൈക്യങ്ങളുടെ നടുവിലായിപ്പോയി എന്ന് പറയാതിരിക്കാനാവില്ല.

**ആശംസകൾ**



**ദീപിക ദിനപത്രത്തിന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടർ ആയി ചുമതലയേറ്റെടുത്ത റവ. ഡോ. വർഗ്ഗീസ് മനക്കലേട്ട് അച്ചന് തിരുവല്ല അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

### മാർത്തോമ്മാ നസ്രാണികൾ വിശ്വാസത്തിൽ ഒന്നാകണം

ആധുനിക ലോകം ഒന്നിക്കാനുള്ള തീവ്രമായ അഭിലാഷത്തിലാണ്. ചരിത്രത്തിൽ രാഷ്ട്രീയമായും ഭൂമിശാസ്ത്രപരമായുമൊക്കെയുള്ള അനേകം വിഭജനങ്ങളും രക്തച്ചൊരിച്ചിലുകളും നടന്നിട്ടുണ്ട്. സഭയിൽ മിഷനറി പ്രവർത്തനമെന്നാൽ പിടിച്ചടക്കലിലൂടെ സാധ്യമാക്കണമെന്ന ചിന്തയുണ്ടായിട്ടുണ്ട്. ആദ്യത്തെ നാലു നൂറ്റാണ്ടുകൾക്ക് ശേഷം സഭയെ ഒരുതരം സാമ്രാജ്യത്വമനോഭാവം വിഴുങ്ങിയിട്ടുണ്ട്. പാശ്ചാത്യ ലോകത്ത് മാർപാപ്പാ ചക്രവർത്തിമാരുടെ ചക്രവർത്തിയായി പരിഗണിക്കപ്പെട്ടു. മിഷൻ പ്രവർത്തനങ്ങൾ ചില യൂറോപ്യൻ രാജ്യങ്ങൾ അവരുടെ സാമ്രാജ്യത്വ വിസ്തതിക്കുള്ള ചവിട്ടുപടികളായി കരുതി. ഡച്ചും, സ്പെയിനും, പോർച്ചുഗലും ഇംഗ്ലണ്ടുമൊക്കെ മിഷൻ പ്രവർത്തനങ്ങളെയും സാമ്രാജ്യത്വശൈലിയിൽ കണ്ടു. മാർത്തോമ്മാ നസ്രാണി സഭയും വിഭജനത്തിന്റെ കയ്പുനീർ കുടിക്കേണ്ടി വന്നിട്ടുണ്ട്.

രണ്ടാം വത്തിക്കാൻ സുന്നഹദോസ് ക്രൈസ്തവ ലോകത്ത് മാറ്റത്തിന്റെ വലിയ പ്രത്യാശ പകർന്നു. കത്തോലിക്കാ സഭയുടെ എക്യുമെനിക്കൽ ചിന്തകൾക്ക് പുതിയ ഉന്മേഷം നല്കിക്കൊണ്ട് സഭൈക്യ പ്രവർത്തനങ്ങൾ ക്രൈസ്തവലോകത്ത് നടന്നുകൊണ്ടിരിക്കുന്നു. സഭയിൽ ബാബേൽ അനുഭവങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഭാരതസഭയിലും, പ്രത്യേകിച്ച് കേരള സഭയിൽ പുതിയ എക്യുമെനിക്കൽ സംരംഭങ്ങൾ സ്ഥാപിതമായി. ക്രൈസ്തവ മേലദ്ധ്യക്ഷന്മാരുടെ സമിതിയും, ഇന്റർ ചർച്ച് കൗൺസിലും, പ്രാദേശിക എക്യുമെനിക്കൽ വൈദിക കൂട്ടായ്മകളും, സംയുക്ത ക്രിസ്തുമസ്-ഈസ്റ്റർ ആഘോഷങ്ങളും, നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റും, വൈ.എം.സി.എ, വൈ.ഡബ്ല്യു.സി.എ തുടങ്ങിയ പ്രസ്ഥാനങ്ങളും, കോട്ടയത്തെ സെന്റ് എഫ്രേംസ് എക്യുമെനിക്കൽ ആന്റ് റിസേർച്ച് സെന്ററുമൊക്കെ കേരള സഭയിൽ എക്യുമെനിക്കൽ രംഗത്ത് തനതായ സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്നുണ്ട്.

### സഭകളുടെ ഐക്യത്തിന് ദൈവം കൊടുക്കുന്ന പ്രാധാന്യം കേരള സഭ നല്കുന്നില്ല

ത്രിയേക ദൈവം തന്നെ കൂട്ടായ്മയാണ്; വ്യത്യസ്ത സ്വഭാവങ്ങളുള്ള മൂന്ന് വ്യക്തിത്വങ്ങളുടെ കൂട്ടായ്മ. ദൈവത്തിന്റെ സ്വപ്നവും മനുഷ്യകുലത്തിന്റെ കൂട്ടായ്മയാണ്. മാനവകുലത്തെ തന്റെ പുത്രനിലൂടെ ഒന്നിപ്പിക്കുന്നതിനാണ് ദൈവം തന്റെ രക്ഷണ്യ വ്യാപാരം നിറവേറ്റിയത്. ക്രൈസ്തവ സഭകൾ ഒന്നിക്കണമെന്ന് സദസ്സുകളിൽ പൊള്ളയായ വർത്തമാനങ്ങളിലൂടെ പ്രകടമാക്കുകയും എന്നാൽ അതിനുവേണ്ടി ഒരു ചെറുവിരൽ അനക്കാൻപോലും തയ്യാറാകാതെയും അല്പംപോലും വിട്ടുവീഴ്ചകൾ

ചെയ്യാതിരിക്കുകയും മറ്റുള്ളവരുടെ മുൻപിൽ ഒന്ന് ചെറുതാകാൻ തയ്യാറാകാതെയുമിരിക്കുന്നു സഭാ നേതൃത്വങ്ങൾ. വസ്തുനിഷ്ഠമായും നിഷ്പക്ഷമായും യുക്തിപൂർവ്വവും കാര്യങ്ങൾ അപഗ്രഥിക്കാത്തതു കാരണം പലപ്പോഴും മൗലികവാദ സമീപനങ്ങളിലേക്ക് സഭയും നീങ്ങുന്നു. മറ്റു സഭകളെ പഠിക്കുവാനൊ അവരെ മനസ്സിലാക്കാനോ സാധിക്കുന്നില്ല. മതമാണെങ്കിലും പ്രത്യയശാസ്ത്രമാണെങ്കിലും സഭകളാണെങ്കിലും വസ്തുനിഷ്ഠമായും നിഷ്പക്ഷമായും യുക്തിബോധത്തോടെയും കാര്യങ്ങൾ ഗ്രഹിച്ചില്ലെങ്കിൽ മൗലികവാദപരവും തീവ്രവാദപരവുമായ നിലപാടുകളിലേക്ക് നീങ്ങിക്കൊണ്ടിരിക്കും.

### ആത്മീയ എക്യുമെനിസത്തിന്റെ അഭാവം


ഹൃദയങ്ങൾക്ക് മാറ്റമുണ്ടായാൽ മാത്രമെ സഭൈക്യം സാധ്യമാകൂ. "നാമൊന്നായിരിക്കുന്നതു പോലെ അവരും നമ്മിൽ ഒന്നാകണം'' എന്ന ക്രിസ്തുവിന്റെ പ്രാർത്ഥനപോലെ സഭകളുടെ ഐക്യത്തിന് ഹൃദയം നുറുങ്ങിയുള്ള പ്രാർത്ഥനകൾ അവശ്യഘടകമാണ്. സഭൈക്യവാര പ്രാർത്ഥനയൊ, എക്യുമെനിസത്തിന്റെ പേരിൽ ഔപചാരികമായ പ്രാർത്ഥനകളൊ മാത്രം നടത്തുന്നതു കൊണ്ട് സഭൈക്യം സാധ്യമാകണമെന്നില്ല. ഐക്യത്തിന്റെ ആത്മാവിൽ ഇടപെടുവാനുള്ള സാഹചര്യം സഭകൾ സാധ്യമാക്കി കൊടുക്കണം. സഭൈക്യത്തെ മനുഷ്യബുദ്ധിക്കുള്ളിൽ മാത്രമൊതുക്കുന്നത് വിഡ്ഢിത്തരമാണ്. സഭകളുടെ ഐക്യം മനുഷ്യകുലത്തിന്റെ മുഴുവനുമുള്ള ഐക്യത്തിലേക്കുള്ള മാർഗ്ഗമാണ്. സഭകളിലെ അനൈക്യം പൈശാചിക പ്രവർത്തനമാണ്. സാത്താനു പ്രവർത്തിക്കാൻ നാം ഇടം കൊടുക്കുന്നതാണ് അനൈക്യത്തിന് വളമാകുന്നത്. "ഉപവാസം കൊണ്ടും പ്രാർത്ഥനകൊണ്ടുമല്ലാതെ ഈ ജാതി പുറത്തുപോകില്ല" എന്ന ദൈവവചനം ഓർക്കേണ്ടതുണ്ട്. അധികാരം, പണം, സ്വയം എളിമപ്പെടാനുള്ള ബുദ്ധിമുട്ട്, പിടിവാശി തുടങ്ങി ഒത്തിരിയേറെ കാര്യങ്ങൾ ഐക്യത്തെ തടസ്സപ്പെടുത്തുന്നുണ്ട്. മനുഷ്യഹൃദയങ്ങളിൽ നവീകരണമുണ്ടാകണമെങ്കിൽ തീവ്രമായ ആത്മീയ മുന്നേറ്റങ്ങൾ സഭയിലുണ്ടാകേണ്ടിയിരിക്കുന്നു. വിവിധ വ്യക്തിഗത സഭകളുടെ സിനഡും, മെത്രാന്മാരുടെ കൗൺസിലും, കേരളത്തിലെ കത്തോലിക്കാ മെത്രാന്മാരുടെ സമിതിപോലുള്ള പ്രസ്ഥാനങ്ങളും ഇന്റർ ചർച്ച് കൗൺസിലും, സഭാ തലവന്മാരുടെ സമിതിയുമൊക്കെ ആത്മീയ എക്യുമെനിസം കേരള സഭയിൽ പ്രാവർത്തികമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.

### സഭൈക്യമെന്നാൽ സഭകളുടെ ലയനമല്ല

ഐക്യമെന്നാൽ ഐകരൂപ്യമെന്നല്ല (unity is not uniformity) അർത്ഥമാക്കേണ്ടത്. സഭയ്ക്ക് പ്രത്യേകിച്ചും. പാശ്ചാത്യ സഭയ്ക്ക് ഒരു സാമ്രാജ്യത്വമനോഭാവത്തിന്റെ കാലഘട്ടമുണ്ടായിരുന്നു. പേപ്പസിയുടെ വളർച്ചയെ തുടർന്നാണ് ഈ ഒരു മനോഭാവം സഭയിൽ രൂപപ്പെട്ടത്. ലോകം മുഴുവനും സുവിശേഷം പ്രഘോഷിക്കുക എന്ന ക്രിസ്തുവിന്റെ കല്പനയെ തെറ്റിദ്ധരിച്ച് ലോകം മുഴുവനും കീഴ്പ്പെടുത്തി ക്രിസ്ത്യാനികളാക്കുക എന്ന രീതിയുണ്ടായി. അങ്ങനെ വിവിധ സംസ്കാരങ്ങൾ ചവിട്ടിമെതിക്കപ്പെട്ടു, മറ്റു മതസ്ഥർക്ക് പ്രയാസമുണ്ടാക്കുന്ന പ്രവർത്തനങ്ങളുണ്ടായി, പൗരസ്ത്യസഭകളുടെ വികാരവിചാരങ്ങൾ മനസ്സിലാക്കാതെ അവയെ പാശ്ചാത്യവൽക്കരിക്കുവാനുള്ള ശ്രമങ്ങളുണ്ടായി. ഒത്തിരിയേറെ ക്രിസ്തീയമല്ലാത്ത സമീപനങ്ങൾ ക്രൈസ്തവലോകത്തുണ്ടായി. വി. അഗസ്തീനോസ് പറയുന്നു: "അടിസ്ഥാന വിഷയങ്ങളിൽ ഐക്യം, ഐച്ഛിക വിഷയങ്ങളിൽ സ്വാതന്ത്ര്യം, എല്ലാ കാര്യങ്ങളിലും സ്നേഹം." സഭൈക്യത്തിന്റെ അടിസ്ഥാന തത്വമായി സ്വീകരിക്കേണ്ടത് ഈ മനോഭാവമാണ്. ഇവിടെ ഒരു സഭ മറ്റൊന്നിൽ ലയിക്കുന്നില്ല. ഓരോ സഭയും അവനവന്റെ വ്യക്തിത്വം കാത്തുസൂക്ഷിക്കും, അവരവരുടെ ആത്മീയത കൈവെടിയാതിരിക്കും, അവരവരുടെ നിയമസംവിധാനങ്ങളും അച്ചടക്കവും പിൻതുടരും. അവരവരുടെ പൈതൃകങ്ങൾ തുടർന്നുകൊണ്ടിരിക്കുകയും വേണം. എന്നാൽ വിശ്വാസം, കൂദാശ, ഹയരാർക്കി തുടങ്ങിയ കാര്യങ്ങളിൽ ഐക്യമുണ്ടാകണം. ഇവിടെ ആരും വലിയവരാകുന്നില്ല, ആരും ചെറിയവരാകുന്നില്ല. സഭയിൽ അധികാരം ശുശ്രൂഷയാണ്. "എന്റെ രാജ്യം ഐഹീകമല്ല" എന്ന ക്രിസ്തുവചനം സഭൈക്യരംഗത്ത് വളരെയേറെ പ്രസക്തമാണ്.

### മാർത്തോമ്മാ നസ്രാണി സഭകളിൽ അൽമായ പങ്കാളിത്തവും സഭൈക്യ സാധ്യതകളും

16-ാം നൂറ്റാണ്ടുവരെ അൽമായ പങ്കാളിത്തത്തോടെയാണ് മാർത്തോമ്മാ നസ്രാണിസഭ മുന്നേറിയത്. പിന്നീടുള്ള കാലഘട്ടങ്ങൾ പലപ്പോഴും വിഭജനങ്ങളുടെയും അധികാര കേന്ദ്രീകരണത്തിന്റെയും കാലങ്ങളായിരുന്നു. പാശ്ചാത്യ കത്തോലിക്കാ സഭയുടെ സ്വാധീനം സഭയിൽ അധികാരം വൈദീക കേന്ദ്രീകൃതമാക്കി. ഇന്നും പല വിധത്തിലും കത്തോലിക്കാ കൂട്ടായ്മയിലുള്ള സീറോ മലബാർ, സീറോ മലങ്കര സഭകളിലെ ഹയരാർക്കി കേന്ദ്രീ



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**


മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവുസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**രഞ്ജൻ കല്ലുംമൂഴി**

കൃതമായ ഭരണ സംവിധാനമാണെന്നോ വൈദീക കേന്ദ്രീകൃതമായ സംവിധാനമാണെന്നോ പറയാം. എന്നാൽ ഓർത്തഡോക്സ്-പ്രോട്ടസ്റ്റന്റ് സ്വാധീനമുള്ള മാർത്തോമ്മാ നസ്രാണി സഭകളിൽ അൽമായരുടെ പങ്കാളിത്തം സഭയിൽ കുറെക്കൂടെ ശക്തമാണ്. മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യത്തിന് പൗരോഹിത്യ കേന്ദ്രീകൃതമായ ശൈലി വിലങ്ങുതടിയാണെന്നതിന് രണ്ടു പക്ഷമില്ല.

**വൈദിക ബ്രഹ്മചര്യം മാർത്തോമ്മാ നസ്രാണികളുടെ ഐക്യത്തിന് തടസ്സമാകുന്നുണ്ടോ?**

മാർത്തോമ്മാ നസ്രാണി സഭയിൽ നിർബന്ധിത വൈദിക ബ്രഹ്മചര്യമായിരുന്നില്ല നില നിന്നിരുന്നത്. പൊതുവെ ക്രൈസ്തവസഭകളിൽ, പാശ്ചാത്യ-പൗരസ്ത്യസഭകളിൽ വൈദികർ വിവാഹജീവിതം നയിച്ചിരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. വൈദിക ബ്രഹ്മചര്യം പൊതുവെ അംഗീകരിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്നത് സത്യമാണ്. ആധുനിക കാലഘട്ടത്തിൽ വൈദിക ബ്രഹ്മചര്യത്തിന് ഗുണപരമായ മാറ്റങ്ങൾ സഭയിലും സമൂഹത്തിലും ഉളവാക്കാനാവുന്നുണ്ടോ എന്നത് ചിന്തിക്കേണ്ട വസ്തുതയാണ്. കത്തോലിക്കാ സഭാകൂട്ടായ്മകളിൽ തന്നെ മിക്കവാറും എല്ലാ പൗരസ്ത്യ സഭകളും വൈദികർ വിവാഹിതരാകുന്നതിൽ തടസ്സമില്ല. സഭയുടെ വിശ്വാസമോ, പാരമ്പര്യമോ, ബൈബിളിലെ വൈദിക ബ്രഹ്മചര്യത്തെ തടയുന്നില്ല. ഇടവക പട്ടക്കാർ വിവാഹിതരാകുന്ന പാരമ്പര്യം പൗരസ്ത്യ സഭകൾ തിരികെ കൊണ്ടുവരുന്നത് സഭൈക്യരംഗത്തും ഗുണപരമായ മാറ്റത്തിന് കാരണമാകുമെന്നതിൽ സംശയമില്ല. സഭയിൽ സന്യസ്തജീവിതം നയിക്കുന്ന വൈദികരുമുണ്ട്, സാധാരണ ജനങ്ങളോടൊത്ത് ജീവിതം നയിക്കുന്ന ഇടവക വൈദികരുമുണ്ട്. സന്യസ്തർ വ്രതത്രയങ്ങൾ അവരുടെ ജീവിതത്തിന്റെ അവിഭാജ്യ ഘട്ടമായി കരുതുന്നു. എന്നാൽ സെക്കുലർ വൈദികരും സന്യസ്തജീവിതം നയിക്കപ്പെടാൻ നിർബന്ധിക്കപ്പെടുന്നത് വ്യക്തികളുടെ ഇടയിലും സഭയിലും പല തരത്തിലുള്ള പിരിമുറുക്കങ്ങൾക്ക് കാരണമാകുന്നുണ്ട്.



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി കല്ലിശ്ശേരി**

**മാർത്തോമ്മാ നസ്രാണികളും ഏഴു തലപ്പള്ളികളും**

മാർത്തോമ്മാ നസ്രാണികളുടെ പൊതുപൈതൃകത്തിന്റെ ഭാഗമാണ് മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴരപ്പള്ളികൾ. ഇന്ന് കത്തോലിക്കാ-ഓർത്തഡോക്സ്-പ്രോട്ടസ്റ്റന്റ് ചേരികളിലായും പാശ്ചാത്യ-പൗരസ്ത്യ സഭകളിലായും മറ്റും മാർത്തോമ്മാ നസ്രാണികൾ ജീവിക്കുന്നുവെങ്കിലും മർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു സഭാസമൂഹങ്ങൾ എല്ലാവർക്കും പ്രിയപ്പെട്ടതാണ്. ഇന്നുള്ള വിവിധസഭകൾ ഈ പൊതുപൈതൃകത്തിൽ നിന്നും രൂപംകൊണ്ടവയാണ്. വിവിധ സഭകളുടെ ഉടമസ്ഥതയിലാണ് ഈ ഏഴു പൊതുപള്ളികളെങ്കിലും, മാർത്തോമ്മാ നസ്രാണികളുടെ അഭിമാനമായ ഈ പള്ളികളുടെ ഉപദേവാലയങ്ങളിലായിട്ടാണ് എല്ലാ സഭകളുടെയും പള്ളികൾ സ്ഥിതി ചെയ്യുന്നത്. വിവിധ സഭകളുടെ കീഴിലുള്ള പള്ളികളുടെ പ്രതിനിധികൾ ഓരോ തലപ്പള്ളിയുടെയും നാമത്തിൽ ഒന്നിച്ചുകൂടുന്നത്. സഭൈക്യത്തിലേക്ക് നയിക്കുവാനുള്ള സാധ്യതകളെ വർത്തമാനമാക്കുമെന്ന കാര്യത്തിന് സംശയമില്ല. നമ്മുടെ കുടുംബയോഗങ്ങളും സഭൈക്യത്തിന്റെ സാധ്യതകളെ തിരിച്ചറിയേണ്ടതുണ്ട്. ഓരോ കുടുംബയോഗവും വിവിധ സഭാംഗങ്ങൾ ഉൾക്കൊ ള്ളുന്നുണ്ടല്ലൊ.

**ഉപസംഹാരം**

“സത്യമേവ ജയതേ” എന്നതാണ് ഭാരതത്തിന്റെ ആപ്തവാക്യം. സത്യം ദൈവമാണ്. സത്യത്തിന് വിരുദ്ധമായതെല്ലാം പൈശാചികമാണ്. അനൈക്യം പൈശാചികമാണ്. ദൈവം ആഗ്രഹിക്കുന്ന വഴിയിൽ നിന്നും ഒത്തിരിയേറെ വ്യതിചലിച്ചാണ് കേരള സഭയുടെ മുന്നോട്ടുള്ള പ്രയാണം. ഇവിടെ ചരിത്രത്തിന്റെ ഗതിവിഗതികളാൽ മാർത്തോമ്മായുടെ മാർഗ്ഗവും മാർ പത്രോസിന്റെ മാർഗ്ഗവുമുണ്ട്. പക്ഷെ ക്രിസ്തുവിന്റെ മാർഗ്ഗമാണ് ഏറ്റം പ്രധാനം. അഭിപ്രായവ്യത്യാസങ്ങളും തെറ്റിദ്ധാരണകളും പറഞ്ഞു തീർക്കണം. പ്രാദേശികവും അന്തർദേശീയവുമായ ഡയലോഗുകൾ പ്രോത്സാഹിപ്പിക്കണം. റോമിലെ കത്തോലിക്കാ സഭാ കാര്യാലയങ്ങളുമായി മാത്രമെ സംവാദം നടത്തൂ എന്നു പിടിവാശി പിടിച്ചാൽ അത് പ്രാദേശിക സംവാദങ്ങൾക്ക് തടസ്സമാകും. കത്തോലിക്കാ കൂട്ടായ്മയിലുള്ള സീറോ മലബാർ-സീറോ മലങ്കര സഭകളുമായി കേരളത്തിലുള്ള മലങ്കര ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മാ, തൊഴിയൂർ, സ്വതന്ത്രസുറിയാനി, സൂറായി സഭകൾ സംവാദങ്ങളിലേർപ്പെടണം. പരസ്പരമുള്ള കുറ്റപ്പെടുത്തലുകൾ പാടെ ഉപേക്ഷിക്കണം. ഐക്യത്തിനുള്ള സാധ്യതകൾ കണ്ടെത്തി അവയെ പ്രോത്സാഹിപ്പിക്കണം. ദൈവമെന്ന ഭാവം വിട്ട് സൃഷ്ടാവ് സൃഷ്ടിയുടെ തലത്തിലേക്ക് ഇറങ്ങി വന്നത് മനുഷ്യകുലത്തെ ഒന്നിപ്പിക്കാനും ദൈവീകനാക്കാനുമാണ്. സഭയും ഈ മാതൃക പിൻചൊല്ലുമ്പോൾ സഭൈക്യം സാധ്യമാകും.



# അറിയാതെ പോകുന്നത്

'എന്താണിത്? ഈ മാർക്കിൽ ഞാൻ ഒട്ടും തൃപ്തനല്ല.' പ്രോഗ്രസ് റിപ്പോർട്ട് ഉയർത്തിപ്പിടിച്ച് ഒരു രക്ഷാകർത്താവ് ദേഷ്യപ്പെടുകയാണ്. പ്ലസ്‌വൺ കുട്ടികളുടെ ഒന്നാം പാദ പരീക്ഷ കഴിഞ്ഞുള്ള ക്ലാസ് പി. റ്റി. എ മീറ്റിംഗാണ് വേദി. എസ്. എസ്. എൽ. സിക്ക് എല്ലാ വിഷയത്തിനും എ+ കിട്ടിയ കുട്ടിയുടെ ഇപ്പോഴത്തെ മാർക്ക് ആ നിലവാരത്തിലേയ്ക്ക് എത്തിയിട്ടില്ല എന്നതാണ് അദ്ദേഹത്തെ അസ്വസ്ഥനാക്കുന്നത്.

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നഷ്ടപ്പെട്ടതൊന്നും അറിയാത്ത ഒരു ശുദ്ധഗതിക്കാരൻ! അദ്ദേഹത്തിന്റെ ദേഷ്യം കണ്ടപ്പോൾ തോന്നിയതതാണ്. അതേസമയം ഇങ്ങനെ വിചാരിക്കുന്നതിൽ അദ്ദേഹത്തെ കുറ്റപ്പെടുത്താനും വയ്യ. കാരണം അവരൊക്കെ പഠിച്ച കാലത്ത് ഇതല്ലല്ലൊ സ്ഥിതി.

പത്താം ക്ലാസിൽ തൊണ്ണൂറു ശതമാനത്തിനും മേലെ മാർക്കുള്ളതുകൊണ്ട് എല്ലാം ശുഭമാണെന്നോ പ്ലസ്‌വൺ സിലബസിൽ ആദ്യത്തെ പരീക്ഷയിൽതന്നെ ആ ഗ്രേഡിലേക്ക് കുട്ടി എത്തുമെന്നോ കരുതുന്നതിൽ യാതൊരു കാര്യവുമില്ല. പഠനം ഒരാവശ്യമായി തോന്നാത്തതുകൊണ്ട് അക്ഷരജ്ഞാനം പോലും ഇല്ലാതെയാണ് പല കുട്ടികളും ക്ലാസ്കയറ്റം നേടി വരുന്നത്.

ഇപ്പോഴത്തെ അവസ്ഥയിൽ ആ+ തന്നെ കിട്ടിയാലും പ്ലസ്ടു സിലബസ് ഒരു ബാലികേറാമലയാണെന്നു പറയാം. അടിസ്ഥാനമുറപ്പിക്കാതെ സൗധം പണിതാൽ എങ്ങനെയിരിക്കും? അതാണ് ഇന്നു വിദ്യാഭ്യാസമേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ



സി. എലൈസ്മേരി
ചേറ്റാനി FCC

വിദ്യാഭ്യാസ പരിശീലന സമിതിയുടെ (എസ്സിഇആർടി) പഠനമനുസരിച്ച് ഏഴാം ക്ലാസിലെ അഞ്ചു ശതമാനം കുട്ടികൾക്ക് ഇംഗ്ലീഷ് അക്ഷരം പോലുമറിയില്ലത്രേ. മലയാളത്തിന്റെ കാര്യവും മെച്ചമാണെന്ന് കരുതേണ്ട. ഇതിനിടയിൽ, ട്യൂഷനു വിടാഞ്ഞിട്ടാണ് മാർക്ക് കുറഞ്ഞതെന്ന് ആരോ കണ്ടുപിടിച്ചു. ആ വാദഗതിയും അത്ര ശരിയാണെന്നു തോന്നുന്നില്ല. ട്യൂഷനുള്ളവരും ഇല്ലാത്തവരുമൊക്കെ ഒരുപോലെയാണ്.

ഇങ്ങനെയൊക്കെ ഒറ്റയ്ക്കും കൂട്ടമായും ചിന്തിക്കുന്നതിനിടയിൽ ആ രക്ഷാകർത്താവിനോട് ഒന്നു ചോദിക്കാതിരിക്കാനായില്ല. കുട്ടിയ്ക്ക് മൊബൈൽഫോണുണ്ടോ? അന്നുവരെ പഠനത്തെ ഗൗരവത്തിലെടുക്കാത്ത പലരും പ്ലസ്‌വണ്ണിലാകുമ്പോൾ കുറച്ചൊക്കെ പഠിക്കാൻ തുടങ്ങുമെന്ന് അനുഭവത്തിൽനിന്ന് മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് മാർക്ക് കുറഞ്ഞതിൽ അങ്ങനെയൊരു സംശയം തോന്നിയത്.

എന്റെ ഊഹം തെറ്റിയില്ല. പെട്ടെന്ന് ഉത്തരം വന്നു. "നല്ലൊരു സ്മാർട്ട് ഫോൺ വാങ്ങിക്കൊടുത്തിട്ടുണ്ട്. ഫുൾ എ+ നേടിയതിന് മൊബൈൽ ഫോണായിരുന്നു സമ്മാനം." അത് പറയുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകളിൽ എന്തൊരു അഭിമാനമായിരുന്നു!

കുട്ടിക്ക് അതിന്റെ ഉപയോഗം എന്താണെന്നു ചോദിച്ചപ്പോൾ വളരെ നിർദോഷമെന്നു തോന്നുന്ന രീതിയിലാണ് മറുപടി പറഞ്ഞത്. "അവനാരെയും വിളിക്കുന്നൊന്നുമില്ല. പിന്നെ, എന്റെ അനുവാദത്തോടെ കുറച്ചു സമയം ഗെയിം കളിക്കാറുണ്ട്." എല്ലാം തന്റെ നിയന്ത്രണത്തിലാണെന്ന ആ അച്ഛന്റെ ആത്മവിശ്വാസം കണ്ടപ്പോൾ ചെറിയൊരു സങ്കടം തോന്നി. മാതാപിതാക്കളുടെ അറിവില്ലായ്മയെയും നല്ല മനസ്സിനെയും ചൂഷണം ചെയ്യുന്ന മക്കളെ അവർ തിരിച്ചറിയുന്നില്ലല്ലോ എന്നോർത്ത്.

ഗെയിം ഒരു വില്ലനാകുന്നുണ്ടെന്നത് മാതാപിതാക്കളോ മക്കളോ ശ്രദ്ധിച്ചിട്ടില്ലാത്തൊരു കാര്യമാണ്. സൈബർ ലഹരിക്ക് അടിമപ്പെട്ടാലുള്ള ഗുരുതര ഭവിഷ്യത്തൊന്നും പലരും മനസ്സിലാക്കയിട്ടില്ല. ഇന്റർനെറ്റ് ലഹരി, ചികിത്സ ആവശ്യമുള്ള ഒരു മാനസിക പ്രശ്നമാണെന്ന് അധികമാരും മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഗെയിം കളിക്കാതിരിക്കുമ്പോൾ അനുഭവപ്പെടുന്ന അസ്വസ്ഥതയെക്കുറിച്ച് എത്രയോ കുട്ടികൾ പങ്കുവച്ചിരിക്കുന്നു. മദ്യ- മയക്കുമരുന്ന് ലഹരിപോലെ ഒരു രോഗംതന്നെയാണത്.

എന്റെ പ്രതികരണം കണ്ടിട്ടാകും, ഉടൻ വന്നു കുട്ടിയെ ന്യായീകരിച്ചുകൊണ്ടുള്ള മറുപടി. 'ഓ, അതൊക്കെ ഇപ്പോ എല്ലാരും ചെയ്യുന്നതല്ലേ?' വാസ്തവത്തിൽ കുട്ടിയെയല്ല, ആ രക്ഷാകർത്താവിനെ തന്നെയാണ് ശരിക്കും ബോധവത്കരിക്കേണ്ടതെന്ന് തോന്നി. ഗെയിം എന്താണെന്നോ അതുകൊണ്ട് ഗുണമാണോ ദോഷമാണോ ഉണ്ടാകുന്നതെന്നോ പോലും പല മാതാപിതാക്കൾക്കും അറിയില്ല.

ഒരുകാര്യം ശരിയാണ്. മൊബൈൽ ഫോണിൽ കുടുങ്ങിക്കിടക്കുന്നവരുടെ തലച്ചോറ് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് പറയാനാവില്ല. പഠനത്തിൽ പിന്നാക്കം പോകുന്നത് മാത്രമേ പലപ്പോഴും നമ്മൾ ശ്രദ്ധിക്കാറുള്ളൂ. അവരിലുണ്ടാകുന്ന വൈകാരികവും മാനസികവുമായ പ്രശ്നങ്ങളെ പൊതുവേ അവഗണിക്കുകയാണ്.

മാനസിക പിരിമുറുക്കത്തിനും ശ്രദ്ധക്കുറവിനും ഓർമക്കുറവിനുമൊക്കെ മൊബൈൽ കാരണമാകുന്നുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. നിരാശാബോധവും ഉത്കണ്ഠയും അവർക്കു കൂടുതലായിരിക്കുമത്രേ. അതുപോലെതന്നെ ഇന്നത്തെ തലമുറയ്ക്ക് പരസ്പരം സ്നേഹിക്കാനുള്ള കഴിവുപോലും നഷ്ടപ്പെടുകയാണെന്ന് വിലപിക്കാത്ത ആരെങ്കിലുമുണ്ടോ? ജീവനുള്ള സ്നേഹവും കരുതലുമൊക്കെ ജീവനില്ലാത്ത ഉപകരണങ്ങളിലേക്കു പകരുമ്പോൾ അവർ യന്ത്രമനുഷ്യരായി മാറാതെങ്ങനെ.



സ്മാർട്ടു ഫോണുകളിൽ കളിക്കാൻ തുടങ്ങുമ്പോൾ മക്കളുടെ സംസാരം കുറയുന്നുവെന്നതിനൊപ്പം മറ്റുള്ളവരെ കേൾക്കാനുള്ള ക്ഷമയും അവർക്കില്ലാതാകുന്നുണ്ട്.

മാതാപിതാക്കളോടും മറ്റു കുടുംബാംഗങ്ങളോടുമുള്ള ആശയവിനിമയം നഷ്ടമാകുന്നതനുസരിച്ച് അവർ അന്യരാകുന്നുവെന്ന് മാത്രമല്ല, ആകാശസൗഹൃദങ്ങൾക്ക് മുൻഗണന നൽകുമ്പോൾ ജീവിതസംബന്ധിയായ പല കാര്യങ്ങളും മനസ്സിലാക്കാതെയും പോകുന്നു. മിസ്ഡ്കോളിലൂടെയും ഫേസ്ബുക്കിലൂടെയുമൊക്കെ ഉണ്ടാക്കുന്ന സൗഹൃദങ്ങൾ പല തരത്തിലുമുള്ള ചൂഷണങ്ങൾക്കും ചതിക്കും കാരണമാകുന്നുണ്ട്. ഒളിച്ചോട്ടവും ആത്മഹത്യയും വരെ എത്തി നിൽക്കുന്നു കാര്യങ്ങൾ. മാതാപിതാക്കളുടെ നിയന്ത്രണമില്ലാതെയും അനുസരണയും ചിട്ടകളും മര്യാദകളും ശീലിക്കാതെയും വളരുന്നവർ എങ്ങനെ

ശരിയാകുമെന്നാണ് കരുതുന്നത്.

ആദ്യവിദ്യാലയമായ കുടുംബത്തിൽ നിന്നും ആദ്യാധ്യാപകരായ മാതാപിതാക്കളിൽനിന്നും ശരിയായ പാഠങ്ങൾ പഠിക്കാത്തവർ സ്കൂളിൽ നിന്ന് പഠിക്കുമെന്നു കരുതുന്നതും ശരിയല്ല. വിദ്യാഭ്യാസ പ്രക്രിയയിൽ താല്പര്യപൂർവം പങ്കെടുക്കുന്ന ഗുരുത്വമുള്ള ശിഷ്യർ കുറഞ്ഞു വരുന്നതിന് ഇങ്ങനെ കുറച്ചു കാരണങ്ങൾ കൂടിയുണ്ട്.

സമ്മതിച്ചാലും ഇല്ലെങ്കിലും ഇന്റർനെറ്റും മൊബൈൽഫോണും ബന്ധങ്ങളുടെ തളർച്ചയ്ക്കും തകർച്ചയ്ക്കുമുള്ള പുതിയ കാരണങ്ങൾ ധാരാളമായി കൊണ്ടുവരുന്നുണ്ട്. സോഷ്യൽ മീഡിയകൾ ആവശ്യമെങ്കിലും അത് അപകടത്തിലേക്കും കൊണ്ടുപോകാമെന്ന് വെറുതെ പറയുന്നതല്ല. ജ്ഞാനത്തിന്റെ അമൃതും ദുർവാസനകളുടെ കാളകൂടവും അതിലുണ്ടെന്ന് സമ്മതിച്ചേ പറ്റൂ. ബൈബിൾ ഓർമിപ്പിക്കുന്നതുപോലെ ജീവനും മരണവും നിങ്ങളുടെ മുന്നിലുണ്ട്. ഏതു വേണമെന്ന് അവരവരാണ് നിശ്ചയിക്കേണ്ടത്. എന്തായാലും ശാരീരികവും മാനസികവുമായ വൈകല്യങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കുമൊക്കെ നവമാധ്യമങ്ങളുടെ ദുരുപയോഗം കാരണമാകുന്നുണ്ടെന്ന് അംഗീകരിക്കാതെ തരമില്ല.

ചെറുപ്പക്കാരുടെ ഓൺലൈൻ ഗെയിം ഭ്രമം കൊണ്ട് ചൈനയിലെ ഭരണാധികാരികൾ വലഞ്ഞിരിക്കുകയാണെന്ന് അടുത്തിടെ വായിക്കുകയുണ്ടായി. ഇന്റർനെറ്റ് ഉപയോഗിക്കുന്നവരിൽ ഇരുപത്തിമൂന്നു ശതമാനവും പത്തൊമ്പതു വയസ്സിനു താഴെയുള്ളവരാണത്രേ. ഇന്റർനെറ്റ് അഡിക്ഷനെത്തുടർന്ന് ഡി അഡിക്ഷൻ സെന്ററിൽ പ്രവേശിപ്പിച്ച വൈരാഗ്യത്തിൽ പതിനാറുകാരിയായ മകൾ അമ്മയെ കൊന്നുവെന്നൊക്കെ വായിക്കുമ്പോൾ ഭയപ്പെടാതെങ്ങനെ.


ഇതങ്ങ് ചൈനയിലെ കാര്യമല്ലേ എന്ന് ആശ്വസിക്കയൊന്നും വേണ്ട. നമ്മുടെ നാട്ടിലും കുട്ടികളുടെ ഫോൺ ഉപയോഗത്തിന്റെ പ്രായം ചുരുങ്ങി വരികയാണെന്നതിൽ സംശയമില്ല. പൊക്കിൾക്കൊടി മുറിച്ച നിമിഷം മുതൽ മൊബൈൽ ഫോൺ കൈയിൽ പിടിച്ചു നടക്കുന്ന കുഞ്ഞിന്റെ പരസ്യം കണ്ട് നമ്മൾ രസിച്ചു. തമാശ മട്ടിലാണത് കണ്ടതെങ്കിലും അതിലുള്ള അപകടം ആരും അത്ര ഗൗരവത്തിലെടുത്തിട്ടില്ലെന്ന് തോന്നുന്നു. മൊബൈൽ ഫോണും ഇന്റർനെറ്റും ചാറ്റിംഗും ചീറ്റിംഗുമൊക്കെ അക്രമവാസനകളിലേക്കും സ്നേഹരാഹിത്യത്തിലേക്കുമാണ് തലമുറകളെ നയിക്കുന്നത്.

സ്മാർട്ട് ഫോണുകളിൽ കൂടുതൽ സമയം ചെലവഴിക്കുന്നത് കുട്ടികളുടെ വായനാശീലത്തെയും പഠനമികവിനെയും പ്രതികൂലമായി ബാധിക്കുമെന്ന് സമീപകാല പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇന്റർനെറ്റിന് അടിമപ്പെട്ടവർക്ക് ജോലിയിലും പഠനത്തിലും ശ്രദ്ധിക്കാനാവാതെ വരുമ്പോൾ മാത്രമാണ് ചിലരെങ്കിലും അപകടം തിരിച്ചറിയുന്നത്.

സർഗാത്മകമായ കഴിവുകൾ നഷ്ടപ്പെട്ട മക്കളെയോർത്ത് വിലപിക്കുന്നവർ ഒന്നോർക്കണം. ഇതു കുട്ടികളുടെ മാത്രം പ്രശ്നമല്ല. അതിദ്രുതം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തിൽ ഭാര്യാഭർത്തൃബന്ധത്തിലെ താളപ്പിഴകൾക്കും സ്മാർട്ട് ഫോണുകൾ കാരണമാകുന്നുണ്ട്. സ്ത്രീകൾക്ക് ഭർത്താക്കാരില്ലാതെ എത്രകാലം ഒറ്റയ്ക്ക് ജീവിക്കാമെങ്കിലും സ്മാർട്ട്ഫോണില്ലാതെ ഒരാഴ്ചപോലും ജീവിക്കാനാവില്ലെന്നാണ് അടുത്തകാലത്ത് ബ്രിട്ടനിൽ നടന്ന ഒരു പഠനം വ്യക്തമാക്കുന്നത്. അധ്വാനശീലരും സത്ഗുണസമ്പന്നരുമായ മക്കളെ വളർത്തിയെടുക്കേണ്ടവർക്കും പാളിച്ച സംഭവിക്കുന്നത് നമ്മുടെ നാട്ടിലും കുറവൊന്നുമല്ലല്ലോ. എന്നുവെച്ചാൽ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ഭാവി അപകടത്തിലാക്കാൻ നവമാധ്യമങ്ങൾ കാരണമാകുന്നുവെന്നർഥം.

ഒന്നാലോചിക്കുക. കുടുബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ഭാവി കുട്ടികളിലാണ്. ആവശ്യത്തിന് വെള്ളവും വളവും വെളിച്ചവും നൽകി ആ ചെടിയെ പരിപാലിക്കാൻ നമ്മൾ അരയും തലയും മുറുക്കി സജ്ജരായേ പറ്റൂ. ജാഗ്രത! ●

**ഉദ്ദിഷ്ട കാര്യത്തിന് ഉപകാര സ്മരണ**




ഒരു വിശ്വാസി
ചുങ്കപ്പാറ

**ഉപകാരസ്മരണ**

**താമസിച്ചതിന് ക്ഷമാപണം**




**ജോർജ്ജ് വർഗ്ഗീസ്**



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.


**ഒരു വിശ്വാസി പുല്ലാട്**



ആരോഗ്യം



# റൂട്ട് കനാൽ ട്രീറ്റ്മെന്റ് അറിയേണ്ടതെല്ലാം!



ഡോ. സജി ചെറിയാൻ


മനുഷ്യനെ ബാധിക്കുന്ന രോഗങ്ങളിൽ ജലദോഷം കഴിഞ്ഞാൽ മുൻപന്തിയിൽ നിൽക്കുന്ന രോഗമാണ് ദന്തക്ഷയം (Dental Caries) അഥവാ പോട്. പല്ല് വേദന ഒരിക്കൽ അനുഭവിച്ചിട്ടുള്ളവർക്ക് അതിന്റെ തീവ്രത പറയാതെ മനസ്സിലാകും. പല്ലിന്റെ ശീർഷതി (Crown) ൽ കാണുന്ന ഇനാമലിനെ അണുക്കളുടെ പ്രവർത്തനഫലമായുണ്ടാകുന്ന അമ്ലങ്ങൾ നശിപ്പിച്ച്, ഡെന്റിനെയും, കടന്ന് അണുക്കൾ മജ്ജയിൽ പ്രവേശിക്കുന്നു. അനേകം ചെറിയ രക്തക്കുഴലുകളും, നാഡികളും, ലിംഫ് നാളികളും പ്രത്യേക തരത്തിലുള്ള കലകളും, പലതരം കോശങ്ങളും ചേർന്നാണ് മജ്ജ (Pulp) ഉണ്ടായിരിക്കുന്നത്. പല്ലിന്റെ ശീർഷത്തിന്റെ മധ്യഭാഗത്തുള്ള പൾപ്പ് ക്യാവിറ്റിയിലും, വേരിന്റെ മധ്യഭാഗത്തുള്ള ദന്തനാളിയിലുമായി (Root Canal) സ്ഥിതി ചെയ്യുന്ന പൾപ്പ്, അപിക്കൽ ഫൊറാമെൻ എന്ന വേരിന്റെ അറ്റത്തുള്ള സുഷിരത്തിലൂടെ താടിയെല്ലുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരിക്കൽ അണുക്കൾ പൾപ്പിലെത്തിയാൽ പൾപ്പിന് വീക്കമുണ്ടാവുകയും മിക്കപ്പോഴും വേദന അനുഭവപ്പെടുകയും ചെയ്യും. ഒരു പോട് പല്ലിന് ഉണ്ടായാൽ അത് എത്രയും വേഗം സാധാരണ രീതിയിൽ അടയ്ക്കണമെന്ന് പറയുന്നത്, പോട് പൾപ്പിൽ എത്താതിരിക്കാൻ വേണ്ടിയാണ്. പോട് പൾപ്പിൽ എത്തിയാൽ പിന്നെ 2 പ്രതിവിധിയെ ഉള്ളൂ. ഒന്നുകിൽ പല്ലെടുത്തു കളയുക, അല്ലെങ്കിൽ RCT ചെയ്ത് പല്ലിനെ രക്ഷിക്കുക. പല്ലെടുത്തിട്ട് കൃത്രിമപ്പല്ല് വെച്ചാലും പ്രകൃത്യാലുള്ള പല്ലിന്റെ ഗുണം വരുകയില്ല.

പൾപ്പിന് അണുബാധ ഉണ്ടായാൽ അത് നിർജ്ജീവമാകുകയും, അണുക്കൾ വേരിന്റെ അഗ്രഭാഗത്ത് കൂടി താടിയെല്ലിലേക്ക് പ്രവേശിച്ച് അവിടെ വീക്കവും, പഴുപ്പും ഉണ്ടാക്കും. ഈ സമയത്ത് പനി, തലവേദന, ചെവിവേദന എന്നീ ലക്ഷണങ്ങൾ കാണുന്നു. അണുബാധ നിയന്ത്രിച്ചില്ലെങ്കിൽ അത് ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് പടർന്ന് അപൂർവ്വം സാഹചര്യങ്ങളിൽ ജീവന് തന്നെ ഭീഷണിയുണ്ടാക്കാം. ഇപ്രകാരം പൾപ്പിനോ, പൾപ്പ് വഴി താടിയെല്ലിലേക്കോ ഉണ്ടാകുന്ന അണുബാധ ഇല്ലാതാക്കാനാണ് റൂട്ട് കനാൽ ചെയ്യുന്നത്. ദന്തക്ഷയം കൂടാതെ ഏതെങ്കിലും അപകടഫലമായി പല്ലിന് പൊട്ടലുണ്ടാകുമ്പോഴും, ആഘാതമുണ്ടാകുമ്പോഴും പൾപ്പിന് അണുബാധ ഉണ്ടാകാം. ഈ അവസ്ഥകളിലും റൂട്ട് കനാൽ ട്രീറ്റ്മെന്റ് (RCT) ചെയ്യേണ്ടതുണ്ട്. ഇവ കൂടാതെ പല്ലിന് കാര്യമായി തേയ്മാനം സംഭവിച്ച് ക്യാപ്പ് (Crown) ഇടേണ്ട അവസരങ്ങളിലും (RCT) ചെയ്യാറുണ്ട്.

RCT ചെയ്യുമ്പോൾ ആദ്യം ലോക്കൽ അനസ്തേഷ്യ കൊടുത്ത് പല്ല് മരവിപ്പിക്കുന്നു. പ്രത്യേകതരം ഡ്രിൽ (Bur) ഉപയോഗിച്ച് പല്ലിന്റെ മുകൾവശം തുറന്ന് പൾപ്പ് ക്യാവിറ്റിയിൽ നിന്ന് പൾപ്പ് നീക്കം ചെയ്യുന്നു. പിന്നീട് റൂട്ട് കനാൽ ഫൈൽസ് എന്ന ഉപകരണം ഉപയോഗിച്ച് ദന്തനാളി (Root Canal) വലുതാക്കി വേരിലുള്ള പൾപ്പും നീക്കം ചെയ്യുന്നു. പൾപ്പ് ക്യാവിറ്റിയും, റൂട്ട് കനാലും സലൈൻ, സോഡിയം ഹൈപ്പോക്ലോറൈറ്റ്, ക്ലോർഹെക്സിഡിൻ തുടങ്ങിയ അണുനാശിനികൾ ഉപയോഗിച്ച് കഴുകി അണുവിമുക്തമാക്കുന്നു. പഴുപ്പ് കൂടുതലുള്ള അവസരങ്ങളിൽ അണുബാധ അകറ്റാൻ കാത്സ്യം ഹൈഡ്രോക്സൈഡ് (Calcium Hydroxide) തുടങ്ങിയ മരുന്നുകൾ ഉപയോഗിക്കുന്നു. പഴുപ്പിന്റെ തോത് അനുസരിച്ച് ചിലപ്പോൾ പല തവണകളായോ RCT ചികിത്സ തീരൂ. സാധാരണ രീതിയിൽ ഒറ്റപ്രാവശ്യം കൊണ്ട് RCT ചെയ്ത് തീരും. അണുവിമുക്തമാക്കി റൂട്ട് കനാൽ Gutta Purche (ഗട്ടാപെർച്ച) എന്ന റബ്ബർ പോലെയുള്ള വസ്തു ഉപയോഗിച്ച് നിറയ്ക്കുന്നു. പല്ലിന്റെ മുകളിലുള്ള പോട് പല്ലിന്റെ അതേ നിറത്തിലുള്ള കോമ്പോസിറ്റ് ഉപയോഗിച്ച് അടയ്ക്കുന്നു. പല്ലിന് ബലക്ഷയം ഉണ്ടാകും എന്നതിനാൽ നിർബന്ധമായും RCT കഴിഞ്ഞാൽ ക്യാപ്പ് അഥവാ ക്രൗൺ ഇടേണ്ടത് അത്യാവശ്യമാണ്.

ഇനി RCT യെ ഭയക്കേണ്ട; എന്നാൽ പോട് വരുമ്പോൾ തന്നെ അടച്ചാൽ RCT ലേക്ക് ചികിത്സ നീളാതെ ഇരിക്കും.

**ഉപകാര സ്മരണ**



**ഒരു വിശ്വാസി, നെല്ലിമല**

**ഉപകാരസ്മരണ**




**ഒരു വിശ്വാസി, നെല്ലിമല**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ഒരു വിശ്വാസി, നെല്ലിമല**



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവുസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**സൂസൻ ചെത്തോങ്കര**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ഒരു വിശ്വാസി, നെല്ലിമല**

# ആശംസകൾ



ഇന്ത്യയിലെ പുതിയ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ് ജാംബത്തിസ്തി ദി ക്വാത്രോയെ സി.ബി.സി.ഐ. പ്രസിഡന്റും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ സ്വീകരിക്കുന്നു.

## ആശംസകൾ



തിരുവല്ല അതിരൂപതയുടെ പുതിയ വികാരി ജനറാൾ ആയി തിരഞ്ഞെടുക്കപ്പെട്ട മോൺ. ചെറിയാൻ താഴമൺ അച്ചന് അതിരൂപതയുടെ ആശംസകൾ

## ആശംസകൾ



ഐക്യദീപം മാസികയുടെ പുതിയ ചീഫ് എഡിറ്ററായി നിയമിതനായ റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ അച്ചന് അതിരൂപതയുടെ ആശംസകൾ



## സഭാ പിതാക്കന്മാർ

# പരിശുദ്ധാത്മാവിന്റെ വീണയായ മാർ അപ്രേം



ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ

പൗരസ്ത്യ ആരാധനക്രമഗീതങ്ങളിൽ നാം നിരന്തരം കാണുന്ന ഒരു പേരാണ് മാർ അപ്രേമിന്റേത്. സിറിയയുടെ അതിർത്തിയോട് ചേർന്ന് തുർക്കിയിൽ ഉള്ള ഒരു പട്ടണമായ നൃസയിബിനിലാണ് മാർ അപ്രേം ഭൂജാതനായത്. മാർ അപ്രേമിന്റെ കാലത്ത് ഈ പട്ടണം അറിയപ്പെട്ടിരുന്നത് നിസിബിസ് എന്നാണ്. എ.ഡി. 306-ൽ ജനിച്ചു എന്നു കരുതപ്പെടുന്ന അപ്രേം 373- ജൂൺ മാസത്തിൽ മരിച്ചു. മരണ തീയതിയുടെ കാര്യത്തിൽ ചരിത്രകാരന്മാരുടെ ഇടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ നിലവിലുണ്ട്.


സെമിറ്റിക് പാരമ്പര്യത്തിന്റെ പൂർണത കൈമുതലാക്കി സുറിയാനി ഭാഷയിൽ വളരെ ചെറുപ്പം മുതലേ അപ്രേം നല്ല വ്യുത്പത്തി പുലർത്തിയിരുന്നു. തനിക്ക് കുഞ്ഞുനാളിൽ ഉണ്ടായ ഒരു സ്വപ്നത്തെക്കുറിച്ച് അപ്രേം ഇപ്രകാരം വിവരിക്കുന്നു. ഒരു മുന്തിരിച്ചെടി അദ്ദേഹത്തിന്റെ വായിൽനിന്ന് മുളച്ചുവന്നു. അത് ആകാശത്തിനു കീഴിലുള്ള സകലതിനും മുകളിലായി വളർന്ന് ഉയർന്നു. വളരെ സമൃദ്ധമായ രീതിയിൽ അത് മുന്തിരികുലകളാൽ നിറഞ്ഞുകവിഞ്ഞു. ആകാശത്തിലെ പറവകൾ അതിൽനിന്നുണ്ടായ മുന്തിരിയാൽ പോറ്റപ്പെട്ടു. മുന്തിരിച്ചെടിയുടെ ഫലങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങളും മുന്തിരിയുടെ ഫലങ്ങൾ അദ്ദേഹത്തിന്റെ ഗീതങ്ങളും ആയിരുന്നു. ജറെമിയാപോലെ അമ്മയുടെ ഉദരത്തിൽ വച്ചു തന്നെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു താനെന്ന വ്യക്തമായ ബോധ്യം അപ്രേമിനുണ്ടായിരുന്നു.

നന്നേ ശൈശവത്തിൽ തന്നെ നിസിബീസിലെ മെത്രാനായിരുന്ന മാർ യാക്കോബിന്റെ ശിക്ഷണത്തിലാണ് അപ്രേം വളർന്നുവന്നത്. സഭയിലെ ആദ്യത്തെ സാർവത്രിക സുന്നഹദോസായ നിഖ്യാ സുന്നഹദോസിൽ മാർ യാക്കോബ് മെത്രാനോടൊപ്പം അപ്രേമും പങ്കെടുക്കുകയുണ്ടായി. ആരാധനക്രമത്തോടും ക്രിസ്തീയ വിശ്വാസങ്ങളോടും വളരെ തീവ്രമായ ബന്ധം

പുലർത്തിയിരുന്ന അപ്രേം ദൈവസന്നിധിയിലെ തന്റെ നിസ്സാരത മനസ്സിലാക്കി ജീവിതകാലം മുഴുവൻ ഒരു ശെമ്മാശനായ് നില കൊണ്ടു വൈദികനാകാനും മെത്രാനാകാനും നിർബന്ധം ഉണ്ടായപ്പോഴൊക്കെയും അദ്ദേഹം അതിൽ നിന്ന് ഒഴിഞ്ഞുമാറി. ഒരിക്കൽ താൻ അയോഗ്യൻ ആണെന്ന് കാണിക്കുവാൻ വേണ്ടി അപ്രേം ഭ്രാന്തനായി അഭിനയിക്കുകപോലും ചെയ്തു. ചെറുപ്പത്തിലെ തന്നെ വളരെയധികം ദൈവഭക്തി പ്രദർശിപ്പിച്ചിരുന്ന അപ്രേം ഒരു സന്യാസിക്ക് അനുയോജ്യമായ ജീവിതശൈലിയാണ് പിന്തുടർന്നിരുന്നത്. ഉടമ്പടിയുടെ പുത്രന്മാർ (Son of covenent) എന്നറിയപ്പെടുന്ന സന്യാസസമൂഹത്തിൽ അംഗമായിരുന്ന അപ്രേം ദൈവത്തിനുവേണ്ടി പ്രത്യേകം മാറ്റി വയ്ക്കപ്പെട്ടവൻ എന്ന രീതിയിൽ ജീവിതം നയിച്ചു പോന്നു.

ചെറുപ്പം മുതലേ ക്രിസ്തീയ വിശ്വാസ സത്യങ്ങളെക്കുറിച്ച് അപ്രേം രചനകൾ രചിച്ചുപോന്നു. വളരെ ഉയർന്ന ചിന്താഗതിയും ദൈവശാസ്ത്ര സംബന്ധമായ പാണ്ഡിത്യവും കൈമുതലായിരുന്ന മാർ അപ്രേമിന്റെ രചനകൾ എല്ലാ സുറിയാനി സഭകളെ കൂടാതെ പൗരസ്ത്യ പാരമ്പര്യത്തിലുള്ള എല്ലാ സഭകളും അപ്രേമിന്റെ രചനകൾ സഭാസംബന്ധമായ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിച്ചു പോരുന്നു. അദ്ദേഹത്തിന്റെ കൃതികളുടെ അന്തഃസത്ത മാർ അപ്രേമിനെ ഒരു വിശുദ്ധനായിട്ട് ആകമാന ക്രിസ്തീയ സഭയിൽ എല്ലാവരും വണങ്ങുന്നതിന് ഇടയാക്കി. സുറിയാനി സഭാ പാരമ്പര്യത്തിൽ പരിശുദ്ധാത്മാവിന്റെ വീഞ്ഞ്, സുറിയാനി സഭയുടെ മല്പാൻ എന്നീ പേരുകളിൽ അദ്ദേഹം അറിയപ്പെടുന്നു. നാലാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നതെങ്കിലും മാർ അപ്രേമിനെ കത്തോലിക്കാസഭ വിശുദ്ധനായി പ്രഖ്യാപിക്കുന്നത് 1920 ഒക്ടോബർ 5 നാണ്. തദവസരത്തിൽ പരിശുദ്ധ ബനഡിക്ട് 15-ാമൻ മാർപാപ്പ അദ്ദേഹത്തിന് സഭയുടെ ഗുരുഭൂതൻ (Doctor of the Church) എന്ന സ്ഥാനം കല്പിച്ചരുളി.

ഏകദേശം നാനൂറോളം കൃതികൾ അപ്രേമിന്റേതായി ഇന്ന് ലഭ്യമാണ്. അദ്ദേഹത്തിന്റെ കൃതികൾ പുതുമയാർന്നതും വിശ്വാസസമൂഹത്തെ ദൈവികാനുഭവത്തിലേക്ക് ഉയർത്തുന്നതുമാണ്. അടയാളങ്ങളും പ്രതീകങ്ങളും സാദൃശ്യങ്ങളും വളരെ അധികമായി ഉപയോഗിച്ചിരുന്ന അപ്രേമിന്റെ ഗീതങ്ങൾ ഇല്ലാത്ത ആരാധന സുറിയാനി പാരമ്പര്യത്തിൽ ഇല്ലെന്നു തന്നെ പറയാം. വിശുദ്ധ ഗ്രന്ഥത്തിൽ നല്ല അവഗാഹം ഉണ്ടായിരുന്ന അപ്രേം പഴയനിയമത്തിലെ വ്യക്തികളെയും സംഭവങ്ങളെയും യേശുരഹസ്യവുമായി ബന്ധിപ്പിച്ച് പുതിയ വ്യാഖ്യാനം നല്കി. വിശുദ്ധഗ്രന്ഥം വ്യാഖ്യാനിക്കുന്നതിലും ക്രിസ്തീയ രഹസ്യങ്ങൾ വിശദീകരിക്കുന്നതിലും അനിതരസാധാരണമായ പാടവം പുലർത്തിയിരുന്ന അപ്രേം ഉത്പത്തി, പുറപ്പാട്, ദിയതെസ്സറോൺ (ആദിമ സുറിയാനി സഭയിൽ ഉണ്ടായിരുന്ന പൊതുസുവിശേഷം) എന്നീ പുസ്തകങ്ങൾക്ക് വ്യാഖ്യാനം നല്കിയിട്ടുണ്ട്. ബൈബിളിലെ മറ്റ് പുസ്തകങ്ങൾ പലതിനും അപ്രേം വ്യാഖ്യാനം നല്കിയിട്ടുണ്ടെങ്കിലും കൈയെഴുത്തുപ്രതികളുടെ അഭാവം മൂലം അവ ഇന്ന് ലഭ്യമല്ല. എന്നാൽ ചില ഭാഗങ്ങൾ അർമേനിയൻ, ഗ്രീക്ക്, കോപ്റ്റിക്, എത്യോപ്യൻ, അറബിക് ഭാഷകളിൽ വിവർത്തനം ചെയ്തിട്ടുണ്ട്.



വേദപുസ്തകവ്യാഖ്യാതാവ് എന്നതിലുപരിയായി അപ്രേമിന്റെ കീർത്തി നിലനിന്നിരുന്നത് ഒരു ഗാനരചയിതാവ് എന്ന നിലയിലാണ്. തന്റെ സഭാസമൂഹങ്ങളിൽ പഠിപ്പിക്കുവാനും ആരാധനക്ക് ഉപയോഗിക്കുവാനുമായി അദ്ദേഹം കവിതകൾ രചിക്കുവാൻ തുടങ്ങി. നിസിബിസിൽ എ. ഡി. 350-ൽ അപ്രേം ഒരു പഠനകേന്ദ്രം ആരംഭിക്കുകയും വർഷങ്ങളോളം അതിന്റെ ചുമതല വഹിക്കുകയും ചെയ്തു. എ. ഡി. 363-ൽ നിസിബിസിന്റെ പതനത്തോടെ നഗരവാസികളോടൊപ്പം അപ്രേമും എദേസ്സായിലേക്കു പലായനം ചെയ്തു. അക്കാലത്ത് എദേസ്സായിൽ ഉണ്ടായിരുന്ന പഠനകേന്ദ്രത്തിന്റെ ചുമതല അദ്ദേഹം ഏറ്റെടുക്കുകയും അതിന്റെ പ്രശസ്തി ഔന്നത്യത്തിലേക്ക് വളർത്തുകയും ചെയ്തു. തന്റെ കൃതികളിലൂടെ സത്യവിശ്വാസം പകർന്നു കൊടുക്കുവാനും പാഷണ്ഡതകൾക്ക് എതിരെ ശക്തമായി പ്രതികരിക്കുവാനും അപ്രേമിന് സാധിച്ചു. മദ്റോശെ (madroshe) എന്നറിയപ്പെടുന്ന സുറിയാനി കവിതാരൂപത്തിലാണ് അപ്രേമിന്റെ കൃതികൾ ഏറെയും ഉള്ളത്. ഇവ കൂടാതെ മെമ്റെ (memre) വിഭാഗത്തിലും നിരവധി രചനകൾ അപ്രേമിന്റേതായിട്ടുണ്ട്. ഇന്ന് ആരാധനക്രമത്തിൽ ഉപയോഗിക്കുന്ന നിരവധി

പ്രാർത്ഥനകൾ അപ്രേമിന്റേതാണ്.

മനികേയൻ, മാർസിയോൺ, ബർദെയിസാൻ, ആര്യൻ, അപ്പോളിനാര്യൻ തുടങ്ങിയ പാഷണ്ഡതകൾക്കെതിരെ നിലപാടെടുത്ത അപ്രേം കർത്താവിന്റെ ദൈവസ്വഭാവത്തിന്റെയും മനുഷ്യസ്വഭാവത്തിന്റെയും യോജിപ്പിനെക്കുറിച്ച് തന്റെ കൃതികളിലൂടെ വിശ്വാസസമൂഹത്തെ പഠിപ്പിച്ചു.

സുറിയാനി പാരമ്പര്യത്തിൽ ആദ്യമായി സ്ത്രീകൾ ക്കുവേണ്ടിയുള്ള ഗായകസംഘത്തെ രൂപപ്പെടുത്തിയത് മാർ അപ്രേമാണ്.

ഒരു വിശുദ്ധനായിട്ട് പരിഗണിക്കപ്പെടുന്ന അപ്രേമിന്റെ തിരുനാൾ വിവിധ സഭാപാരമ്പര്യങ്ങളിൽ പല ദിവസങ്ങളിലായാണ് ആചരിക്കുന്നത്. ജനുവരി 28, ജൂൺ 9, ജൂൺ 18, ജൂലൈ 22. മലങ്കര കത്തോലിക്കാസഭ ജൂൺ 18-നാണ് മാർ അപ്രേമിന്റെ തിരുനാൾ ആഘോഷിക്കുന്നത്.

**മാർ അപ്രേമിന്റെ തിരഞ്ഞെടുത്ത മൊഴികൾ**

പ്രാർത്ഥന വഴിയാണ് സദ്ഗുണങ്ങൾ രൂപപ്പെടുന്നത്. ആത്മനിയന്ത്രണം പ്രാർത്ഥനയിലൂടെ സംരക്ഷിക്കപ്പെടുന്നു. പ്രാർത്ഥന കോപത്തെ നിരോധിക്കുന്നു. പ്രാർത്ഥന ഒരുവന്റെ ആത്മാവിലേക്ക് പരിശുദ്ധാത്മാവിനെ സന്നിവേശിപ്പിക്കുന്നു. പ്രാർത്ഥന മനുഷ്യനെ സ്വർഗത്തിലേക്ക് ഉയർത്തുന്നു.

തന്നെത്തന്നെ എളിമപ്പെടുത്തുന്നവൻ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. നമ്മുടെ രക്ഷയ്ക്കായി തന്നെത്തന്നെ എളിമപ്പെടുത്തിയവനാൽ അവൻ കിരീടം ധരിപ്പിക്കപ്പെടുന്നു.

ദൈവവചനം ജീവന്റെ വൃക്ഷമാണ്. അതിന്റെ ഓരോ ചില്ലയിൽ നിന്നും അത് വാഴ്ത്തപ്പെട്ട ഫലം നൽകുന്നു. അത് മരുഭൂമിയിൽ തുറക്കപ്പെട്ട പാറപോലെയാണ്. അതിൽ നിന്ന് ആത്മീയജലം എല്ലാവർക്കും നൽകപ്പെടുന്നു.

നീ വിശുദ്ധ ഗ്രന്ഥം വായിക്കുവാൻ ആരംഭിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുക: 'യേശുമിശിഹാ ആയ കർത്താവേ, എന്റെ ഹൃദയത്തിന്റെ ചെവികളും കണ്ണുകളും തുറന്നു തരേണമേ, അപ്രകാരം ഞാൻ അങ്ങയുടെ വചനങ്ങൾ ശ്രവിക്കുവാനും മനസിലാക്കുവാനും ഇടയാക്കേണമേ.' നീ എപ്പോഴും ഇപ്രകാരം പ്രാർത്ഥിക്കുക, തത്ഫലമായി അവിടുന്നു നിന്റെ മനസ്സിനെ പ്രകാശിപ്പിക്കുകയും അവിടുത്തെ വചനത്തിന്റെ ശക്തിയെ നിന്നിലേക്ക് സന്നിവേശിപ്പിക്കുകയും ചെയ്യട്ടെ. ●

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ഒരു വിശ്വാസി നെല്ലിമല**

# ഡോക്ടറേറ്റ് നേടി



സാറൂഖിലെ വി.യാക്കോബിന്റെ തിരഞ്ഞെടുക്കപ്പെട്ട തിരുവചന പ്രഘോഷണങ്ങളിലും കൈയ്യെഴുത്ത്പ്രതികളിലും വി. മാമ്മോദീസായെപ്പറ്റിയും വി. കുർബ്ബായെയും കുറിച്ചുള്ള ദൈവശാസ്ത്ര വിശകലനത്തിൽ ഡോക്ടറേറ്റ് നേടിയ റവ. ഡോ. ജോസഫ് കളരിപ്പറമ്പിൽ അച്ചന് അതിരൂപതയുടെ ആശംസകൾ



# വിശ്വാസിയുടെ വിലാപം

STORY

**അനിയൻ ഞാഴിശ്ശേരിൽ**
**പായിപ്പാട്**

നേരം ഇരുട്ടിത്തുടങ്ങി. ഞാനും പതിയെ പ്രാർത്ഥനാഹാളിലേക്കു നടന്നു. സന്ധ്യാപ്രാർത്ഥനയ്ക്ക് സമയമായി ഹാളിലേക്ക് ചെന്ന പ്പോൾത്തന്നെ അവിടെ എന്നെപ്പോലെ പ്രായം ചെന്നവർ നേരത്തെ തന്നെ എത്തിയിരുന്നു. പുരുഷന്മാരും സ്ത്രീകളും അക്കൂട്ടത്തിൽ ഉണ്ടാ യിരുന്നു. ചിലരുടെ കൈയിൽ ബൈബിളും ചിലരുടെ കൈയിൽ പാട്ടു പുസ്തകങ്ങളും ഉണ്ടായിരുന്നു.

ഞാൻ ആദ്യമായിട്ടാണല്ലോ ഈ വൃദ്ധമന്ദിരത്തിൽ അന്തേവാസി യാകുന്നത്. ഇനിയും ഇവിടെത്തന്നെയാണല്ലോ ഞാനുമെന്ന് മനസ്സിൽ ഓർത്തു. എല്ലാം സാവകാശം പഠിക്കാം. ഓരോന്നു ചിന്തിച്ചുകൊണ്ടി രുന്നപ്പോൾ ആരോ ബൈബിൾ വായിക്കുന്നത് കേട്ടു. കർത്താവ് ആബ്രഹാമിനോടു പറഞ്ഞു; നീ തലയുയർത്തി കിഴക്കോട്ടും പടി ഞ്ഞാറോട്ടും തെക്കോട്ടും വടക്കോട്ടും നോക്കുക. നീ കാണുന്ന പ്രദേ ശമെല്ലാം നിനക്കും നിന്റെ സന്താനപരമ്പരകൾക്കും എന്നന്നേക്കുമായി ഞാൻ തരും. ഭൂമിയിലെ പൂഴിപോലെ നിന്റെ സന്തതികളെ ഞാൻ വർദ്ധിപ്പിക്കും. പൂഴി ആർക്കെങ്കിലും എണ്ണിതീർക്കാമെങ്കിൽ നിന്റെ സന്തതികളെയും എണ്ണാനാവും ബൈബിൾ വായന വീണ്ടും തുടർന്നു. വീണ്ടും അവന് കർത്താവിന്റെ അരുളപ്പാടുണ്ടായി; നിന്റെ അവകാശി അവനായിരിക്കില്ല. നിന്റെ മകനായിരിക്കും. അവിടുന്ന് അവനെ പുറ ത്തേക്കു കൊണ്ടുവന്നിട്ട് പറഞ്ഞു. ആകാശത്തേക്ക് നോക്കുക, ആ കാണുന്ന നക്ഷത്രങ്ങളുടെ എണ്ണമെടുക്കാൻ കഴിയുമോ, നിന്റെ സന്താ നപരമ്പരയും അതുപോലെയായിരിക്കും. അവൻ കർത്താവിൽ വിശ്വ സിച്ചു. പ്രായാധിക്യത്താൽ ഇടയ്ക്ക് ഞാൻ അല്പം മയങ്ങിപ്പോയി. ഉണർന്നപ്പോൾ ഞാൻ കേട്ട തിരുവചനഭാഗം ഭാര്യമാരെ, നിങ്ങൾ കർത്താവിനെ എന്നപോലെ ഭർത്താക്കന്മാർക്കുവിധേയരായിരിക്കുവിൻ. എന്തെന്നാൽ ക്രിസ്തു തന്റെ ശരീരമായ സഭയുടെ ശിരസായിരിക്കു ന്നതുപോലെ ഭർത്താവ് ഭാര്യയുടെ ശിരസ്സാണ്. ക്രിസ്തുതന്നെയാണ് ശരീരത്തിന്റെ രക്ഷകനും. സഭ ക്രിസ്തുവിനുവിധേയമായിരിക്കുന്ന

തുപോലെ ഭാര്യമാർ എല്ലാ കാര്യങ്ങളിലും ഭർത്താക്കന്മാർക്ക് വിധേയരായിരിക്കണം. ഭർത്താക്കന്മാരെ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കുന്നതിനുവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം. ബൈബിൾ വായന തുടർന്നപ്പോൾ എന്റെ ചിന്ത സമൂഹത്തിലേക്കു തിരിഞ്ഞു. എത്രയെത്ര ബന്ധങ്ങൾ, എത്ര കുടുംബങ്ങൾ, എത്ര കുഞ്ഞുങ്ങൾ അനാഥമാകുന്നു. ദൈവവചനം ഗ്രഹിക്കാത്തവരാണോ, വിവാഹമോചനം, വസ്തുതർക്കം, സ്ത്രീധനപീഡനം ഇതിനെല്ലാം വേണ്ടി നശ്വരമായ ഈ ജീവിതം കോടതികളിലും പോലീസ് സ്റ്റേഷനിലുമൊക്കെയായി ജീവിതം ഹോമിക്കപ്പെടുന്നു. ഒന്നാലോചിച്ചാൽ എല്ലാം ഇട്ടെറിഞ്ഞുപോകേണ്ടവർ. ഏറിയാൽ എഴുപത് അല്ലെങ്കിൽ എൺപത്. ഒരു പാട്ട് കേട്ടാണ് ഞാൻ ചിന്തയിൽനിന്നും ഉണർന്നത്.

"ആകാശമേ കേൾക്ക
ഭൂമിയെ ചെവിതരിക
ഞാൻ മക്കളെ പോറ്റിവളർത്തി
അവർ എന്നോടു മത്സരിക്കുന്നു."

അങ്ങനെ പ്രാർത്ഥനയും പാട്ടുമൊക്കെ കഴിഞ്ഞ് എല്ലാവരുടെയും കൂടെ ഞാനും ഭക്ഷണം കഴിക്കുന്നതിനായി പോയി. എന്തൊരു അച്ചടക്കം, എന്തൊരു ശാന്തത, പട്ടാള ക്യാമ്പിൽ എന്നപോലെ നല്ല നിശ്ശബ്ദത. ഞാൻ ആലോചിച്ചുപോയി ഇവർ ഇങ്ങനെയൊക്കെ ആയിരുന്നുവോ. എന്നിട്ടും ഇവർക്ക് എന്തു പറ്റി. എല്ലാം ദൈവഹിതം എന്ന് മനസ്സിൽ പറഞ്ഞു. ഭക്ഷണം കഴിഞ്ഞ് ഉറങ്ങാൻ ഉള്ള സമയമായി. അവരവരുടെ കിടക്കയിലേക്ക് എല്ലാവരും പോയി. ഞാനും എനിക്ക് അനുവദിച്ച കിടക്കയിലേക്കു പോയി കിടന്നു. കിടന്നിട്ട് ഉറക്കം വരുന്നില്ല. ആദ്യമായിട്ട് വീടു മാറിക്കിടന്നതിന്റെ പ്രയാസമാണെന്നു വിചാരിച്ചു. അപ്പോഴും എന്റെ ഹൃദയത്തിൽ മുഴങ്ങി കേൾക്കുന്നത് അബ്രഹാമിനോട് ദൈവം അരുളിച്ചെയ്ത കാര്യങ്ങളാണ്. ഭൂമിയിലെ പൂഴിപോലെ നിന്റെ സന്തതികളെ ഞാൻ വർദ്ധിപ്പിക്കും. എന്റെ ബാല്യം ഞാൻ ഓർത്തു. ഞങ്ങൾ ഒൻപത് സഹോദരങ്ങളായിരുന്നു. അഞ്ച് ആണും നാലു പെണ്ണും. അപ്പനും അമ്മയും ഞങ്ങളെ വളരെ സ്നേഹിച്ചു വളർത്തി. അവർ ഞങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു. പരസ്പരം സ്നേഹിക്കുവാൻ പഠിപ്പിച്ചു. വിദ്യാഭ്യാസം, വിവാഹം എല്ലാം അവർ തന്നെ നടത്തിത്തന്നു. ഞങ്ങൾ വളരെ സന്തോഷകരമായി ജീവിച്ചുപോന്നു. കാലങ്ങൾ കടന്നുപോയി. അപ്പനും അമ്മയും എല്ലാ കൂദാശകളും സ്വീകരിച്ച് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയി. ക്രമേണ വീടിന്റെ സാഹചര്യങ്ങൾ മാറിമറിഞ്ഞു. എല്ലാവരും പല സ്ഥലങ്ങളിലായി അവരവരുടെ മക്കളും ഭാര്യമാരുമൊക്കെയായി അകലങ്ങളിലേക്കു മാറി താമസിച്ചു. കൂട്ടുകുടുംബം അണു കുടുംബമായി മാറി. ബന്ധങ്ങളുടെ അകലം വർദ്ധിച്ചു. ഇളയ മകനായ ഞാൻ ഭാര്യയും ഒരു മകനുമൊത്ത് ജീവിതം നയിച്ചു. ആയിടയ്ക്ക് വിദ്യാസമ്പന്നയായ എന്റെ ഭാര്യക്ക് ഒരു ജോലി കിട്ടി. മകന് അഞ്ച് വയസ്സായി. ഇതിനെ ഓമനിച്ചും സ്നേഹിച്ചും നാലഞ്ചുവർഷം കടന്നുപോയതറിഞ്ഞില്ല. മകനെ സ്കൂളിൽ വിടാൻ തുടങ്ങിയപ്പോൾ വീട്ടിൽ ഏകാന്തത അനുഭവപ്പെട്ടു. അപ്പോഴാണ് ഞാൻ ദൈവം അബ്രഹാമിനോട് അരുളിച്ചെയ്ത കാര്യം ഭാര്യയോടും പറയാമെന്നു വിചാരിച്ചത്. അന്നു രാത്രി കിടക്കുന്നതിനു മുമ്പ് ഞാൻ ഭാര്യയെ വിളിച്ച് വീടിനു പുറത്ത് കൊണ്ടുവന്നതിനുശേഷം പറഞ്ഞു. നീ ആകാശത്തേക്ക് നോക്കുക. ആ കാണുന്ന നക്ഷത്രങ്ങളുടെ എണ്ണമെടുക്കാൻ കഴിയുമോ. നിന്റെ സന്താനപരമ്പരയും അതുപോലെ ആയിരിക്കും. പെട്ടെന്ന് ഭാര്യയുടെ ഭാവം മാറി. എനിക്ക് ഇനിയും പ്രസവിക്കാൻ കഴിയില്ല. എനിക്ക് ജോലിക്കു പോകണം. എന്റെ ആരോഗ്യവും സൗന്ദര്യവുമൊക്കെ നഷ്ടപ്പെടും. ഇനിയും എനിക്ക് കഷ്ടപ്പെടാൻ കഴിയില്ല. അവർ തീർത്തു പറഞ്ഞു. അതോടെ എന്റെ ആഗ്രഹങ്ങൾ ഓരോന്നായി മണ്ണടിഞ്ഞു. വർഷങ്ങൾ കടന്നുപോയ്ക്കൊണ്ടിരുന്നു. മകൻ വളർന്നു. എന്നിൽനിന്നും അകലാൻ തുടങ്ങി. എന്നിലെ പിതാവ് നിദ്രപ്രാപിച്ചു. ഭാര്യ ഈ ലോകത്തുനിന്നും വിടപറഞ്ഞു. മകൻ ചീത്തകൂട്ടുകെട്ടുകളിൽ പെട്ടുപോയെന്നും, ലഹരിക്കടിമയായി മകൻ പല സ്ഥലങ്ങളിൽ അലയുന്നതായും പലരും പറയാൻ തുടങ്ങി. എന്റെ ജീവിതം ദുരിതപൂർണ്ണമായി. അതുകണ്ടു മനസ്സലിഞ്ഞ ഒരാൾ നല്ല സമരിയാക്കാരനെപ്പോലെ എന്നെ താങ്ങിയെടുത്ത് ഈ 'സ്നേഹഭവനം' എന്ന വൃദ്ധമന്ദിരത്തിൽ എത്തിച്ചു. ഇപ്പോൾ എന്തൊരു ആശ്വാസം. എങ്കിലും അടുത്ത തലമുറയോട് എനിക്ക് ഒന്നു വിളിച്ചുപറയാൻ കഴിഞ്ഞിരുന്നെങ്കിൽ: "എല്ലാവരും ഒന്നു പുറത്തേക്ക് ഇറങ്ങി രാത്രിയിൽ ആകാശത്തിലെ നക്ഷത്രങ്ങളെ ഒന്നു നോക്കുക."

●


## വിവാഹ ഒരുക്ക സെമിനാർ 2017

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**
**ഫോൺ 0469–2603968, 9446270259, 9895556074**

**തീയതി: മാർച്ച് 7,8,9 – 21,22,23**
**ഏപ്രിൽ 4,5,6 – 25,26,27**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

## ഉള്ളതു പറഞ്ഞാൽ...

# 'മാതാ പിതാ ........ ദൈവം'



**അഡ്വ. വിനോദ് മാത്യു വിൽസൺ**



മുകളിൽ സൂചിപ്പിച്ചതിൽ "ഗുരു"വിന്റെ സ്ഥാനത്തിന് വല്ലാത്ത ഇളക്കം തട്ടിയിരിക്കുകയാണ്. ആനുകാലിക വിഷയങ്ങളായ, നെഹ്റു കോളജ്, ലോ അക്കാദമി വിഷയം തുടങ്ങിയ വിവാദ വിഷയങ്ങളുടെ മാത്രം പശ്ചാത്തലത്തിൽ അല്ല ഈ കുറിപ്പ്.

അദ്ധ്യാപകരെ മാനിക്കാനും, ബഹുമാനിക്കാനും സൗകര്യം ഇല്ലാത്ത ഒരു തലമുറ ഈ നാട്ടിൽ വളർന്നു വരുന്നുണ്ട്. ഞാൻ ഒരു അദ്ധ്യാപകന്റെ മകനാണ്. ആ പുണ്യം മാത്രമേ ബോണസായി എന്റെ ജീവിതത്തിൽ ഉള്ളൂ എന്ന ഉത്തമബോധ്യം എനിക്കുണ്ട്. അപ്പാ ഇടക്ക് പറയുന്നത് കേൾക്കും 'പണ്ടൊക്കെ ഒരു അദ്ധ്യാപകനെ കണ്ടാൽ കോളജിലെ ഏതൊരു വിദ്യാർത്ഥിയും ബഹുമാനം കാണിക്കും. ഇന്നിപ്പോ സ്ഥിതി മാറി. പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒഴിച്ച് മറ്റാരേയും ബഹുമാനിക്കണ്ട എന്നൊരു പൊതുബോധം സംജാതമായിരിക്കുന്നു.

കണക്കിന് വളരെ മോശമായിരുന്നു. ഹിന്ദി എന്നൊരു ഭാഷ ഇന്ത്യയിൽ ഉള്ളതായി അറിയാം. കണക്ക് പഠിപ്പിക്കുന്ന ഫാത്തിമ ടീച്ചറിന്റെ നഖത്തിന്റെ ഇടയിൽ പലപ്പോഴും, എന്റെ ശരീരത്തിലെ പല ഭാഗങ്ങളിലേയും തൊലി പറ്റിയതായി എനിക്ക് ഓർമ്മയുണ്ട്. ഹിന്ദി ടീച്ചറിന്റെ 'മധുരച്ചൂരൽ' എനിക്ക് ഒരു മധുരവും തന്നില്ല. പക്ഷേ, അത്തരം ചെയ്തികളെ എന്റെ മാതാപിതാക്കൾ 'അദ്ധ്യാപകരുടെ ഉപദ്രവം' ആയി കണ്ടില്ല, മറിച്ച് ഭാവിയുടെ നന്മയെ കരുതിയുള്ള നടപടികൾ ആയി കണ്ടു.



മാതാപിതാക്കളെ, നിങ്ങളുടെ മക്കൾ വന്നു'ടീച്ചർ പിച്ചി, മാന്തി എന്നൊക്കെപ്പറയുമ്പോ, അണിഞ്ഞൊരുങ്ങി ചാനലുകാരേയും വിളിച്ച്, നാട്ടുകാരേയും കൂട്ടി, കൊച്ചിന്റെ വക്കാലത്തുമെടുത്ത് അദ്ധ്യാപകരുടെ മെക്കിട്ട് കേറാൻചെല്ലാൻ. എനിക്ക് നന്നായി അറിയാവുന്ന ഒരു സംഭവം ഞാൻ പറയാം. ഒരു അദ്ധ്യാപകൻ കരഞ്ഞുകൊണ്ടു വക്കീൽ ഓഫീസിലേക്ക് കയറി വന്നത്. 8–ാം ക്ലാസിൽ പഠിക്കുന്ന തന്റെ വിദ്യാർത്ഥിയെ ശാസിച്ചു, ഒന്ന് രണ്ട് അടിയും കൊടുത്തു. എങ്ങനാ പ്രതികാരം വീട്ടിയതെന്ന് അറിയാമോ.

Protection of children from sexual of fuxes Act പ്രകാരം അദ്ധ്യാപകനെതിരേ മാതാപിതാക്കൾ, ചെക്കനെകൊണ്ട് പോലീസിന് കേസു കൊടുപ്പിച്ചു. മുൻകൂർ ജാമ്യാപേക്ഷ ഫയൽ ചെയ്തിരിക്കുവാ കോടതിയിൽ. ജാമ്യം ലഭിച്ചില്ലെങ്കിൽ മിനിമം 35 ദിവസം ജയിലിൽ കിടക്കണം ആ അദ്ധ്യാപകൻ.

മണ്ണുവിഴുങ്ങിയ കുഞ്ഞിന്റെ വായിൽ മണ്ണൊഴികെ എല്ലാമുണ്ടെന്ന് കണ്ണന്റെ അമ്മ കണ്ടതുപോലെ ഗുരുക്കന്മാർ, സാവകാശത്തിൽ അവർ ഓരോരോ അത്ഭുതങ്ങളെ പുറത്ത് കൊണ്ടുവരും. മീൻ പിടച്ചിരുന്നവരോട് മനുഷ്യരെ പിടിക്കണമെന്നാണ് വിശ്വഗുരു ആവശ്യപ്പെട്ടത്. മനുഷ്യരെ പിടിക്കുവാൻ ക്ഷണം കിട്ടിയവരാണ് അദ്ധ്യാപകർ. അവരെ അതിന് അനുവദിക്കൂ. അല്ലെങ്കിൽ നാശമായിരിക്കും. സർവ്വനാശം.



# പ്രബോധനം
തിരുവചനത്തിന്റെ പുനർവായന

**മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...**

## ക്നാനയ്ത്തോ ഞായർ
## കനാൻകാരിയുടെ മകളെ സൗഖ്യമാക്കുന്നു

**മത്തായി 15:21-28, റോമ 7:13-25**

"എന്റെ കുഞ്ഞുമക്കളെ, നിങ്ങൾ പാപം ചെയ്യാതിരിക്കേണ്ടതിനാണ് ഞാൻ ഇവ നിങ്ങൾക്കെഴുതുന്നത്. എന്നാൽ ആരെങ്കിലും പാപം ചെയ്യാനിടയായാൽത്തന്നെ പിതാവിന്റെ സന്നിധിയിൽ നമുക്ക് ഒരു മദ്ധ്യസ്ഥനുണ്ട്. നീതിമാനായ യേശുക്രിസ്തു" (1 യോഹ. 2:1). നമ്മുടെ പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നതുപോലെ, നമ്മുടെ പ്രാർത്ഥനകളും യാചനകളും ദൈവത്തിലെത്തിക്കുന്നതിനുള്ള ഏറ്റം നല്ല മാർഗ്ഗം യേശു തന്നെയാണ്. വി. യോഹന്നാൻ ശ്ലീഹാ പറയുന്നു, നമ്മുടെ അപേക്ഷകൾ പറയുന്നതിനു മുമ്പേ നമ്മുടെ പാപങ്ങൾ യേശുവിൽ സമർപ്പിക്കാൻ തയ്യാറായാൽ നമ്മുടെ അപേക്ഷകൾ തീർച്ചയായും സ്വീകരിക്കപ്പെടുന്നു. "ഞാൻ അവനെ അറിയുന്നു എന്നു പറയുകയും അവന്റെ കല്പനകൾ പാലിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളം പറയുന്നു. അവനിൽ സത്യമില്ല" ( 1 യോഹ. 2 : 4 ) എന്ന് യോഹന്നാൻ ശ്ലീഹാ പറയുമ്പോൾ ഒരു കാര്യം ഉറപ്പാകുന്നു. യേശുവിൽ യഥാർത്ഥമായി വിശ്വസിക്കുന്നവർക്ക് യേശുവിനെ വിട്ട് വേറൊരുവനിലേക്ക് തിരിവാൻ സാധിക്കില്ല.

### കാനാൻകാരിയുടെ തകർക്കപ്പെടാത്ത വിശ്വാസം

നാറാണത്തുഭ്രാന്തനെപ്പറ്റി ഒരു കഥയുണ്ട്. പകൽ മുഴുവൻ വലിയ പാറ ഉരുട്ടി മലമുകളിലേക്ക് കയറ്റുന്നു. വൈകുന്നേരം മലമുകളിൽ നിന്ന് അത് താഴേക്ക് ഉരുട്ടി വിട്ടുകൊണ്ട് പൊട്ടിച്ചിരിക്കുന്നു. ജീവിതത്തെക്കുറിച്ച് പരിഭവം പറയാതെ കിട്ടുന്നത് ഭക്ഷിച്ച് ആർത്ത് ചിരിച്ച് സന്തോഷിച്ചിരുന്ന നാറാണത്തു ഭ്രാന്തന് ഒരു വരം കൊടുക്കാൻ ദേവലോകം തീരുമാനിച്ചു. അതിനായി ഒരു ദേവിയെ തിരഞ്ഞെടുത്ത് ഭൂമിയിലേക്ക് അയച്ചു. വരത്തെക്കുറിച്ച് പറയുന്നു. ഒരുവൻ ആവശ്യപ്പെട്ടാൽ മാത്രമാണ് വരം നല്കുക എന്നാണ്. രാവിലെ മുതൽ വൈകുന്നേരം വരെ പിറകേ നടന്നിട്ടും എന്തുവരം വേണം എന്നതിനെപ്പറ്റി നാറാണത്തു ഭ്രാന്തൻ ഒന്നും മിണ്ടിയില്ല. അവസാനം കല്ലുരുട്ടി വിടാൻ സമയമായപ്പോൾ അവന് തോന്നി പാവം ദേവി രാവിലെ മുതൽ എന്തു വരമാണ് വേണ്ടത് എന്ന് ചോദിച്ച് എന്റെ പിറകേ നടക്കുന്നു. അവരെ വിഷമിപ്പിക്കാതിരിക്കാൻ അവൻ വരം ചോദിച്ചു. ദേവീ 'എന്റെ ഇടത്തേകാലിലെ മന്ത് എടുത്ത് വലത്തേകാലിൽ വയ്ക്കണം". വരം കൊടുത്ത് ദേവി മലയിറങ്ങുമ്പോൾ നാറാണത്തു ഭ്രാന്തൻ കല്ലുരുട്ടി വിട്ട് ആർത്ത് ചിരിക്കുകയായിരുന്നു.

ദൈവം തന്ന ജീവിതം ദൈവം തന്നെ പുലർത്തിക്കൊള്ളും എന്നതാണ് ഒരു യഥാർത്ഥ വിശ്വാസിയുടെ മനോഭാവം. ദാനമായി കിട്ടിയ ജീവിതം ദൈവത്തിന് വേണ്ടി മാത്രം ഉപയോഗിക്കുമ്പോൾ സന്തോഷിക്കാൻ വകയുണ്ട്. ജീവിതം ദൈവത്തിന് വേണ്ടിയുള്ളതെങ്കിൽ കൃപാവരം നല്കാൻ അവൻ തയ്യാറാണ്. പക്ഷെ ഇവിടെയും നമ്മുടെ അപേക്ഷകൾ പ്രാധാന്യമുള്ളവയാണ്. എന്റെ അപേക്ഷകളും യാചനകളും എന്റെ ജീവിതത്തെ ദൈവത്തിലേക്ക് അടുപ്പിക്കാനുതകുന്നതല്ലെങ്കിൽ യേശു ചോദിക്കുന്നു "നിങ്ങൾ എന്നെ കർത്താവേ കർത്താവേ എന്നു വിളിക്കുകയും ഞാൻ പറയുന്ന കാര്യങ്ങൾ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നത് എന്തു കൊണ്ട്" (ലൂക്കാ 6;46) എന്നാണ്. നമ്മിൽ പലരുടെയും ജീവിതം പിറുപിറുപ്പുകളുടെയും നിരാശയുടെയും ജീവിതമായി പോയി എന്ന് തോന്നിയതിന് കാരണം, ജീവിക്കുന്നത് എന്ത്, ആർക്ക് വേണ്ടി എന്ന് അറിയാതെ പോയതു കൊണ്ടാണ്. "ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ് എന്ന് പൗലോസിനെപ്പോലെ പറയാനായാൽ നമ്മുടെ പ്രാർത്ഥന രീതികൾ മാറും. വരം ചോദിക്കുമ്പോൾ അത് കൊടുക്കാൻ ദൈവത്തിന് തന്നെയും തോന്നും. "കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ, എന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു" (മത്താ. 15;22) എന്ന് അപേക്ഷക്ക് കർത്താവ് നല്കുന്ന ഉത്തരം ഇല്ലായെന്നു തന്നെയാണ്. വെറും വരം ചോദിക്കുന്നവൻ അവിടെ നിർത്തും, പക്ഷെ 'കർത്താവേ, നായ്ക്കളും യജമാനന്മാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പ കഷണങ്ങൾ തിന്നുന്നുണ്ടല്ലോ, (മത്താ. 15;27) എന്നു വിശ്വാസ പ്രഖ്യാപനത്തിനു മുമ്പിൽ യേശു പറഞ്ഞു 'സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ' (മത്താ. 15;28). നോമ്പിൽ നാം ആഗ്രഹിക്കേണ്ടതും പ്രാർത്ഥിക്കേണ്ടതും വിശ്വാസം ശക്തിപ്പെടുത്തേണമെ എന്നാണ്, അല്ലാതെ ചെറിയ വരങ്ങൾ ചോദിച്ച് മണൽപ്പുറത്ത് പണിത വീടുപോലെ ആവാതിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

ഫാ. റോയി ആഞ്ഞിലിമൂട്ടിൽ

## ക്പിഫ്തൊ ഞായർ കൂനിയെ സൗഖ്യമാക്കുന്നു

**ലൂക്കാ 13:10-17**

"കൂനി നടന്നൊരു നാരിയെ
നേർക്കു നടത്തിയ നാഥാ
പാപച്ചുമടാൽ കൂനിയൊരെന്നെ
നിവർത്തീടണമേ".

(ഈശോനുഹറോ പ്രാർത്ഥന - പ്രാർത്ഥനാക്രമം, പേജ് 202)

നുകത്തിൻ കീഴിൽ അമർന്ന് ഞെരിയുകയും ഞെളി

പിരികൊള്ളുകയും ചെയ്യുന്ന മനുഷ്യാവസ്ഥയെപ്പറ്റി പ്രവാചകൻ ഹോസിയാ വിവരിക്കുന്നു. ഇവിടെ കുനിഞ്ഞ് ഭക്ഷണം നൽകുകയും കരുണയും സ്നേഹവുമാകുന്ന കയർ പിടിച്ച് നേർവഴി നയിക്കുകയും ചെയ്യുന്ന ദൈവത്തെപ്പറ്റിയും പറയുന്നു.

മനുഷ്യനെ കുനിച്ചു നിർത്തുന്നതല്ല മതത്തിന്റെ ലക്ഷ്യം; മറിച്ചാകണം - നിവർന്ന് നിൽക്കുവാൻ അവനെ പ്രാപ്തനാക്കുന്നതാകണം. അഹന്തകൊണ്ട് ഞെളിയുന്നതുപോലെ തന്നെ, അപകർഷതയാൽ കുനിഞ്ഞ് നടക്കുന്നതും മനുഷ്യമഹത്വത്തെ കെടുത്തിക്കളയുന്ന കെടുതികളാണ്.

ലൂക്കോസിനു തനതായ പാഠഭാഗമാണ് കൂനിയായ സ്ത്രീയുടെ സൗഖ്യദാനം. സ്ത്രീകളുടെ മഹിമയെ യഥാസ്ഥാനത്താക്കുന്നതിൽ യേശുവിന്റെ ഇടപെടലുകൾ ഒന്നും ലൂക്കോസ് വിട്ടു കളയുന്നില്ല. ഒരു സ്ത്രീയുടെ അസ്വാഭാവികമായ പെരുമാറ്റവും ശരീരഭാഷയും ആൾക്കൂട്ടത്തിനിടയിലും യേശു വേഗം തിരിച്ചറിയുന്നു. കാണുക മാത്രമല്ല, ഉടൻ പരിഹാരവും ഉണ്ടാകുന്നു. ഒന്നര വ്യാഴവട്ടക്കാലത്തെ ആയുസ്സിന്റെ നാലിലൊന്നു ജീവിതം - അപകർഷതയിൽ നിന്നു ക്ഷണനേരം കൊണ്ടു വിടുതൽ. അവൻ വിടുതലിൻ ദൈവം തന്നെ. സ്ത്രീകളുടെ അവകാശങ്ങളെ ഉയർത്തുന്നതിൽ യേശു ശ്രദ്ധിക്കുന്ന ഒരു സന്ദർഭവുമാണത്. ഒരു പക്ഷേ, സ്ത്രീയായി ജനിച്ചതുമൂലമാകാം, ഒരു പക്ഷേ, വിവാഹിതയായതു മുതലാകാം, ഈ സ്ത്രീക്ക് മനുഷ്യരുടെ മുഖത്ത് നോക്കുവാൻ സാധിക്കാത്ത വിധത്തിലുള്ള അപകർഷതയും പരിത്യക്തതയും ഒറ്റപ്പെടുത്തലുമാകുന്ന കൂച്ചുവിലങ്ങിൽ, ബന്ധനത്തിൽ കഴിയുകയായിരുന്നു.

## ചില നിരീക്ഷണങ്ങൾ:-

ശാരീരിക-മാനസിക വൈകല്യങ്ങൾ പരിഹരിക്കപ്പെടണം. ആയുസ്സിന്റെ നല്ലൊരു ഭാഗം ദുരവസ്ഥയിൽ തള്ളി നീക്കാൻ വിധിക്കപ്പെട്ട ഹതഭാഗ്യ. നിവർന്ന് നിൽക്കാനുള്ള അനുഗ്രഹം ലഭിച്ച മനുഷ്യൻ കുനിഞ്ഞ് നിൽക്കേണ്ട ദുരവസ്ഥ; അതിൽനിന്ന് വിടുതൽ വേണം. ദുരാത്മബാധയെന്നും (13:11), സാത്താന്റെ ബന്ധനമെന്നും (13:16) യേശു നിരീക്ഷിക്കുന്ന അവസ്ഥാവിശേഷം.

നന്മകളുടെ ലോകമാണ് ദൈവം മനുഷ്യന് നൽകിയത്. പക്ഷേ, നാമത് വികൃതമാക്കി. ഇന്ന് വികലമായ ലോകമാണ് നമ്മുടെ മുമ്പിലും ചുറ്റിലും. നമ്മുടെ വികലവും കപടവുമായ പെരുമാറ്റം വഴി അതിനെ കൂടുതൽ വികൃതമാക്കുന്നു. ശാസ്ത്രീയ നേട്ടങ്ങൾ കൂടുതൽ സ്വാസ്ഥ്യം നൽകാനാണെന്നിരിക്കെ, നമ്മുടെ പെരുമാറ്റവും ഇടപെടലുകളും അസ്വാസ്ഥ്യം വളർത്തുന്നു; വൈകല്യം സൃഷ്ടിക്കുന്നു. വൈകല്യം ശാരീരികമോ മാനസികമോ സാമൂഹികമോ സാമ്പത്തികമോ ആകട്ടെ, സത്വര പരിഹാരത്തിന് നിലവിളിക്കുന്നു.

അപരന്റെ നിലവിളി കേൾക്കാൻ നിനക്ക് കാതുണ്ടോ? അന്യന്റെ നൊമ്പരം കാണാൻ നിനക്ക് കണ്ണുണ്ടോ? കണ്ണുണ്ടായിട്ടും എന്തേ കാണുന്നില്ല? അപരന്റെ വൈകല്യം പരിഹരിക്കാൻ ഒരു മനസ്സ് നിനക്കുണ്ടോ? നിന്റെ സമൂഹമനസ്സ് അതിനായി ഇനിയും പാകപ്പെടുത്തിയിട്ടുണ്ടോ? വാഴ്‌വിൻ നാളുകൾ ഭാരത്തോടെ തള്ളിനീക്കുന്ന അവസ്ഥ! നെടുവീർപ്പിട്ട് ഈ ലോകത്തിൽ നശിക്കേണ്ടവനല്ല മനുഷ്യൻ. മറിച്ച് ദൈവമക്കളുടെ സന്തോഷം, രക്ഷയുടെ ആനന്ദം അനുഭവിച്ച് ജീവിക്കേണ്ടവനാണ്. ഒരു രാത്രി നിദ്രാവിഹീനമെങ്കിൽ പിറ്റെ പകൽ മുഴുവൻ അസ്വസ്ഥതയാണനുഭവമെങ്കിൽ, ജീവിതം തന്നെ ഉറക്കമില്ലാത്ത രാത്രികളായവരുടെ അവസ്ഥയെപ്പറ്റി ചിന്തിക്കുമോ. കാലം കടന്നിട്ടും ശാസ്ത്രം വളർന്നിട്ടും ദീർഘകാലമായി വ്യക്തിയിലും സമൂഹത്തിലും നീണ്ടുനിൽക്കുന്ന പ്രശ്നങ്ങൾക്ക് മറുപടി കാണാതുഴലുകയാണ് നാം. കേവല മനുഷ്യന്റെ പരിമിതിയാണത്. ദൈവസഹായം കൂടി ഉണ്ടെങ്കിലേ മനുഷ്യന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാകൂ. നാമുണ്ടാക്കുന്ന പ്രശ്നങ്ങൾ തന്നെ പരിഹരിക്കുവാൻ നമുക്കൊറ്റയ്ക്കു സാധ്യമാവില്ല. നാം വീഴ്ത്തിയ തീപ്പൊരി കാട്ടുതീയായി പടർന്നാൽ, നമുക്ക് മാത്രം പരിഹരിക്കാൻ കഴിയാത്തതുപോലെ.

നമ്മുടെ കുടുംബങ്ങളിലേക്കും ഇടവക സമൂഹത്തിലേക്കും ഒന്ന് തിരിഞ്ഞ് നോക്കാം. പല കുടുംബങ്ങളിലും ദീർഘകാലമായി പ്രശ്നങ്ങൾ പരിഹാരം കാത്തു കിടക്കുന്നു. പക്ഷേ ഒരു പരിഹാരകൻ ഇനിയും നമ്മെ സന്ദർശിച്ചിട്ടില്ല. പ്രശ്നപരിഹാരകനെത്തേടി നാം എത്തിയിട്ടില്ല. കൂനിയായ സ്ത്രീ വീട്ടിൽ ഇരുന്നു എങ്കിൽ, യേശുവിനെ കണ്ടുമുട്ടാതെ കഴിഞ്ഞ കാലങ്ങളിലെപ്പോലെ ഇരുന്നിരുന്നു എങ്കിൽ, ഒരു മാറ്റവും സംഭവിക്കുമായിരുന്നില്ല. ചെറിയ പ്രശ്നങ്ങളുടെ പേരിൽ ആരാധനാ ജീവിതത്തിൽനിന്നും സമൂഹത്തിൽനിന്നും കൂദാശകളിൽനിന്നും വിട്ടുമാറി നിൽക്കുന്നവർ നമ്മുടെ ഇടയിൽ ഇല്ലേ? ആരാധനാ സമൂഹം ബലഹീനമാകുന്നതിനും പ്രശ്ന പരിഹാരകനായ യേശുവിനെ കണ്ടുമുട്ടാതിരിക്കുന്നതിനും ഇത് കാരണമാകുന്നു. കുടുംബകലഹം മൂലം സ്നേഹ രക്തബന്ധങ്ങൾ ബന്ധനങ്ങളായി കരുതുന്നവരും ഏഷണിമൂലവും തേജോവധം മൂലവും ആരാധനാ സമൂഹത്തെ വിട്ടകന്ന് കുനിഞ്ഞ് കുമ്പിട്ട് നടക്കുന്നവരും എത്രയോ പേരുണ്ടാകും. മദ്യപാനം എന്ന സാത്താന്റെ ബന്ധനം മൂലവും വ്യക്തി വിരോധം എന്ന ദുരാത്മാ ബാധമൂലവും സാമൂഹിക ജീവിതവും ആരാധനാ ജീവിതവും കുടുംബകൂട്ടായ്മയും വിട്ടുപേക്ഷിക്കുന്നവർ നമ്മുടെ സമൂഹത്തിലുണ്ടാകും. ഒരു രക്ഷകൻ നമുക്കില്ലാത്തതുമൂലമല്ല, അവന്റെ സവിധേ എത്താത്തതുമൂലം സ്വയംകൃത നുകത്തിൻ കീഴിൽ ഞെരിഞ്ഞമരുന്ന ഹതഭാഗ്യ ജീവിതങ്ങൾ (ഹോസി. 11:4) സാത്താന്റെ ബന്ധനാവസ്ഥ തന്നെയല്ലേ. തെറ്റിദ്ധാരണകൾ, സ്വഭാവഹത്യ, കുടുംബകലഹം, കുടുംബത്തിലെ ധാരണപ്പിശകുകൾ, തെറ്റായ നിഗമനങ്ങൾ, പിടിവാശികൾ, കടുംപിടുത്തങ്ങൾ, ഏകപക്ഷീയമായ തീരുമാനങ്ങൾ, ആരോടും കണക്കു പറയേണ്ടതില്ല എന്ന തെറ്റിദ്ധാരണ, താൻ പോരിമ, മാനാപമാനങ്ങൾ, മാനഭംഗങ്ങൾ, സംഘം ചേർന്നുള്ള തിന്മകൾ, കൂട്ടം ചേർന്ന് ഒറ്റപ്പെടുത്തലുകൾ, ... മനുഷ്യനെ കുനിയ്ക്കുന്ന, നിവർന്ന് നിൽക്കാൻ അനുവദിക്കാത്ത എത്രയോ ബന്ധനാവസ്ഥകൾ! സാത്താന്റെ കടന്നുകയറ്റങ്ങൾ! ഇതിന് അറുതി വരുത്തുവാൻ നല്ല കുമ്പസാരവും, അതിന് സഹായിക്കുന്ന നവീകരണ ധ്യാനങ്ങളും സുവിശേഷ യോഗങ്ങളും നോമ്പാചരണങ്ങളും സഹായകമത്രേ. ജീവിത പാതയിലെ ഇടർച്ചകളകറ്റുവാന്, അതിലേക്ക് വഴുതി വീഴാതിരിക്കുവാൻ ഇവ സിദ്ധൗഷധം തന്നെ.

സാമ്പത്തികഭാരത്താൽ നിവർന്ന് നിൽക്കാൻ കഴി

യാത്തവരെ നേരെ നിർത്തുവാൻ വിശ്വാസി സമൂഹത്തിന് ഒരു കടമയുമില്ലെന്നോ? കമ്പോളവല്ക്കരണത്തിന്റെ മായാജാലത്തിലകപ്പെട്ട് കിട്ടാവുന്നിടത്തു നിന്നൊക്കെ വായ്പ ലഭ്യമാക്കി പകിട്ട് കാണിക്കുന്നതും സാത്താന്റെ ബന്ധനം തന്നെയാണ്. വരവറിഞ്ഞ് ചെലവ് ചെയ്യുന്നത് പോരായ്മയായി പലരും കരുതുന്നു എന്ന് തോന്നിപ്പോകും. ആർത്തിയുടെ സംസ്കാരമല്ല, തൃപ്തിയുടെ സംസ്കാരം നമുക്കുണ്ടാകണം. ലോകത്തിന്റെ വിലോഭനീയമായ മായികതയാണത്. കാണുന്ന മാത്രയിൽ അടുത്ത് വിളിച്ച് സൗഖ്യം നൽകുന്ന, ബന്ധനങ്ങളകറ്റുന്ന ബന്ധുരാഭനായി കടന്നു വരുവാനുള്ള അവസരമാകണം ഈ നോമ്പുകാലം. ബന്ധനങ്ങൾ അഴിച്ചുവിടുന്ന കാലമാകട്ടെ ഈ വലിയ നോമ്പുകാലം.

ഫാ. ഏബ്രഹാം നടുവിലേടം

## മിക്ഫാസ്റ്റ് കോളജ് ഉദ്ഘാടനം ചെയ്യപ്പെട്ടു



*മിക്ഫാസ്റ്റ് കോളജിന്റെ ഉദ്ഘാടനം 2017 ഫെബ്രുവരി 22-ാം തീയതി ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. മാത്യു ടി. തോമസ് നിർവ്വഹിക്കുന്നു. കർദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ, ആർച്ചുബിഷപ്പ് അഭി. തോമസ് മാർ കൂറിലോസ്, സഹായ മെത്രാൻ അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ്, ആന്റോ ആന്റണി എം.പി., ഡോ. സിറിയക് തോമസ്, മിക്ഫാസ്റ്റ് ഡയറക്ടർ റവ. ഡോ. ഐസക് പറപ്പള്ളിൽ എന്നിവർ സമീപം.*

## എം. സി. സി. എൽ തിരുവല്ല അതിരൂപത ഭാരവാഹികൾ



പ്രസിഡന്റ് : അൻസു എൽസാ പോൾ, മുണ്ടിയാക്കൽ, വൈസ് പ്രസിഡന്റ് : അമല റേയ്ച്ചൽ സക്കറിയ, ആനിക്കാട്, സെക്രട്ടറി : ജിലു റേയ്ച്ചൽ ഷിബു, നിരണം. ട്രഷറർ : മെൽവിൻ മാത്യു, അയിരൂർ. ജോയിൻ സെക്രട്ടറി : ലിനോ ജോയ്, കട്ടപ്പന. എക്സിക്യൂട്ടീവ് കമ്മിറ്റി: റോഷ്നി ആൻഡ്രൂസ്, മുണ്ടിയാക്കൽ, ആല്ബിൻ സജി, പുല്ലാട്, ആഷ്ലി ആൻ വർഗ്ഗീസ്, തോട്ടഭാഗം, സുനു വിനോദ്, എരുമേലി, ആനിമേറ്റേഴ്സ് : ജോയിസാം കോട്ടൂർ, ഡോ. റ്റിസ്സ് മേരി തോമസ്, കല്ലിശ്ശേരി, കോ-ഓർഡിനേറ്റർ : റെവ. സിസ്റ്റർ. ജൂഡിറ്റ് എസ്. ഐ. സി.



ബോധന
തേനീച്ച വളർത്തൽ ഗവേഷണ പരിശീലന കേന്ദ്രം
പുഷ്പഗിരി റോഡ്, തുകലശ്ശേരി, തിരുവല്ല – 1
Ph: 0469 2730561, 2606063,
e-mail : bodhanatiruvalla@gmail.com, web: www.bodhanatiruvalla.org
വിപണിയിൽ ലഭ്യമാകുന്ന പുതിയ തേനുല്പന്നം
തേൻ ഔഷധ്
Manufactured by
BODHANA
(Tiruvalla Social Service Society)
Bodhisree®
Honey Aushad
Bodhana Bee Nursery
Reg. No.21316151000484
ബോധിശ്രീ
തേൻ ഔഷധ്
Batch No:
Dt.of Pkg :
Exp. Date : 12 Months
Do not keep in Refrigerator
തേൻ ഔഷധ് :
ശരീരത്തിന് ആവശ്യമായ എനർജി നല്കുന്നു.
പനിയും ചുമയും കഫക്കെട്ടും മാറ്റി രോഗപ്രതിരോധശേഷി
വർദ്ധിപ്പിച്ച് ആരോഗ്യം പ്രദാനം ചെയ്യുന്നു.
തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി

Date of Publication: 28-2-2017
Price ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala.
Ph: 0469-2600626. Fax: 0469-2600822

**R.N.I. 35982/80**
**February - March 2017**



## *Wedding*

ആലപ്പുഴ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവകയിൽ വാളക്കുഴി കുര്യൻ ഈപ്പന്റെയും ലിറ്റിയുടെയും മകൻ **പ്രിയനും** ചേർത്തല മുട്ടം സെന്റ് മേരീസ് ഇടവക പള്ളിക്കര ജോയ് ജോസഫിന്റെയും ഷേർളിയുടെയും മകൾ **ഡോ.നൈന**യും തമ്മിലുള്ള വിവാഹം 2017 ജനുവരി 2 ന് കുമ്പളം സെന്റ് ജോസഫ് ദേവാലയ ത്തിൽ വെച്ച് **അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത**യുടെ പ്രധാന കാർമികത്വത്തിലും, വികാരി ഫാ. വർഗ്ഗീസ് മാളിയേക്ക ലിന്റെയും മറ്റ് വൈദികരുടെയും സഹ കാർമ്മീകത്വത്തിലും നടത്ത പ്പെടുകയുണ്ടായി. തിരുവല്ല രൂപതയുടെ ഭാഗ്യ സ്മരണാർഹനായ അഭി. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സഹോദര പുത്രനാണ് വരൻ.

*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*